## ബ്ലാക്ക് ഹോൾ മനുഷ്യൻ കൃത്രിമമായി ഉണ്ടാക്കിയാൽ എന്ത് സംഭവിക്കും.

ഇത് മനുഷ്യന് സാധ്യമാണോ അസാധ്യമാണോ എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല ഇത് സിനിമ പിടിക്കാനുള്ള കഥയുടെ കരട് രൂപവുമല്ല മറിച്ച് ഒരി കാര്യം മനസ്സിലാക്കി തരുവാൻ വേണ്ടിയാണ്. വരുവാൻ ഇരിക്കുന്ന ഈ സങ്കൽപ്പകഥ എഴുതുന്നത്.

ഒരു രാജ്യം മറ്റൊരു രാജ്യത്തിനെതിരായി യുദ്ധത്തിന്റെ ഭാഗമായി 23-ാം നുറ്റാണ്ടിൽ ബ്ലാക്ക് ഹോളിന്റെ ബോംബ് വർഷം നടത്തി. നിമിഷനേരം കൊണ്ട് നഗരത്തിലെ പ്രകാശം അപ്രത്യക്ഷമായി. സൂര്യൻ ഉച്ചിയിൽ പ്രകാശിക്കുന്നുണ്ടെങ്കിലും നഗരത്തിൽ അപ്പോഴും ഇരുട്ടാണ്. വൈദ്യുതവിളക്കുകൾ പ്രവർത്തിക്കുന്നുവെങ്കിലും അവയൊന്നും പ്രകാശിച്ചില്ല. കാരണം പഞ്ചാഗ്നികളിൽ ഒന്നായ ന്യൂട്രോൺ എന്ന അഗ്നി അവയെ വിഴുങ്ങി. പഞ്ചാഗ്നി എന്നു പറയുന്നത് രാസാഗ്നി, വൈദ്യുതാഗ്നി, സൂര്യാഗ്നി, തമോഗർത്താഗ്നി അഥവാ ന്യൂട്രാൺ പ്രേരകാഗ്നി അഥവാ എക്സൈറ്റർ ഇലക്ട്രോൺ ഇവയാണ് പഞ്ചാഗ്നികൾ.ന്യൂട്രോൺ എന്നതും പ്രോട്ടോൺ എന്നതും എക്സൈറ്റർ ഇലക്ട്രോൺ എന്നതും ആധുനിക ശാസ്ത്രസങ്കൽപ്പത്തിലെ സൂക്ഷമഘടകങ്ങളല്ലാ എന്റെ ധാർശനികതയിലെ ഘടകങ്ങൾ മാത്രമാണ്. മദ്ധ്യസൂഷ്മചലനങ്ങളെ എല്ലാം നിഷ്ക്രിയമാക്കി. മദ്ധ്യസൂഷ്മ ചലനം എന്നുപറയുന്നത് റേഡിയോ തരംഗങ്ങൾ മുതൽ കോസ്മിക്ക് തരംഗങ്ങൾ ഇതിലുൾപ്പെടും. ബ്ലാക്ക് ഹോളിന്റെ വളരെ താഴ്ന്ന ഊഷ്മാവ് കാരണം നടന്നുകൊണ്ടിരിക്കുന്ന മനുഷ്യർ നിമിഷനേരം കൊണ്ട് മഞ്ഞുകട്ടയായി. ചിലർ ഇരിക്കുന്ന അവസ്ഥയിലും മരവിച്ചുപോയി. മനുഷ്യശരീരങ്ങൾ ഒന്ന് പതുക്കെ അടിച്ചാൽ ചില്ലുപോലെ പൊട്ടുന്ന അവസ്ഥയിലായിരുന്നു. ചില മനുഷ്യശരീരങ്ങൾ നിലത്ത് വീണുടഞ്ഞു ന്യൂനമർദം മൂലമുണ്ടായ കാറ്റിൽ മരങ്ങളുടെ കൊമ്പുകളും ചില്ലകളും ചില്ലുപോലെ തകർന്ന് വീണു. വളരെ വളരെ താഴ്ന്ന ഊഷ്മാവ് കാരണം വായുപോലും മഞ്ഞുകട്ടയായി. കിലോമീറ്ററോളം വ്യാപിച്ച് കിടക്കുന്ന ബ്ലാക്ക് ഹോളിന്റെ അർദ്ധഗോളത്തിന്റെ കേന്ദ്രഭാഗത്ത് മുകളിൽ നിന്നുള്ള വായുവിന്റെ അതിശക്തിയുള്ള പ്രവാഹം ഭൂമിക്ക് ലംബമായി വരുന്നതിനാൽ മണ്ണും കല്ലുകളും, വൃക്ഷങ്ങളുടെ കൊമ്പുകളും അവിടെ നിന്ന് വൃത്താകാരത്തിൽ ഒഴുകിമാറി. അത് അവിടെ കുന്നുകൂടി. നഗരത്തിന് ചുറ്റും കിലോമീറ്ററോളം വ്യാപിച്ച് നിൽക്കുന്ന ബ്ലാക്ക് ഹോളിന്റെ അർദ്ധഗോളത്തിൽ നിന്നും മഞ്ഞുപുക നഗരത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് ആഞ്ഞുവീശി. ഇതിൽ ജലം മാത്രമല്ല മഞ്ഞുപുകയായത് വാതകങ്ങൾ ഘനിഭീവിച്ചാണ് മഞ്ഞുപുക കൂടുതലും ഉണ്ടായത്. ബ്ലാക്ക് ഹോളിൽ വീശിയടിക്കുന്ന കാറ്റ് ഘനീഭവിച്ച് നിമിഷനേരം കൊണ്ട് ശക്തമായ മഴയും ആരംഭിച്ചു. ഈ മഴയിൽ ഏറ്റവും കൂടുതൽ നൈട്രജനും, ഓക്സിജനും ചേർന്ന മിശ്രിതമായിരുന്നു. മഴയുടെ കൂടെ പൊടിമഞ്ഞായി കാർബൺഡോക്സൈഡും ഉണ്ടായിരുന്നു. നഗരത്തിന്റെ ഒരു വശത്തുനിന്നും ദ്രവരൂപത്തിലുള്ള നൈട്രജനും ഓക്സിജനും നദിപോലെ ഒഴുകി നദിയിൽ ഐസ്കട്ടയുടെ ഒരു പ്രവാഹം തന്നെയുണ്ടായി. ശീത നദി ഒഴുക്കിയ ഇടങ്ങളിലും മരവിച്ച് പോയി നദിയിൽ കുറച്ച് ഭാഗം കാർബൺഡൈയോക്സൈഡിന്റെ ഘനിഭവിച്ച കട്ടകൾ ഒഴുകുന്നുണ്ടായിരുന്നു. ഈ കട്ടകൾ കത്തികൊണ്ട് മുറിക്കാവുന്ന ഫോമിലായിരുന്നു അവ. കുറച്ച് കഴിഞ്ഞപ്പോൾ ബ്ലാക്ക് ഹോൾ ഉണ്ടാക്കിയ ന്യൂനമർദം മൂലം അതിശക്തമായ ജലത്തിന്റെ മഴയും ആരംഭിച്ചു. മഴതുള്ളികൾ മഞ്ഞുതുള്ളികളായി നഗരത്തിൽ വീണു. ഒരു ആഴ്ച കഴിഞ്ഞപ്പോൾ നഗരത്തിന്റെ സ്ഥാനത്ത് ഒരു മഞ്ഞുമല ഉയർന്നുവന്നു. ഒരു മാസം കഴിഞ്ഞപ്പോൾ മഞ്ഞ് ഉരുകിപ്പോയി. നഗരത്തിലെ കെട്ടിടങ്ങളെല്ലാം തകർന്ന് തരിപ്പണമായി. ശവശരീരങ്ങൾക്കായി ബന്ധുജനങ്ങൾ നഗരത്തിലെത്തിയപ്പോൾ അവർ ഞെട്ടിപ്പോയി. ചിലശവശരീരങ്ങൾ കിടന്നിരുന്ന്. നല്ല മൂർച്ചയുള്ള വാളുകൊണ്ട് ശവശരീരത്തിലെ അസ്ഥിയും മാസംസവും മുറിച്ച നിലയിലായിരുന്നു കിടന്നിരുന്നത്. എന്നാൽ അവരുടെ സമീപത്ത് ഒരു മൂർച്ചയുള്ള ആയുധവും കണ്ടില്ല. ഒരു സ്ത്രീ മാറത്ത് അടിച്ചുകൊണ്ട് പറഞ്ഞു ദൈവമെ എന്തിനാണ് മനുഷ്യന് ഇത്രയും ശക്തി കൊടുത്തത്. ബ്ലാക്ക് ഹോളിന്റെ ബോംബ് വർഷം നടത്തിയപ്പോൾ ആർക്കും ഭൂഗുരുത്വമല്ലാതെ തമോഗർത്തഗുരുത്വം ആർക്കും അനുഭവപ്പെട്ടില്ല. സർവ്വതിനേയും ചൂട്ടെരിക്കാൻ കഴിവുള്ളതാണ് അഗ്നി എന്ന് നിങ്ങൾ ധരിച്ചെങ്കിൽ നിങ്ങൾക്ക് തെറ്റി. സർവ്വതിനെയും നിമിഷനേരം കൊണ്ട് ശീതികരിക്കാൻ കഴിവുള്ള അഗ്നിയുമുണ്ട് ബ്ലാക്ക് ഹോൾ കൃത്രിമമായി സൃഷ്ടിച്ചപ്പോൾ പ്രകടമായി കണ്ട ഊർജ്ജം എവിടെപ്പോയിയാണ് മറഞ്ഞത് എന്ന് നിങ്ങൾക്ക് പറയാമോ. എന്റെ ക്ലാസ്സിക്കൽ ഭൗതീകശാസ്ത്രിത്തിൽ മാത്രമെ ഇതിന് ഉത്തരമുള്ളൂ. കോടികൾ മുടക്കി എന്ത് പരീക്ഷണം വേണമെങ്കിലും നിങ്ങൾ നടത്തികൊളൂ. അവസാനം പണിക്കാർ ഉപേക്ഷിച്ച് കളഞ്ഞ കല്ല് മൂലകല്ലായി മാറും അത് തീർച്ച. ബ്ലാക്ക് ഹോളിനെ കുറിച്ചുള്ള കാര്യങ്ങളാണ് ഞാൻ ഇപ്പോൾ പറയുവാൻ പോകുന്നത്. വൈറ്റ് ഹോൾ എനർജിയിൽ നിന്ന് ന്യൂട്രൽ എനർജിയിലേക്ക് ഇൻഹെൽ ട്യൂണിങ്ങ് ആകുമ്പോഴാണ് ബ്ലാക്ക് ഹോൾ എന്ന പ്രപഞ്ചപ്രതിഭാസം ഉണ്ടാകുന്നത്. ന്യൂട്ടറൽ എനർജിയിൽ നിന്ന് എക്സോസ്റ്റ് ട്യൂണിങ്ങ് ആകു

മ്പോഴാണ് വൈറ്റ് ഹോൾ എന്ന പ്രതിഭാസം ഉണ്ടാകുന്നത്. അതായത് നക്ഷ്ത്രങ്ങൾ പ്രകാശിക്കുന്നത് വൈറ്റ് ഹോൾ പ്രതിഭാസം മൂലമാണ്. ന്യൂട്രറൽ എനർജി നിലനിൽക്കുന്ന മണ്ഡലം ന്യൂട്രിക്ക് മണ്ഡലമാണ്. അർദ്ധപ്രകാശോർജ്ജം നിലനിൽക്കുന്ന മണ്ഡലം പ്രോണിക്ക് മണ്ഡലമാണ്. ഈ മണ്ഡലത്തിലാണ്. ഗാമയും കോസ്മിക്ക് സഞ്ചരിക്കുനനത്.പ്രകാശവും താപവും റേഡിയോതരംഗങ്ങളും നിലനിൽക്കുന്ന മണ്ഡലം ഇലണിക്ക് ആണ്. ഊർജ്ജത്തെ ദ്രവ്യമാക്കാനോ ദ്രവ്യത്തിനെ ഊർജ്ജമാക്കാനോ സാദ്ധ്യമല്ല എനന് മനസ്സിലാക്കുക. ന്യൂട്രിക് മണ്ഡലം പ്രപഞ്ചത്തിൽ സർവ്വവ്യാപിയാണ്. ന്യുട്രിക് മണ്ഡലം കോടാനുകോടി കിലോമീറ്റർ ഘനമുള്ള വസ്തുക്കളിൽ വളരെ നന്നായി ലയിച്ചു കാണുന്നു. അതുകൊണ്ട് ഇതിലെ ഊർജ്ജസപ്ദനങ്ങൾക്ക് പ്രപഞ്ചത്തിന്റെ ഏത് മൂലയിലും ചെന്നെത്താൻ കഴിയും. ബ്ലളാക്ക് ഹോളുകളും നമ്മുടെ ഗാലക്സി ഗ്രൂപ്പുകളും പ്രപഞ്ചത്തിന്റെ മൂലയിലെ ഒരു ഭാഗം മാത്രമാണ് അതുകൊണ്ട് നമ്മുടെ ഗാലക്സി ഗ്രൂപ്പുകൾ ബ്ലളാക്ക് ഹോളിന്റെ ഗ്രഹണമേഘലയിൽ നിൽക്കുന്നതിനാൽ ന്യൂട്രറൽ എനർജിയുടെയും വൈറ്റ്ഹോൾ എനർജിയുടേയും വളരെ കൃത്യമായ കണക്ക് എടുക്കാൻ സാധ്യമല്ല കാരണം ബ്ലളാക്ക് ഹോളിന്റെ ഗ്രഹണമേഘലയിലെ പ്രപഞ്ചം മാത്രമാണോ തണുത്തിരിക്കുന്നത് എന്ന് ഞാൻ സംശയിക്കുന്നു. ആയതിനാൽ പ്രപഞ്ചത്തിലെ ആകെ വൈറ്റ്ഹോൾ എനർജിയുടെ അളവ് 10% മാണ് എന്ന് എന്റെ ദാർശനിക കണക്കുകൾ സൂചിപ്പിക്കുന്നു. കാരണം 3% ത്തിന് താഴെയാണ് വൈറ്റ് ഹോൾ എനർജിയെങ്കിൽ വികസിക്കുകയില്ല മറിച്ച് ചുരുങ്ങുകയാണ് എന്ന് അനുമാനിക്കേണ്ടിവരും. പ്രടകാമായ ഊർജ്ജത്തിനെയാണ് വൈറ്റ് ഹോൾ എനർജി എന്നു പറയുന്നത്.

## ***<u>NEUTRAL ENERGY CHART</u>***

NEUTRAL ENERGY FREQUENCY

$3 \times 10^{24}$ ] NEUTRAL COSMIC
$3 \times 10^{26}$ ]

$3 \times 10^{28}$ ] SOLAR NEUTRAL ENERGY GROP
$3 \times 10^{30}$ ]
$3 \times 10^{32}$ ]

$3 \times 10^{34}$ ] GALAXY NEUTRAL ENERGY GROP
$3 \times 10^{36}$ ]
$3 \times 10^{38}$ ]

$3 \times 10^{40}$ ] UNIVERSEL NEUTRAL GROP
$3 \times 10^{43}$ ]

IT IS ONLY PHILOSOHICAL VISION

## ***<u>അടുപ്പം</u>***

പിച്ചളകുടവും മൺകുടവും നദിയിലൂടെ ഒഴുകിപോകുകയായിരുന്നു. അപ്പോൾ പിച്ചളകുടം പറഞ്ഞു കുറെ നേരമായി നമ്മൾ നദിയിലൂടെ ഒഴുകയാണല്ലോ നമ്മൾ ഇപ്പോൾ സുഹൃത്തുക്കളുമായി അപ്പോൾ നമുക്ക് അടുത്ത് അടുത്ത് സഞ്ചരിക്കാം. അപ്പോൾ മൺകുടം പറഞ്ഞു. നമ്മൾ കൂടുതൽ അടുത്ത് സഞ്ചരിച്ചാൽ നീ എന്റെ മേൽ വന്ന് ഇടിച്ചാലോ ഞാൻ നിന്റെ മേൽ വന്ന് ഇടിച്ചാലോ ഞാൻ തകർന്നുപോകും അതുകൊണ്ട് നമ്മുക്ക് അൽപ്പം അകലം പാലിച്ച് നിന്നാൽ മതി. നമ്മൾ തമ്മിൽ അടുപ്പത്തിന്റെ അകലം പാലിച്ച് നിന്നാൽ നമ്മുടെ സൗഹൃദം നിലനിൽക്കും ഈ സോപ്പുകഥയിൽ നിന്നുള്ള ആശയമാണ് ഇത്.

ജോതിഷശാസ്ത്രആശയങ്ങളും മനശാസ്ത്രവുമായി ബന്ധപ്പെടുത്തി വായിക്കുമ്പോൾ അടുപ്പത്തെയും അകലത്തെയും കുറിച്ച് ഒരു മനശാസ്ത്രകാഴ്ചപ്പാട് ഉണ്ടാകുന്നു. ഓരോ ശാസ്ത്രത്തിനും അതിന്റെതായ ഒരു കാഴ്ചപ്പാട് ഉണ്ടായിരിക്കും. ജോതിഷത്തിന് അതിന്റെ തലത്തിലും ജോതിശാസ്ത്രത്തിന് അതിന്റെ തലത്തിലും മനശാസ്ത്രത്തിന് അതിന്റെ തലത്തിലും കാഴ്ചപാട് ഉണ്ടായിരിക്കും. മനശാസ്ത്രത്തിന്റെ കാഴ്ചപ്പാടാണ് ഇതിൽ

വ്യക്തമാക്കുന്നത്.

നിന്റെ അടുപ്പം ധൂമകേതുവിനെപോലെ ആകാതിരിക്കുക കാരണം അധികം അടുത്താൻ കുടൂതൽ അകലും മാത്രമല്ല ചിലപ്പോൾ അപകടവും സംഭവിക്കും. നിന്റെ അടുപ്പം ബുധനെപോലെ ആയിരിക്കുക. അതായത് ബുദ്ധിയുള്ളവനെപോലെ ആയിരിക്കുക. നിന്റെ അടുപ്പം ശുക്രനെപോലെ ആയിരുന്നാൽ നന്ന് കാരണം നിനക്ക് എപ്പോഴും ശുക്രവാസ്ഥയിലായിരിക്കും. നിന്റെ അടുപ്പം ഭൂമിയെപോലെയായിരുന്നാൽ നിന്നിലെ ആന്തരിക കഴിവുകൾ വളരും. നിന്റെ അടുപ്പം ചൊവ്വയെപോലെ ആകാതിരിക്കുക. കാരണം നിന്നിൽ എന്തൊക്കെയുണ്ടെന്ന് നിനക്ക് തോന്നുകയും മറ്റുള്ളവർക്ക് തോന്നുകയും ചെയ്യും. കാരണം നീ ഭൂമിയിലൂടെ അടുത്താണ് നിൽക്കുന്നത്. ഇത്തരകാരിൽ ആന്തരികകഴിവുകൾ ഒന്നും തന്നെയുണ്ടായിരിക്കുകയില്ല.അവരിൽ എന്തൊക്കെയുണ്ട് ഭാവിക്കുക മാത്രമാണ് ചെയ്യുക. അവരിൽ അധമസ്വഭാവമായിരിക്കും പ്രകടമാക്കുക ഇവർ അന്തർമുഖമായിരിക്കുന്നതിനാൽ തമോഗുണങ്ങളാണ് ഇവരിൽ കാണുക. സ്വന്തമായി ഒരു അഭിരുചി ഉണ്ടായിരിക്കുകയില്ല എന്നാൽ തൊട്ടടുത്ത് ഏതെങ്കിലും മേഖലയിൽ അഭിരുചി ഉള്ളവരെ ഇവർ അനുകരിക്കാൻ ശ്രമിക്കും. ഒന്നാമനാവാൻ കഴിയാതെ വരുമ്പോൾ ഇവരിൽ വിഷാദരോഗം ഉണ്ടാകാറുണ്ട്. അല്ലെങ്കിൽ അഭിരുചിയുള്ളയാളെ അപായപ്പെടുത്താൻ ശ്രമിക്കുകയോ അഭിരുചി ഉള്ള ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ നശിപ്പിക്കാൻ ശ്രമിക്കും. ഭൂമിയുടെ അടുപ്പം കാണിക്കുന്നവരാണ് അഭിരുചിയുള്ള വ്യക്തികൾ ഇവർ ഒരുതരത്തിൽ അന്ധർമുഖർ ആയിരിക്കും എങ്കിലും കലയുടേയും ശാസ്ത്രത്തിന്റേയും വിലനിലങ്ങളാണ് ഇത്തരം വ്യക്തികൾ. മാത്രമല്ല ചൊവ്വാക്ക് ഭൂമിയോടും ശുക്രനോടും ബുധനോടും വ്യാഴത്തോടും ശനിയോടും ഒരേ സമയം അടുപ്പമുണ്ട്. അതൊന്നും ആഴത്തിൽ ഉള്ളതല്ല അതുതന്നെയാണ് ചൊവ്വാദോഷം എന്ന് പറയുന്നത്. അതുകൊണ്ട് ചൊവ്വക്ക് ചൊവ്വ മാത്രമെ ചേരൂ. നിന്റെ അടുപ്പം വ്യാഴത്തെപോലെ ആകാതിരിക്കുക കാരണം വ്യാഴത്തിന്റെ അന്തരീക്ഷം ശക്തിയെറിയ ചുഴലിക്കാറ്റുകൾ നിറഞ്ഞതാണ് ഭൂമിയുടെ അത്രം വലിപ്പമുള്ള നോൺസ്റ്റോപ്പ് ചുഴലിക്കാറ്റ് വ്യാഴത്തിൽ ആഞ്ഞ് അടിക്കുന്നു. വ്യാഴത്തിൽ ചുവന്നപൊട്ടിന്റെ ആകൃതയിൽ കാണുന്നത് അതാണ്. ഇത് പ്രക്ഷുബ്ധമായ മനുഷ്യമനസ്സിനെ സുചിപ്പിക്കുന്നു. നിന്റെ അടുപ്പം ശനിയെപോലെ ആകാതിരിക്കുക കാരണം ശനി തമോവലയങ്ങൾ നിറഞ്ഞ ഗ്രഹമാണ്. മാത്രവുമല്ല ശനി സൂര്യനോട് കൂടുതൽ അകലെയാണ്. ശനിയെക്കാൾ അകന്ന ഗ്രഹങ്ങൾ ദോഷമുണ്ടാക്കുന്നില്ല കാരണം സൂര്യന്റെ ദൃഷ്ടിയിൽ അവയെ കാണുന്നില്ല. അറിയപ്പെടാതെ നിൽക്കുന്നതുകൊണ്ട് ദോഷമുണ്ടാക്കുന്നില്ല.

## കടലിനടിയിലും ഭൂമിയല്ലേ

ഭൂമിയിൽ ജലമാണോ ഭൂമിയാണോ കുടൂതൽ എന്ന ചോദ്യം ആരെയും കുടുക്കുന്ന ചോദ്യമാണ്. റഷ്യയിലെ ചില ശാസ്ത്രജ്ഞൻമാർ ഭൂമിയെ പതിനാറ് കിലോമീറ്റർ കുഴിച്ചുനോക്കി. കുഴൽകിണർ രൂപത്തിലാണ് കുഴിച്ചത്. ഭൂമിയുടെ ഉൾഭാഗത്ത് പോകുംതോറും ചൂട് കൂടുന്നതായും ഈർപ്പം കുറയുന്നതായും അവർ കണ്ടെത്തി. പിന്നീട് ആ മേഘലയിൽ ഗവേഷണങ്ങൾ പുരോഗമിച്ചില്ല. പിന്നീട് അത് വിസ്മൃതിയിൽ ആണ്ടുപോയി. അതുകൊണ്ട് അത്തരം കാര്യങ്ങൾ ഗുഗിൾ പോലും വെളിപ്പെടുത്തുന്നില്ല. ഭൂമിയിൽ ആകെ 2% മാത്രമേ ജലമുള്ളൂ എങ്കിലും ഭൂമിയിൽ കരയെക്കാൾ കുടൂതൽ കടലാണ്. കടലിന്റെ കൂടിയ ആഴം 11.5 കിലോമീറ്ററാണ്. സമുദ്രനിരപ്പിൽ നിന്ന് ഭൂമിയുടെ കൂടിയ ഉയരം 8 കിലോമിറ്ററാണ്. അത് എവറസ്റ്റ് ആണ്. എവറസ്റ്റ് ആഴകടലിൽ മുങ്ങിപോകും എന്നത് ശരി തന്നെ. പക്ഷേ അത് പലതിലും തെറ്റായ ധാരണയുണ്ടാക്കി. ഭൂമിയിൽ സമുദ്രം ഇല്ലായിരുന്നെങ്കിൽ താഴ്ത്തട്ടിൽ നിന്ന് 20 കിലോമീറ്റർ ഉയരം എവറസ്റ്റിന് ഉണ്ടാകുമായിരുന്നു. 6318.16 കിലോമീറ്ററാണ് ഭൂമിയുടെ കേന്ദ്രഭാഗത്തെക്കുള്ള ദൂരം. ഭൂമിയിൽ നാലിലൊനന് ഭാഗം ദ്രവക അവസ്ഥയിലാണ്. അതായത് ലിക്വുഡ് സ്റ്റേജിലാണ്. ഭൂമിയിലെ ജലവും ഉൾപ്പെടുത്തിയാണ് ഈ അളവ് ഐസ് ഇതിൽ ഉൾപ്പെടുന്നില്ല. നാലിൽ മറ്റൊരു ഭാഗം കേക്ക് ഫോമ് ആണ്. മറ്റൊരു ഭാഗം ലെഡ് ഫോമാണ്. മറ്റൊരു ഭാഗം സോളിഡ് ഫോമാണ്. ഇത് ഭൂമിയുടെ 3000 കിലോമീറ്റർ താഴ്ത്തട്ടിൽ നിന്ന് ആരംഭിക്കുന്നു. ഭൂമിയുടെ കേന്ദ്രഭാഗത്തെ ചൂടാണ് കേക്ക് ഫോമും, ലിക്വുഡ് ഫോം ഉണ്ടാകാൻ കാരണം. ഭൂമിയുടെ ഉൾഭാഗത്തെ ചൂടിന് കാരണംഎന്താണ് എന്നതിന് വ്യക്തമായ ധാരണ ആധുനിക ശാസ്ത്രത്തിന് ഇല്ല. എന്നാൽ എന്റെ സിദ്ധാന്തങ്ങളിൽ അതിന് വ്യക്തമായ ധാരണയുണ്ട്. അത് എന്റെ സിദ്ധാന്തങ്ങളിൽ വ്യക്തമാണ്. ഭൂമിയുടെ 300 കിലോമീറ്റർ താഴെ ജലത്തിന്റെ ഒരു

അംശം പോലുമില്ല. ഭൂമിയുടെ ഉള്ളിലെ ചൂട് മൂലമുണ്ടാകുന്ന മർദ്ധമാണ് പുറമെ വായുവിനെയും സമുദ്ര ത്തെയും നിലനിർത്തുന്നത്. ഭൂമിയുടെ ഉൾഭാഗം തണുക്കാൻ ഇടയായാൽ ഭൂമി ചന്ദ്രനെപോലെ വായുവി ല്ലാത്ത ഗ്രഹമായിത്തീരുന്നു. എന്ന് ഞാൻ 6-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ പറഞ്ഞീട്ടുണ്ട്. എന്നാൽ കാലങ്ങൾ കഴിഞ്ഞിട്ടും ഇന്നത്തെ ശാസ്ത്രജ്ഞൻമാർ അത് മനസ്സിലാക്കിയിട്ടില്ല. എങ്കിലും ഭൂമിയിലെ ജലത്തിനെപറ്റി വ്യക്തമായ ധാരണയുണ്ട്. അതാണ് പാതിമുറിച്ച ഭൂമിയുടെ ചിത്രത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്. ഭൂമി യുടെ കേന്ദ്രഭാഗത്താണ് ഭാരം കൂടിയ പദാർത്ഥങ്ങൾ കൂടുതലുള്ളത്. അതുകൊണ്ട് ഭാരം കൂടിയ പദാർത്ഥ ങ്ങൾ ഇനിയും മനുഷ്യൻ കണ്ടെത്താനുണ്ട്. ഭാരം കൂടിയ പദാർത്ഥങ്ങൾ അധികവും വിഷമാണ്. മനുഷ്യൻ കണ്ടെത്തിയ ഭാരം കൂടിയ പദാർത്ഥങ്ങൾ അധികവും 4000 കിലോമീറ്റർ താഴെ അധികമായി കാണപ്പെടു ന്നു. മെർക്കുറി, തങ്കം, ലെഡ് എന്നിവ 4000 കിലോമീറ്റർ താഴെ അധികമായി കാണുന്നു.ഇരുമ്പ്, വെള്ളി, എന്നിവ അതിന് മുകളിലാണ് കാണുന്നത്. അതുകൊണ്ട് ഭൂമിയുടെ കേന്ദ്രഭാഗത്ത് ഇരുമ്പ് വളരെ കുറവാണ് എന്ന് പറയാം. അയേൺ കോറാണ് ഭൂമിയുടെ കേന്ദ്രഭാഗത്ത് ഉള്ളത് എന്ന് ആധുനികശാസ്ത്രം പറയുന്നത് അതിനോട് ഞാൻ യോജിക്കുന്നില്ല. സാന്ദ്രത കൂടുയ പദാർത്ഥങ്ങൾ ഭൂമിയുടെ കേന്ദ്രഭാഗത്തേക്ക് പോയത് ഗ്രഹസൃഷ്ടി നടന്നപ്പോൾ സ്വാഭാവികമായി പോയതാണ്. പ്രളയകാലത്തും ഭൂമിയുടെ ഉള്ളിലെ സാന്ദ്രത കൂടിയ പദാർത്ഥങ്ങൾ പുറത്ത് വരാറില്ല. അതായത് കേന്ദ്രഭാഗത്ത് ഉള്ളത് മാത്രം. ഭൂമിയുടെ കേന്ദ്രഭാഗത്തെ കോറിന് മാറ്റങ്ങൾ ഉണ്ടായാൽ ഭൂമിയുടെ ഭ്രമണവേഗതക്ക് മാറ്റങ്ങൾ ഉണ്ടാകും. കൽപ്പ പ്രളയകാലത്ത് മാത്രമെ കോറിന് മാറ്റങ്ങൾ ഉണ്ടാകൂ.

## ഡ്രഗ് മാജിക് രണ്ടാം ഭാഗം

മദ്യപാനികളെ തടവിനിടുകയും പൂട്ടിയിടുകയും ചെയ്യാത്ത അപൂർവ്വം ചില കേന്ദ്രങ്ങൾ കേരളത്തി ലുണ്ട് മരുന്നും മർദ്ദനവുമില്ലാതെ മദ്യപാനം നിർത്താനാകുന്ന അപൂർവ്വതയാണ്. അപൂർവ്വം ചില കേന്ദ്രങ്ങൾ വച്ചുനീട്ടുന്നത് അത്തരം കേന്ദ്രങ്ങൾ കണ്ടെത്തി ചികിത്സ നടത്തുന്നതാണ് ഉചിതം. ഒരു മദ്യപാനി ഒരിക്കലും നഷ്ടപ്പെടുത്താത്ത ഒന്നേയുള്ളൂ. അവന്റെ ഈഗോ അതുതന്നെയാണ് അവന്റെ സർവ്വനാശത്തിനുള്ള ഹേതു. ഈഗോയുടെ പാരമ്യതയിൽ നിൽക്കുന്ന മദ്യപാനിയെ ഡി അഡിക്ഷൻ സെന്ററിന്റെ നാലു ചുവരുകൾക്കുള്ളിൽ അടച്ചിടുന്നതോടെ അതു ചങ്ങല പൊട്ടിക്കും അതുകൊണ്ട ബോധവൽക്കരണമാണ് ഏറ്റവും നല്ല ചികിത്സ.

180 മില്ലി ബ്രാണ്ടിയിൽ ഏകദേശം 65 ഗ്രാം ആൽക്കഹോൾ ഉൾക്കൊള്ളുന്നു. അതായത് 28% ആൽക്ക ഹോൾ ബ്രാണ്ടിയിൽ ഉണ്ടായിരിക്കും. ബാക്കിയുള്ളത് വെള്ളവും കളറുമായിരിക്കും. ബീറിൽ 7% ആൽക്ക ഹോൾ അടങ്ങിയിരിക്കുന്നു. കള്ളിൽ 6%, വൈനിൽ 7% മുതൽ 12% വരെയും വൈനിന്റെ വീര്യം കൂട്ടുമ്പോൾ ഇതിലും കൂടുതൽ ആൽക്കഹോൾ ഉൾക്കൊള്ളുന്നു. ബീയർ, വെയിൽ, കള്ള് എന്നിവ ഒരു തരം വാഷ് ആണ്. ഇതിൽ പഴയസത്തും, ധാന്യസത്തും, പോഷകലവണങ്ങളും അടങ്ങിയിരിക്കുന്നു. മാത്രമല്ല ശരീരത്തിന് ആവ ശ്യമായ മറ്റു ഘടകങ്ങളും ഇത്തരം വാഷുകളിൽ അടങ്ങിയിരിക്കുന്നു. ബീയർ, വൈൻ, കള്ള് എന്നിവയിലെ ആൽക്കഹോൾ മാത്രമേ ശരീരത്തിന് ദൂഷ്യം ചെയ്യുന്നുള്ളൂ. ആൽക്കഹോൾ നീക്കിയ ബീയർ, വൈൻ എന്നിവ വിദേശരാജ്യങ്ങളിൽ ലഭ്യമാണ്. ഇപ്പോൾ ഇതെല്ലാം നമ്മുടെ രാജ്യത്തിലും ലഭ്യമാണ്. ആൽക്കഹോൾ നീക്കിയ വാഷുകളെ ഡ്രൈവാഷ് എന്നാണ് ഞാൻ വിളിക്കുന്നത്. ഡി മോസ്റ്ററെസർ ആൽക്കഹോളാണ് പെട്രോളിന്റെ കൂടെ ഉപയോഗിച്ച് ഇന്ധനമായി ഉപയോഗിക്കുന്നത്. ആൽക്കഹോൾ ഇന്ധനമായും ഉപയോഗിക്കുന്ന കാര്യ ത്തിൽ ലോകത്തിൽ മുന്നിട്ട് നിൽക്കുന്ന രാജ്യം ബ്രീസിലാണ്. ബ്രസീലിൽ കരിമ്പ് വളരെ കുറഞ്ഞ ഒരു സസ്യം ആയതിനാൽ അതിൽ നിന്നുള്ള ആൽക്കഹോൾ നിർമ്മാണം ലാഭകരമാണ്. അവിടുത്തെ 80 ശതമാനം വാഹ ങ്ങളും ആൽക്കഹോൾ ഉപയോഗിച്ചാണ് ഓടുന്നത്. ആൽക്കഹോൾ നീക്കിയ ബീയർ, വൈൻ എന്നിവയെ ഡ്രൈ വാഷ് എന്നു പറയാം. ആൽക്കഹോൾ ശരീരത്തിനുള്ളിൽ സൂക്ഷിക്കപ്പെടാൻ കഴിയുന്നതല്ല. അതിനെ വിഘടി പ്പിക്കുന്ന ഓക്സിഡേഷൻ മുഖ്യ പങ്കുവഹിക്കുന്നത് കരളാണ്. ഓക്സിഡേഷൻ മൂലമുണ്ടാകുന്ന ഊർജ്ജം ശരീരത്തിലെ യാതൊരു പ്രവർത്തനങ്ങളേയും സഹായിക്കുന്നില്ല എന്നുള്ളതാണ്. മറ്റൊരു വസ്തുത ഗ്ലൂക്കോസ് തന്നെയാണ് ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളേയും സഹായിക്കുന്ന ഊർജ്ജഘടകം. ആൽക്കഹോളിന്റെ

ഓക്സിഡേഷൻ മൂലം താപം പുറത്തുവിടും എന്നല്ലാതെ മറ്റൊരു ഗുണവുമില്ല. ശരീരകോശങ്ങൾ ഒരു ഉത്തേജനമുണ്ടെങ്കിൽ മാത്രമേ പ്രവർത്തിക്കു എന്ന നില വരുന്നു. ആരോഗ്യവാനായ ഒരാളിൽ പരമാവധി 160 - 180 ഗ്രാം വരെ മാത്രമേ ആൽക്കഹോൾ ഒരു ദിസം ഓക്സിഡേഷൻ ചെയ്യപ്പെടുന്നുള്ളൂ. മദ്യം ഉപയോഗിച്ച് മൂന്ന് മുതൽ 7 ദിവസങ്ങൾക്കുള്ളിൽ കരൾകോശങ്ങളിൽ കൊഴുപ്പിന്റെ കണികകൾ പ്രത്യക്ഷപ്പെടുന്നതാണ്. ഇത് കരളിന് വിക്കമുണ്ടാക്കുകയും രോഗങ്ങളുടെ ആരംഭം കുറിക്കുന്നു. ആൽക്കഹോളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് കരൾ കോശങ്ങൾ കൊഴുപ്പിന്റെ പടച്ചടയണിയുന്നത്. പടച്ചട്ടയണിഞ്ഞ കരൾ കോശങ്ങൾ പടച്ചട്ട ഉരുകയില്ല. കരളിലെ കോശങ്ങൾ മാത്രമല്ല കൊഴുപ്പിന്റെ പടച്ചട്ടയണിയുന്നത് ശരീരത്തിലെ എല്ലാ കോശങ്ങൾക്കും ഈ സ്വഭാവമുണ്ട്. അതുകൊണ്ട് മദ്യപാനികളിൽ 70% പേരിൽ ആൽക്കഹോളിക്ക് ഫേറ്റ് എന്ന അനാവരാഗോയകരമായ തടി കാണപ്പെടുന്നു. കാണാൻ നല്ല ചന്തമുണ്ടാകുമെങ്കിലും ഈ തടിയ വിഢ്ഢിസമൂഹം പ്രോൽസാഹിപ്പിക്കുന്നു. ഇടവിട്ട് കുടിക്കുന്നവരിലല്ല ഈ പ്രതിഭാസം കാണുന്നത് സ്ഥിരമായി ഒരു പ്രത്യേക അളവ് നിലനിർത്തികൊണ്ട് കഴിക്കുന്നവരിലാണ്. ഒരു പ്രത്യേക അളവ് എന്നത് ഓരോ വ്യക്തിയിലും വ്യത്യാസപ്പെട്ടിരിക്കും. അത് ആപേക്ഷികമാണ്. കാരണം ചിലർ പറയും ഒരു പെഗ്ഗ് സ്ഥിരമായി കഴിച്ചാൽ കുഴപ്പമില്ല. മറ്റൊരാൾ പറയും രണ്ട് പെഗ്ഗ് കഴിച്ചാൽ കുഴപ്പമില്ല ഡോക്ടർ 2 പെഗ്ഗ് വരെ കഴിച്ചോളാൻ പറഞ്ഞിട്ടുണ്ട്. ചിലർ പറയും മൂന്ന് പെഗ്ഗ് വരെ സ്ഥിരമായി കഴിക്കാം. കുഴപ്പമില്ല ഞാൻ സ്ഥിരമായി കഴിക്കുന്നതല്ലെ. എന്നെ നിങ്ങൾക്ക് വിശ്വാസമില്ലെ എന്നൊക്കെ പറയും. തടിവെക്കാൻ മദ്യം കഴിക്കാൻ പ്രേരിപ്പിക്കുന്നു. സർവ്വസാധാരണമായി ഉപയോഗിക്കുന്ന എല്ലാ ലഹരികളും കൂടുതൽ ഉപയോഗിച്ചാൽ വിശപ്പ് കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്തുകൊണ്ടാണ് വിശപ്പ് കുറയുന്നത് എന്നതിന് കാര്യകാരണങ്ങൾ കണ്ടെത്തിയിട്ടില്ല. ലഹരികൾ പോഷകവസ്തുക്കൾ അല്ല എന്ന് അറിയാമല്ലോ. പോഷണവസ്തുക്കളിൽ നിന്ന് വിഘടിച്ച് പുറത്ത് വരുന്ന വസ്തുവാണ് ആൽക്കഹോൾ. പോഷണവസ്തുക്കളെ സൂഷ്മ ജീവികൾ വിഘടിപ്പിക്കുമ്പോഴാണ് ആൽക്കഹോൾ ഉണ്ടാകുന്നത്. സൂഷ്മാണുക്കളുടെ യൂറിയാണ് ആൽക്കഹോൾ എന്ന് പറയാം. ആദ്യകാലങ്ങളിൽ പോഷണവസ്തുക്കൾ തരുന്നതിനെക്കാൾ ഊർജ്ജം ലഹരികൾ തരുന്നതായി തെറ്റിധരിക്കപ്പെട്ടിരുന്നു. ഈ തെറ്റിധാരണ കൂടുതൽ കുടിയന്മാരെ സൃഷ്ടിച്ചു. ലഹരി ശരീരത്തിന്റെ സ്വാഭാവികപ്രതിരോധശേഷിയെ നശിപ്പിക്കുന്നു. അതുകൊണ്ട് പുറമെ നിന്ന് രോഗങ്ങൾ ബാധിക്കാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു. മാത്രമല്ല ശരീരത്തിന്റെ ധർമ്മ വ്യവസ്ഥകളെ ബാധിക്കുകയും ശരീരത്തിനുള്ളിൽ തന്നെ രോഗം ഉൽഭവിക്കുകയും ചെയ്യുന്നു. കരൾ വീക്കം, ക്യാൻസർ തുടങ്ങിയവയാണ് ലഹരി കഴിച്ച് രോഗം വരുത്തി ചികിത്സിക്കുന്നതിലും ഭേതം ലഹരി കഴിക്കാതെ ഇരിക്കുന്നതാണ് നല്ലത്. ആരോഗ്യമുള്ളപ്പോൾ ഒരു കുപ്പിയിലും അധികം കഴിച്ച് ശീലിച്ചവർക്ക് ആരോഗ്യം പെട്ടെന്ന് ക്ഷയിക്കുന്നു. പ്രകൃതിയിൽ കിട്ടുന്ന പുളിയുള്ള ലഹരി വസ്തുക്കൾ അപകടകരമല്ലെന്ന് തോന്നാം അതാണ്കൂടുതൽ അപകടം കാരണം പുള്ളിയുള്ള ലഹരി വസ്തുക്കൾ ലഹരി കുറയ്ക്കുന്നതുകൊണ്ട് നാം ആൽക്കഹോൾ കുടൂതൽ കഴിക്കുന്നു. അങ്ങനെ കൂടുതൽ ആൽക്കഹോൾ ചെന്ന് ചെന്ന് ആവസാനം ഒരു പെഗ്ഗ് പോലും കഴിക്കാൻ പറ്റാത്ത അവസ്ഥയിൽ എത്തുന്നു. മദ്യം എത്ര കഴിച്ചാലും എനിക്ക് കുഴപ്പമില്ല എന്ന് വീരവാചകം അടിക്കുന്നവർ സൂക്ഷിക്കുക അത് നിങ്ങളുടെ സ്റ്റാമിന കൊണ്ടല്ല എന്ന് മനസ്സിലാക്കുക. സ്റ്റാമിനയെപറ്റി സിനിമകളിലും അതിശയോക്തി കലർന്ന ചിത്രീകരണങ്ങളാണ് കാണിക്കുന്നത്. അത് കണ്ട യുവാക്കൾ വഴിതെറ്റുന്നു എത് ആരോഗ്യമില്ലാത്ത വ്യക്തിക്കും മദ്യം പടിപടിയായി ഉയർത്തി രണ്ട്കുപ്പി മദ്യത്തിൽ എത്താൻ കഴിയും. ഇപ്പോൾ മനസ്സിലായിലെ അത് നിങ്ങളുടെ സ്റ്റാമിന കൊണ്ടല്ല എന്ന്. ചായ ഒരു ഉത്തേജന വസ്തുവാണ് എന്നാണ് 19 വയസ്സുവരെ ഞാൻ തെറ്റിധരിച്ചിരുന്നത്. ചായ കൂടിക്കാതെ ഇരുന്നാൽ എന്ത് സംഭവിക്കും എന്ന് ഞാൻ പരീക്ഷിച്ചു നോക്കി. ചായകുടിക്കാൻ സമയമയപ്പോൾ കടുത്ത തലവേദന അനുഭവപ്പെട്ടു. മമ്മി എന്നോട് നീ ചായ കുടിച്ചിലല്ലോ ചായ എന്റെ മുന്നിലേക്ക് വച്ച് നീട്ടി. ഞാൻ വേണ്ട എന്നു പറഞ്ഞു. ഒരു പരീക്ഷണം നടത്തികൊണ്ടിരിക്കുയാണ് എന്ന് മമ്മി അറിഞ്ഞില്ല.തലവേദനക്ക് മറ്റു മരുന്നുകൾ തേടാൻ ശ്രമിച്ചു. അവസാനം ചായ വേണ്ടെന്ന് വെച്ച സ്ഥിതിക്കി വേറെ മരുന്നുകളുടെ പിന്നാലെ പോകാൻ എന്റെ മനസ്സ് സമ്മതിച്ചില്ല . പ്രാഥമിക കൃത്യങ്ങൾ ഒന്നും ചെയ്യാൻ സാധിച്ചില്ല. ചായ നിർത്തയ ദിവസം ഉറക്കം വരാനും ബുദ്ധിമുട്ട് ഉണ്ടായി. രണ്ട് ദിവസം കഴിഞ്ഞപ്പോൾ തലവേദന എല്ലാം മാറി കാലത്തെ പ്രാഥമിക

കൃത്യങ്ങൾ ചെയ്യാൻ ഒരു ഗ്ലാസ് വെള്ളം മാത്രം മതിയായിരുന്നു. വെറും വെള്ളം കുടിച്ചപ്പോൾ ചായ കുടിച്ചപ്പോൾ ഉണ്ടായ ഉത്തേജനമുണ്ടായി. അന്ന് രാത്രി വളരെ വേഗം ഉറക്കം വന്നതിനാൽ നേരത്തെ ഉറങ്ങി വളരെ വൈകി യാണ് എണീറ്റത്. രണ്ട് ദിവസത്തെ ഉറക്കത്തിന്റെ കടമുണ്ടായിരുന്നു. പീന്നിടുള്ള എല്ലാ ദിവസവും ഉൻമേഷ ത്തോടുകൂടിയാണ്. ഏണീറ്റത്. അതിന് ഒരു ചായയുടെ ആവശ്യം വന്നില്ല. ചായ കുടിച്ച് ശീലിച്ചതുകൊണ്ടാണ് ചായ കുടിക്കാതെ ദിനചര്യകൾ ചെയ്യാൻ സാധിക്കാതെ വരുന്നത് എന്ന് എനിക്ക് മനസ്സിലായി. ഇതുപോലെ തന്നെയാണ് എല്ലാം ഉത്തേജനവസ്തു എന്നു പറയപ്പെടുന്ന എല്ലാ വസ്തുക്കളും എന്ന് എനിക്ക് മനസ്സിലായി. ഉത്തേജനമുണ്ടാക്കും  എന്നതു ശരി തന്നെ. അത് ആദ്യദിവസം മാത്രം. അത് ആ വ്യക്തിയിൽ  ഒരു തെറ്റിധാര ണയുണ്ടാക്കുന്നു. അങ്ങിനെ അത് ഒരു ഉത്തേജനവസ്തുവായി മാറുന്നു. അങ്ങിനെ എല്ലാവരും ഉത്തേജന വസ്തു കഴിച്ച് അത് കഴിക്കാതെ ജീവിക്കാൻ പറ്റില്ല എന്ന അവസ്ഥയിൽ എത്തുന്നു. ഇതാണ് ലോകത്തിന്റെ അവസ്ഥ. എനിക്ക് ചായ നിർത്താൻ രണ്ട് ദിവസം സമയം വിശ്രമിക്കേണ്ടി വന്നുള്ളൂ. മൂന്നാം ദിവസം ചായ യുടെ അടിമത്വത്തിൽ നിന്ന് ഞാൻ ഉയർത്തെഴുന്നേറ്റു. ശരീരം എപ്പോഴും ഉത്തേജന അവസ്ഥയിൽ നിലകൊ ള്ളുകയില്ല. സ്വഭാവിക അവസ്ഥയിൽ മാത്രമേ ശരീരം നിലകൊള്ളുകയുള്ളൂ. അത് ഓർക്കുക അതുപോലെ തന്നെ ശരീരം എപ്പോഴും ഋണാവസ്ഥയിൽ നിലകൊള്ളുകയില്ല. അതായത് ഉത്തേജനരഹിത അവസ്ഥയിൽ നിലകൊള്ളുകയില്ല.

***<u>ഡ്രഗുകളെ ആറായി തരം തിരിക്കാം.</u>***

നിദ്രകങ്ങൾ
ശമനകങ്ങൾ
ഉത്തേജകങ്ങൾ
ശമനവിരോധികൾ
വിഭ്രമജനകങ്ങൾ
ഋണകങ്ങൾ

ഋണകങ്ങൾ ഉത്തേജനത്തിന് പകരം നിരുത്തെജനമുണ്ടാക്കുനനു. ഉറക്കത്തിന് വേണ്ടി ഉറക്കഗുളികൾ കഴിക്കുന്നത് ഋണഉത്തേജകങ്ങളായിട്ടാണ് ഉപയോഗിക്കുന്നത്. അത് കഴിച്ച് ശീലിച്ചാൽ അതില്ലാതെ ഉറങ്ങാൻ കഴിയുകയില്ല. ഈ ശീലങ്ങൾ നമ്മുക്ക് മനശക്തിയുണ്ടെങ്കിൽ മാറ്റി എടുക്കാവുന്നതെയുള്ളൂ. ഒരു ഉറക്കഗുളി കയിൽ നിന്ന് തുടങ്ങി പത്ത് ഗുളിക കഴിച്ചാലും ഉറങ്ങാൻ കഴിയാത്ത അവസ്ഥയുണ്ട്. ഉറക്കഗുളികകൾ കഴി ച്ചാൽ നാം ഉറക്കത്തിന്റെ കടക്കാരനായി മാറുന്നു. നാം എത്ര ഉറക്കഗുളികൾ കഴിച്ചിട്ടുണ്ടോ അവ കഴിക്കാതെ ഇരുന്ന് ഉറങ്ങാതെ ഇരുന്ന് ഉറക്കത്തിന്റെ കടം തീർക്കണം. അപ്പോൾ നമ്മുക്ക് സ്വഭാവിക ഉറക്കം തിരിച്ച് കിട്ടും. ഉറക്കഗുളികയുടെ പാർശ്വഫലത്തിന്റെ ശക്തിയിൽ ശരീരത്തിൽ അനാരോഗ്യവസ്ഥ ഉണ്ടാക്കുന്നു. മാത്രമല്ല കാശും നഷ്ടം ഉറക്കഗുളിക കഴിക്കുന്ന ശീലം ഇല്ലാതാക്കാൻ ബുദ്ധിമുട്ടുകൾ സഹിക്കാൻ നാം തയ്യാറാവണം. മനോ രോഗത്തിന് കൊടുക്കുന്ന പലമരുന്നുകളും ഋണസ്വഭാവം ഉള്ളവയാണ്. എങ്കിലും അവയുടെ പ്രവർത്തനം വളരെ സാവധാനത്തിലാണ് എന്നാൽ മരുന്ന സ്ഥിരിമായി കഴിക്കുന്ന വ്യക്തിയിൽ രണ്ട് മാസം കൊണ്ട് ശരീരം പഴയ അവസ്ഥ പ്രാപിക്കുന്നു. അപ്പോൾ സ്ഥിരമായി മരുന്ന് കഴിക്കുന്ന വ്യക്തിയാണോ എന്ന് പുറമെ നിന്ന് നോക്കുന്നവർക്ക് തോന്നുകയില്ല. സാമ്പത്തികബുദ്ധിമുട്ട് മൂലം മനോരോഗത്തിനുള്ള മരുന്ന് ഇടക്ക് നിറുത്തി നിറുത്തി കഴിക്കുന്നവരേയും മരുന്ന് ഇടക്ക് വെച്ച് നിറുത്തുകയും വീണ്ടും കഴിക്കാൻ തുടങ്ങുകയും ചെയ്യുന്ന സ്വാഭാവക്കാരിലും ഇവരെ പുറമെ നിന്ന് നോക്കുന്നവർക്ക് മരുന്ന് സ്ഥിരമായി കഴിക്കുന്ന വ്യക്തിയെന്നേ പുറമേ നിന്ന് നോക്കുന്നവർക്ക് തോന്നുക. എന്നാൽ മരുന്ന് കഴിക്കാൻ മടിയുള്ള ആളാണ് എന്ന് പറയുമ്പോഴെ അത് മറ്റുള്ളവർക്ക് അറിയൂ. അപ്പോൾ മരുന്ന് കഴിക്കുന്ന മനോരോഗിയിൽ എന്ത് ഗുണമാണ് മരുന്ന് ചെയ്യുന്നത് എന്നതിനെക്കുറിച്ച് ചർച്ചകൾ ലോകത്തിന്റെ പലഭാഗത്തും നടക്കുന്നുണ്ട്. മനുഷ്യന്റെ മനസ്സ് മാറ്റാൻ ഒരു മരു ന്നുകൊണ്ടും ആവില്ല എന്ന് മനസ്സിലാക്കുക.

## ഊർജ്ജദ്രവ്യ ആപേക്ഷിക സിദ്ധാന്തത്തിലൂടെ ചലനത്തിന്റെ തെറ്റായ വിസ്മയകാഴ്ചയുടെ ഫലം

ഊർജ്ജദ്രവ്യ ആപേക്ഷിക സിദ്ധാന്തത്തിലൂടെ ചലനത്തിന്റെ വിസമയകാഴ്ചയിലൂടെ കുടുതൽ ദൂരം സഞ്ചരിച്ചപ്പോൾ ഞാൻ കണ്ടത് 3 ലക്ഷം കിലോമീറ്റർ പ്രകാശകണങ്ങൾ ചലിക്കുമ്പോൾ കണങ്ങൾക്കിടയിലൂടെ സ്പെയിസ് എന്തുകൊണ്ട് ചുരുങ്ങുന്നില്ല? പ്രകാശകണങ്ങൾക്കിടയിൽ സ്പെയിസോ അങ്ങിനെ ഒന്നിനെക്കുറിച്ച് ചിന്തിക്കാനെ പാടിലെന്നായിരിക്കും നിങ്ങൾ ഒരു പക്ഷേ അഭിപ്രായപ്പെടും. ആൽബർട്ട് ഐൻസൈറ്റൻ ഒരു പക്ഷേ ചിന്തിക്കാതെ പോയ ആശയമായിരിക്കും എന്റെ വായിലൂടെ പുറത്ത് വരുന്നത്. പ്രകാശകണങ്ങൾക്കിടയിലെ സ്പെയിസ് ചുരുങ്ങിപോയിരുന്നെങ്കിൽ പ്രകാശിക്കുന്ന വസ്തുവും അതിന് ചുറ്റുമുള്ള സ്പെയിസും ചുരുങ്ങിപോകുമായിരുന്നു. എന്നാൽ വിവിധ സ്രോതസുകൾ അവിടെയും ഇവിടെയും പ്രകാശിക്കുമ്പോൾ ചിന്തയിലൂടെ വികലമായ രൂപം നിങ്ങൾക്ക് തെളിഞ്ഞുകാണാം. അപ്പോൾ കുഴപ്പങ്ങളിൽ നിന്നും കുഴപ്പങ്ങളിലേക്ക് ചിന്തകൾ പാഞ്ഞ്പോകുന്നു. അതിന് കാരണം കാണിക്കുന്ന മറ്റൊരു ഉദാകരണമിത സൂര്യനും ഗ്രഹങ്ങളും ചുറ്റുമുള്ള സ്പെയിസും ചുരുങ്ങുകയാണോ അതോ പരമാവധി ചുരുങ്ങിയ അവസ്ഥയിൽ ഇരിക്കുകയാണോ അങ്ങിനെയാണെങ്കിൽ സൂര്യൻ അണഞ്ഞാൽ സൗരയൂഥം വികസിക്കുമായിരിക്കും. പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഈ പ്രകടപ്രപഞ്ചം ചുരുങ്ങുകയാണോ വികസിക്കുകയാണോ എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ഈ സിദ്ധാന്തത്തിലൂടെ സാദ്ധ്യമല്ല. എങ്കിലും ആൽബർട്ട് ഐന്റസൈൻ അന്യമേയ ചിന്താരീതിയിലൂടെ മറ്റൊരു തലത്തിലും അതിനെ ശരിയാക്കാം എന്ന് വിചാരിച്ചാലും നടക്കില്ല കാരണം പ്രപഞ്ചമനസ്സ് ജൈവമനസിലേക്ക് കൂടിയേറുമ്പോൾ സമയന്തരാളം ദീർഘിക്കും എന്നത് തികച്ചും വേദ ആശയമാണ് എന്ന് അറിയില്ല അതുകൊണ്ട് ഊർജ്ജദ്രവ്യ ആപേക്ഷിക സിദ്ധാന്തത്തിലൂടെ സഞ്ചരിച്ചാൽ പരസ്പരവിരുദ്ധമായ ആശയങ്ങളിലേക്ക് എത്തിച്ചേരുക സ്വാഭാവികം. എന്നാൽ എന്റെ ക്ലാസ്സിക്കൽ കാഴ്ചപാടിൽ പ്രപഞ്ച ചുരുങ്ങൽ വികാസപരിണാമങ്ങളിലേക്ക് കാരണം വ്യക്തിമായി തന്നെ പറയുന്നു. പ്രപഞ്ചവികാസത്തിന് കാരണമായ മദ്ധ്യനാദത്തിൽ നിന്ന് മുഴുവനായി മൂർത്തനാദം ജനിച്ചാൽ ആ പ്രകടപ്രപഞ്ചം ചുരുങ്ങിയിലും ഒതുങ്ങും മൂർത്തനാദത്തിൽ നിന്ന് അഞ്ചിലൊന്ന് മദ്ധ്യമനാദമായിമാറിയാൽ പ്രപഞ്ചം മഹാവിസ്ഫോടനത്തിലൂടെ വീണ്ടും വികാസം പ്രാപിക്കുന്നു. മദ്ധ്യനാദം എന്നുപറയുന്നത് താപം മുതൽ പ്രകാശം വരെയുള്ള തരംഗങ്ങളാണ്. മൂർത്തനാദം എന്ന് പറയുന്നത് ന്യൂട്രൽ എനർജിയാണ്. ന്യൂട്രൽ എനർജി ഒരു തരംഗ ഊർജ്ജമാണ്.

### മാനഭംഗം സംഭവിച്ച് മാനം നഷ്ടപ്പെട്ട ഭൗതികശാസ്ത്രം

മൈക്കൽസൺ മോർലിയും ആൽബർട്ട് ഐൻസ്റ്റൈൻ എന്നീ ത്രിമൂർത്തികൾ ചേർന്ന് മാനഭംഗപ്പെടുത്തിയ ഭൗതികശാസ്ത്രത്തിന് മാനം നഷ്ടപ്പെട്ടിരിക്കുനനു. ഭൗതികശാസ്ത്രത്തിന്റെ ബാല്യഘട്ടത്തിലാണ് മാനഭംഗം സംഭവിച്ചത് അതുകൊണ്ട് ഭൗതീകശാസ്ത്രത്തിന് പാപബോധമുണ്ടായില്ല. എന്നാൽ ഇന്ന് ഭൗതികശാസ്ത്രം കൗമാരഘട്ടത്തിൽ കടന്നിരിക്കുന്നു. ഭൗതികശാസ്ത്രത്തിന് പറ്റിയ തെറ്റ് തിരുത്തുകയുള്ളൂ. ആപേക്ഷികസിദ്ധാന്തത്തിന്റെ ലഹരിയിൽ ബോധം നഷ്ടപ്പെട്ട ഭൗതികശാസ്ത്രം സാധാരണ തെളിയിക്കപ്പെട്ട പ്രകാശപ്രതിഭാസങ്ങൾ പോലും തിരിച്ച് അറിയാനുള്ള കഴിവ് നഷ്ടപ്പെട്ടരിക്കുന്നു. അതിന് ഒരു ഉദാഹരണമിത സൂര്യന്റെ ഗുരുതാകാർഷണണാണ് കാരണം എന്ന് ശാസ്ത്രജ്ഞന്മാർ

പറയുന്നത്. അശാസ്ത്രീയമായ നിഗമനങ്ങൾക്ക് ഗണിതരൂപം കൊടുക്കാനും അവർ മറന്നില്ല എന്നാൽ ഞാൻ പറയുന്നു ഈ ശാസ്ത്രജ്ഞന്മാർക്ക് എന്തുപറ്റി.

***സൂര്യനും ഗ്രഹങ്ങൾക്കും ഭ്രമണത്തിനും പരിക്രമണത്തിനുള്ള ഊർജ്ജം എവിടെ നിന്നാണ് ലഭിക്കുന്നത്? സൂര്യന്റെയും ഗ്രഹങ്ങളുടെയും ഗുരുത്വം മൂലമാണോ?***

അല്ല എന്നാണ് ഞാൻ പറയുന്ന ഉത്തരം മനുഷ്യൻ വിക്ഷേപിച്ച കൃത്രിമോപഗ്രഹങ്ങൾ ഭൂമിയുടെ ഗുരുത്വം ഉപയോഗിച്ചാണ് ചുറ്റുന്നത്. ഭൂമിയെ കൃത്രമോപഗ്രഹങ്ങൾ ഓരോ പ്രാവശ്യം പരിക്രമണം ചെയ്യുമ്പോൾ ഭൂമിയോട് അടുത്തുകൊണ്ടിരിക്കും എന്ന് നിങ്ങൾക്ക് അറിയാമല്ലോ. അവസാനം കൃത്രമോപഗ്രഹം ഭൂമിയിൽ പതിക്കുകയും അല്ലെങ്കിൽ സമുദ്രത്തിന് മുകളിൽ വെച്ച് നശിപ്പിക്കുകയും ചെയ്യും. ഇതുപോലെയാണ് ഭൂമി സൂര്യനെ പരിക്രമണം ചെയ്യുന്നെങ്കിൽ 5000 വർഷത്തിനുള്ളിൽ ഭൂമി സൂര്യനിൽ പതിക്കുമായിരുന്നു. മാത്രമല്ല 500 വർഷത്തിനുള്ളിൽ ഭൂമിയിലെ ചൂട് വർദ്ധിച്ച് ഭൂമിയിലെ ജീവൻ അപ്രത്യക്ഷമായി കഴിഞ്ഞിരിക്കും. എന്നാൽ ഇങ്ങനെ സംഭവിക്കാത്തതിന്റെ കാരണം ആധുനികശാസ്ത്രം ആധികാരികമായി ചിന്തിച്ചിട്ടില്ല. എന്നാൽ ഞാൻ പറയുന്നു ഭൂമി സൂര്യനെ പരിക്രമണം ചെയ്യുമ്പോൾ പരിക്രമണവലയത്തിൽ നിന്നും സൂര്യനോട് അടുക്കുന്നില്ല അപ്പോൾ എങ്ങിനെയാണ് ഭൂമിയും മറ്റു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും സൂര്യനെ ചുറ്റുന്നത്.? ഓരോ ഗ്രഹത്തിന്റെയും ഉൾഭാഗത്ത് വൻശക്തിയുള്ള അണുപിളർപ്പിൽ നിന്ന് ലഭിക്കുന്ന ഊർജ്ജമുപയോഗ്ച്ചി വൻശക്തിയുള്ള ഇലക്ട്രോണുകളുടെ പ്രവാഹമാണ്. ഗ്രഹങ്ങളുടേയും ഉപഗ്രഹങ്ങളുടേയും ഉൾഭാഗത്ത് സൃഷ്ടിക്കപ്പെടുന്നത്. ഗ്രഹങ്ങളുടെ ചലനത്തിനും കാന്തികമണ്ഡലത്തിനും കാരണം ഈ ഇലക്ട്രോൺ പ്രവാഹമാണ്. അതുകൊണ്ടാണ് കൃത്യമായ പരിക്രമണ വലയത്തിൽ നിരന്തരം ഗ്രഹങ്ങൾക്ക് ചുറ്റാൻ കഴിയുന്നത്. സൂര്യനും ഗ്രഹങ്ങളും തമ്മിലുള്ള അകലം നിശ്ചയിക്കുന്നത്. ഭൂസ്ഥിരഉപഗ്രഹം ഭൂമിയെ ഒരിക്കലും പ്രദക്ഷിണം ചെയ്യുന്നില്ല. ഭൂമി നിശ്ചലമായി നിൽക്കുന്ന വസ്തു ഭൂമിക്കൊപ്പം കറങ്ങുന്നതുപേലെയാണ് ഭൂസ്ഥിര ഉപഗ്രഹം. ഭൂസ്ഥിര ഉപഗ്രഹം ഭൂമിയെ പ്രദക്ഷിണം വെയ്ക്കുന്നു എന്ന് പറയുന്നത് വളരെ തെറ്റായ കാര്യമാണ്. ഭൂമി ഒരിക്കലും സൂര്യന്റെ സൂര്യസ്ഥിത ഗ്രഹമല്ല എന്ന് ഞാൻ പറഞ്ഞത് നിങ്ങളുടെ തെറ്റായ ധാരണ മാറ്റാനാണ്.

അതാതു ഗ്രഹങ്ങളിലുള്ള ട്യൂണിങ്ങ് കോറാണ് 8 ഗ്രഹങ്ങലുടെയും ട്യൂണിങ്ങ് കോറുകൾ സ്ഥിരതയുള്ളതാണ്. അതുകൊണ്ട് കൃത്യമായ അകലത്തിൽ 8 ഗ്രഹങ്ങളും പരിക്രമണം ചെയ്യുന്നത് എന്നാൽ ധൂമകേതുവിന്റെ ട്യൂണിങ്ങ് കോറുകൾ സ്ഥിരതയില്ലാതും ചക്രികസ്വാഭാവമുള്ളതുമാണ്. അതുകൊണ്ടാണ് ധൂമകേതു സൂര്യനോട് അടുക്കുകയും അകലുകയും ചെയ്യുന്നത്. പ്ലൂട്ടോയുടെ ട്യൂണിങ്ങ് കോറ് അൽപം സ്ഥിരത കുറവാണ്. അതുകൊണ്ട് ഒരു ഗ്രഹം മറ്റൊരു അകലത്തിൽ സൂര്യനെ പരിക്രമണം ചെയ്യുകയില്ല. മാത്രമല്ല മറ്റൊരു അകലത്തിൽ ട്യൂണിങ്ങി കോറുകൾ റീസെറ്റ് ചെയ്യും. അതിന് ഉയർന്ന ഊഷ്മാവ് ആവശ്യമാണ്. അതിന് വേണ്ടി ഗ്രഹം ഗ്രഹപനിസ്വയമുണ്ടാക്കി മറ്റൊരു ട്യൂണിങ്ങ് കോർറീസെറ്റ് ചെയ്യും. അപ്പോൾ ഒരു ഗ്രഹം പൊട്ടിത്തെറിക്കുകയോ സൂര്യനെപോലെ ഉരുകി തിളക്കുകയോ ചെയ്യാം. ഗ്രഹരൂപീകരണം നടക്കുന്നതിന് മുമ്പ് തന്നെ സൂര്യനെ ധൂമകേതുകൾ സൂര്യനെ ചുറ്റാൻ തുടങ്ങിയിരിക്കുന്നു.ധൂമകേതു സൂര്യനോട് അടുക്കുകയും അകലകയും ചെയ്യുന്നതിന്റെ പ്രധാനകാരണം ധൂമകേതുവിന്റെ ട്യൂണിങ്ങ് കോറിന്റെ ഭാരം കൂടുകയും കുറയുകയും ചെയ്യുന്നതുകൊണ്ടാണ്.

***ന്യൂട്ടന്റെ നാണയവും തൂവലും പരീക്ഷണം തെറ്റാണ് കാരണം***

ഒരേ വായുവിന്റെ പ്രതിരോധത്തിലാണ് നാണയവും തൂവലും വന്നത് അങ്ങിനെയാണങ്കിൽ വായുവിൽ നാണയത്തിന് ഉണ്ടായിരുന്ന പ്രതിരോധം വായു നീക്കിയ ഒരു ഗ്ലാസ് ട്യൂബിൽ നാണയത്തിന് തീരെ പ്രതിരോധമുണ്ടാവില്ല. എന്നത് ഒരു സത്യം തന്നെയാണ് അങ്ങിനെയാണങ്കിൽ വായു ശന്യമാക്കിയ ട്യൂബിൽ നാണയവും തൂവലും ഓരേ സമയം വീഴാൻ ഇടയില്ല നാണയം തന്നെയായിരിക്കും ആദ്യം വീഴുന്നത്. ഇത് നഗ്നനേത്രം കൊണ്ടോശബ്ദം കൊണ്ടോ തിരിച്ചറിയുവാൻ കഴിയുകയില്ല ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിച്ച് നാണയവും തൂവലും വീഴുന്ന സമയവ്യത്യാസം മനസ്സിലാക്കാൻ കഴിയും. നഗ്നനേത്രം കൊണ്ടോ ശബ്ദം കൊണ്ടോ അറിയണമെങ്കിൽ 90 മീറ്റർ നീളമുള്ള ഗ്ലാസ് കുഴലിൽ നാണയവും തൂവലും പരീക്ഷണം നടത്തേണ്ടി[illegible]വിന്റെ കുറവാണ് ന്യൂട്ടനി ഇങ്ങനെ ഒരു അബദ്ധം പറ്റിയത്.

***അശാസ്ത്രീയതയിലെ ശാസ്ത്രീയത***

കുണ്ഡലിനിശക്തിയെ തുറക്കുന്ന പാസ്‌വേഡാണോ ജോതിഷം എന്നതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. അതുകൊണ്ട് ജോതിഷം ശാസ്ത്രീയമാണോ എന്ന് പറയുവാൻ കഴിയുകയില്ല. അതുകൊണ്ട് ജോതിഷത്തെ മിഥ്യാശാസ്ത്രഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജോതിഷം എന്ന ശാസ്ത്രമില്ലാതെ ഒരു യുഗം കടന്നുപോയി എന്ന് വിചാരിക്കു. അപ്പോൾ മനുഷ്യനിലുള്ള ആത്മീയ കഴിവുകൾ വളർച്ച മുരടിച്ച് നശിച്ച് പോകും. അങ്ങനെ വരുമ്പോൾ പ്രളയം പോലുള്ള പ്രതിസന്ധികളിൽ കുണ്ഡലിയ ശക്തിയിലൂടെ ഭൂമിയിലെ ജീവന്റെ അപകട സാദ്ധ്യത മുൻകൂറെ വിളിച്ച് അറിയിക്കാൻ ദൈവം പോലും വിചാരിച്ചാൽ സാദ്ധ്യമല്ല. അതുകൊണ്ടാണ് ആത്മീയ കഴിവുകളുടെ വളർച്ച നിലനിർത്താൻ ജോതിഷം പോലുള്ള ശാസ്ത്രങ്ങൾ ആവശ്യമാണ്. ലളിതമായ ഒരു ഉദാഹരണത്തിലൂടെ അത് വ്യക്തമാക്കാം. കുണ്ടും കുഴികളും നിറഞ്ഞ വഴിയാണ് ശരീരത്തിന്റെ ആരോഗ്യം വർദ്ധിപ്പിക്കാൻ ഏറ്റവും നല്ലത്. കുണ്ടും കുഴിയും ഇല്ലാത്ത ശാസ്ത്രീയമായ വഴി നമ്മുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കും. അതുകൊണ്ടാണ് ശാസ്ത്രീയമായ വഴിയിൽ അശാസ്ത്രീയം കടന്നുകൂടുന്നു. അശാസ്ത്രീയമായ വഴിയിൽ ശാസ്ത്രീയതയും കടന്നുകൂടുന്നു. ഇതാണ് ശാസ്ത്രീയം എന്ന് വിചാരിക്കുമ്പോൾ അതിന് തുല്യമായ അളവിൽ അശാസ്ത്രീയം കടന്നുകൂടുന്നു. ഒരു സമയത്ത് ശാസ്ത്രീയം എന്ന് കരുതുന്ന ശാസ്ത്രം മറ്റൊരു സമയത്ത് മറ്റൊരു ശാസ്ത്രിത്തിന് ദൂഷ്യമുണ്ടാക്കും. ജോതിഷമോ, യോഗയോ, പ്രാർത്ഥനയോ പോലുള്ള കാര്യങ്ങൾ അറിയാത്ത മൃഗങ്ങളിലും ആത്മീയപ്രഭാവം കാണുന്നുണ്ടല്ലോ. അതിന് ഒരു രസകരമായ ഉത്തരം പറയാനുള്ളത്. മൃഗങ്ങൾക്ക് വാലുണ്ട് മനുഷ്യന് വാല് ഇല്ല മനുഷ്യന്റെ വാല് അവന്റെ തലയിലാണ് എന്നു പറഞ്ഞാൽ അവന്റെ തലച്ചോറിലാണ് ഈ വാല് എപ്പോഴും ഉപയോഗമില്ലാത്തതാണ്. ചില കാലഘട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ മാത്രമാണ് ഈ വാല് പ്രവർത്തനക്ഷമമാകുന്നത്. ഞാൻ പറഞ്ഞു വരുന്നത് നമ്മുടെ നിത്യജീവിതത്തിൽ ആവശ്യമില്ലാത്ത സോഫ്റ്റ് വെയറുകളാണ് നമ്മുടെ തലച്ചോറിലുള്ളത്. അതുകൊണ്ട് ഞാൻ പറയുന്നു തെറ്റായ വിശ്വാസങ്ങൾ ഭൂമിയിൽ വെറുതെ ഉണ്ടാകുന്നില്ല അതിന്റെ പിന്നിൽ ശുദ്ധമായ ഉദ്ദേശങ്ങൾ ഉണ്ടായിരിക്കും. ശുദ്ധമായ ഉദ്ദേശങ്ങൾ പലതുമുണ്ടെങ്കിലും പ്രധാനമായ ശുദ്ധഉദ്ദേശം ഈ പറഞ്ഞതാണ്. വൈകുന്നേരം ചെയ്യേണ്ട പ്രവർത്തിയെക്കുറിച്ച് വെളുപ്പാൻ കാലത്ത് ഒരാൾ ഓർമ്മിപ്പിച്ചു എന്ന് കരുതുക. പകൽ 8 മണിക്കോ 12 മണിക്കോ 3 മണിക്കോ ഓർമ്മ വരുന്നില്ല. എന്നാൽ 5 മണിക്ക് ചെയ്യേണ്ട പ്രവർത്തിയെക്കുറിച്ച് ഓർമ്മ വരുന്നു. മറ്റൊരു സമയത്തും ഓർമ്മ വന്നില്ല. ഉചിതമായ സമയത്ത് മാത്രം അത് ഓർമ്മ വന്നു. അതുപോലെ തന്നെയാണ് കുണ്ഡിലിയ ദർശനങ്ങളും കാലത്തിന്റെ ചെറിയ ഇടവേളകളിലും വലിയ ഇടവേളകളിലുമാണ് കുണ്ഡിലിയ ദർശനങ്ങൾ ഉണ്ടാകുന്നത് എന്നു പറഞ്ഞാൽ നമ്മുടെ ഇടയിൽ കുണ്ഡലിയ ദർശനങ്ങൾ ഉണ്ടാകുന്നില്ല. വല മാത്രം ഉണ്ടായാൽ അതിൽ

മീൻ പെടുകയില്ല അതിന് ജലം എന്ന വിഷയവും മീൻ എന്ന സംഭവവും വേണം മീൻ ഇല്ലെങ്കിൽ മീൻവല എന്ന് പറയുന്നതിൽ എന്താണ് പ്രസക്തി. മീൻ ഇല്ലെങ്കിൽ വലയിൽ മറ്റു പലതും കുടുങ്ങും. ചിലത് നമ്മുക്ക് ആവശ്യമില്ലാത്തതായിരിക്കും ചിലത് ആവശ്യമുള്ളതുമായിരിക്കും. പക്ഷേ ഉദ്ദേശിച്ചതല്ല കിട്ടുന്നത് സമയം സാഹചര്യവും അനുസരിച്ച് മീൻവല മറ്റു പലതും ആയേക്കാം. അത് കരുതി അത് മീൻവലയല്ലായെന്ന് പറയുവാൻ പറ്റുമോ അതുപോലെ തന്നയാണ് ജ്യോതിഷവും എന്ന് കരുതിയാൽ മതി. മുൻപ് സൂചിപ്പിച്ചതനുസരിച്ച് ജോതിഷത്തെ വെറുതെ വിടൂ. ജോതിഷം സർവ്വകശാലകളിൽ പാഠ്യ വിഷയമാക്കണം എന്നാണ് എന്റെ അഭിപ്രായം.

## *മൂന്ന് തരം പ്രവപഞ്ച ജനിതക കുടുംബങ്ങൾ*

വികസിത ജനിതക കുടുംബ, മദ്ധ്യവികസിത ജനിതക കുടുംബം, അവികസിത ജനിതക കുടുംബം എന്നിവയാണ് മൂന്ന് തരം പ്രപഞ്ച ജനിതക കുടുംബങ്ങൾ വികസിത ജീവകുടുംബത്തിൽ അലൈംഗീക പ്രജനനമാണ് നിലവിലുള്ളത് മധ്യവികസിത ജീവകുടുംബത്തിലുൾപ്പെട്ടതാണ്. ഭൂമി ആദ്യം വികസിത ജീവകുടുംബത്തിലുൾപ്പെട്ടതായിരുന്നു. അവികസിത ജീവകുടുംബത്തിൽ ലൈംഗപ്രജനനമാണുള്ളതെങ്കിലും പലഘട്ടങ്ങളിലൂടെയാണ് ജീവിതചക്രം പൂർത്തിയാക്കുന്നത്. മധ്യവികസിത ജീവ കുടംബത്തിൽ ബുദ്ധിജീവികൾ സ്വാഭാവികമായും ഉണ്ടായിരിക്കും. വികസിത ജീവകുടംബത്തിൽ ബുദ്ധിജീവികൾ വളരെ കുറവാണ് ഇല്ലാ എന്നു തന്നെ പറയാം. കാരണം വികസിത ജീവകുടുംബത്തിൽ ബുദ്ധിയുള്ള ജീവികൾ ആവശ്യമില്ല. ഇവിടെ ജീവകുടുംബങ്ങളെ തരം തിരിച്ചിരിക്കുന്നത് അവിടെത്തെ ജീവസ്മതിയുടെ അളവ് അനുസരിച്ചാണ്.

## *ബ്രമാണ്ഡം എന്ന അണ്ഡം*

പ്രപഞ്ചത്തെ അണ്ഡഘടനയുമായി സമന്വയിപ്പിക്കുന്നു. പ്രപഞ്ചത്തിന് ഏറ്റവും പുറത്തുള്ള M ഫീൽഡിൽ രണ്ട് മണ്ഡലങ്ങളുണ്ട് നോറും ബോറും ഇവയുടെ ദൃഢത വ്യത്യാസം നോർ മുട്ടതോട് പോലെയും സോർ മുട്ടതോൽ പോലെയുമാണ് നോസോർ എന്നി മണ്ഡലങ്ങൾ ഉയർന്ന ദൃഢതയിൽ നിലനിൽക്കുന്നത് പ്രപഞ്ചത്തിന് പുറത്തുള്ള ആകാശമണ്ഡലത്തിലാണ് എന്നാൽ നോസോർ എന്നി ആകാശങ്ങളുടെ സാന്നിദ്ധ്യം പ്രപഞ്ചത്തിൻരെ കേന്ദ്രഭാഗം വരെയുണ്ട് എന്നാൽ നോസോർ എന്നിവയുടെ അളവ് കുറവാണ്. അളവ് കുറഞ്ഞതുകൊണ്ട് ഈ മണ്ഡലത്തിൽ ചലനം സാധ്യമാകുമോ എന്നുള്ളത് ഒരു തർക്കവിഷയമാണ്. തൽക്കാലം ഇതിൽ ചലനം സാധ്യമല്ല എന്ന് മാത്രമേ പറയുവാൻ കഴിയൂ കാരണം ഈ ആകാശം ചലിച്ചിരുന്നെങ്കിൽ ആകാശത്തിന് നക്ഷത്രത്തിന്റെ സജീവകാന്തിമണ്ഡലത്തിലൂടെ നക്ഷത്രഭാരം ആദേശം ചെയ്യാൻ കഴിയാതെ പോയെന്ന മാത്രമല്ല പ്രവപഞ്ചത്തിന്റെ കേന്ദ്രഭാഗത്തെ ദ്രവ്യപിണ്ഡത്തിന് പ്രപഞ്ച ഗുരുത്വത്തെഅതിജീവിച്ച് നക്ഷത്രമണ്ഡലമായി വികസിക്കാൻ പറ്റാതെ വരുമായിരുന്നു. എന്നാൽ മറ്റൊരു സംശയം നിങ്ങളുടെ മനസ്സിൽ കയറി വരുന്നത് ഈ ആകാശം ചലനമില്ലാത്ത ആകാശമാണെങ്കിൽ നമ്മുക്ക് ചലിക്കാൻ കഴിയുന്നത് എങ്ങിനെ മാത്രമല്ല ഇതിൽ യാതൊരു തരംഗചലവും സാധ്യമല്ല എന്നും പറയുന്നു. അതിന് ഉത്തരമിതാണ്. നോസോർ എന്നി മണ്ഡലങ്ങൾ വളരെ കുറഞ്ഞ അളവിൽ നിലനിൽക്കുന്ന ഭാഗത്താണ് നമ്മുടെ സൗരയുഥം ആകാശം നിലകൊള്ളുന്നത് മാത്രമല്ല ഈ ആകാശം വളരെ നേർത്തതായതുകൊണ്ട് ഇത് നമ്മുടെ ചലിക്കുന്ന ശരീരത്തിലൂടെ സുഗമമായി കടന്നുപോകുന്നു. അത് നാം അറിയുന്നില്ല. പ്രപഞ്ചത്തിന്റെ ഏറ്റവും പുറത്തുള്ള മൂന്നാമത്തെ മണ്ഡലമാണ് എക്സൈറ്റർ മണ്ഡലം.

ഇവിടെ പറയുന്ന മണ്ഡലം ആകാശം, ഈഥർ എന്നിവ ഒരോ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. നമ്മുടെ ചലനത്തിന്റെ ഊർജ്ജത്തിന്റെ ലക്ഷത്തിൽ ഒരംശം എക്സ്റ്റെർ ആകാശത്തിൽ ലയിക്കുന്നുണ്ട് എന്നാൽ കാന്തം ഈ ആകാശത്തിലൂടെ ചലിക്കുകയാണെങ്കിൽ 1% മാനത്തിന് താഴെയുള്ള ഊർജ്ജം എക്സ്റ്റർ ആകാശത്തിൽ ലയിക്കും. കാന്തശക്തിയുടെ തോത് കൂടുന്നതിനുസരിച്ച് ശതമാനമാകണക്ക് ഉയരും. ഈ എക്സ്റ്റർ ആകാശത്തിലെ തരംഗം എക്സ്റ്റെർ ഇലക്ട്രോണിനെ ചലിപ്പിച്ച് ഇലക്ടോണു കളുടെയും കാന്തിക കോർകണങ്ങളെയും കാന്തികകണങ്ങളാക്കു മാറ്റുന്നത്. കാന്ത ചലനത്തിൽ നിന്നും എക്സ്റ്റെറിലെയും എക്സ്റ്റെറിൽ നിന്ന് കാന്തത്തിലെയും ഒരു ഊർജ്ജചക്രം നടക്കുന്നു. സോറി ലേക്ക് ചലനം വ്യാപിക്കാതിരിക്കാൻ ഒരു കവചം പോലെയാണ് എക്സ്റ്റെർ ആകാശം നിലകൊള്ളു ന്നത് ചുരുക്കത്തിൽ പറഞ്ഞാൽ നോസോർ ചലനം അസാധ്യമാണ്. പ്രപഞ്ചത്തിൽ ഏറ്റവും സാന്ദ്രതകു റഞ്ഞ മണ്ഡലമാണ് നോർ ആണ്. അതുകൊണ്ടുതന്നെ അത് പ്രപഞ്ചത്തിന്റെ ഏറ്റവും പുറംഭാഗത്ത് സ്ഥാനം പിടിച്ചിരിക്കുന്നത്. സജീവകാന്തികമണ്ഡലത്തെ നോസോർ പി.എന്നും ജഢകാന്തികമണ്ഡലത്തെ നോസോർ എൻ എന്നും വിളിക്കുന്നു. കാന്തികആകർഷണവും വികർഷണവും നടക്കുന്നത് കാന്തിക അന്തരീക്ഷത്തിന്റെ പ്രത്യേകതമൂലമാണ് ഉണ്ടാകുന്നത്. സജീവകാന്തികമണ്ഡലത്തെ ദ്രവ്യത്തിന്റെ ഏറ്റവും സൂഷ്മമായ മണ്ഡലമായിട്ടാണ് ഞാൻ കണക്കാക്കിയിരിക്കുന്നത്. ഒരു നക്ഷത്രത്തിൽ രണ്ട് സജീവ കാന്തി കമണ്ഡലങ്ങൾ ഉണ്ടായിരിക്കും. ഇവക്ക് ഇടയിലെ ഭാരവ്യത്യാസം മൂലം നക്ഷത്രം ആകാശത്തിൽ നിൽക്കു മ്പോൾ ഗുരുത്വദിശക്ക് മുകളിൽ നിലകൊള്ളുന്നത് നോർസജീവകാന്തികമണ്ഡലമാണ്. ഗുരുത്വദിശ എന്ന് ഉദ്ദേശിക്കുന്നത് അത് ആകാശഗംഗയുടെ ഗുരുത്വമാകാം പ്രപഞ്ചഗുരുത്വമാക്കാം. ഗുരുത്വദിശക്ക് താഴെ സോർ എന്ന സജീവകാന്തികമണ്ഡലമാണ് ഒരു നക്ഷത്രിത്തിന്റെ കാന്തികമണ്ഡലവും ഗുരുത്വദിശയും ചിത്രീകരിച്ചിരിക്കുന്നു.

A നോസോർ എന്ന ജഢകാന്തികമണ്ഡലം
B നോർ എന്ന സജീവകാന്തികമണ്ഡലം
C സോർ എന്ന സജീവകാന്തികമണ്ഡലം
D സജീവദ്രവ്യപിണ്ഡം




ഇങ്ങനെ ഗുരുത്വത്തിന് നേരെ നക്ഷത്രങ്ങൾ നിൽക്കുമ്പോൾ സൂര്യനു ചുറ്റുലുള്ള ഗ്രഹങ്ങൾത ലകുത്തി നിൽക്കുന്നു. അതിന് കാരണം സൂര്യന്റെ കാന്തിക മണ്ഡലത്തിന് വിപരീതദിശയിലാണല്ലോ. ഗ്രഹകാന്തികമണ്ഡലം നിൽക്കുക എന്നാൽ ഗ്രഹങ്ങളുടെ ഉപഗ്രഹങ്ങൾ നേരെയാണ് നിൽക്കുന്നത് അതുപോലെ വടക്ക് നോക്കിനിൽക്കുന്ന കാന്തവും നേരെയാണ് നിൽക്കുന്നത്. ഇതിപോലെ പ്രകൃതി യിലും വിപരീതപ്രപഞ്ചങ്ങളെ കാണാവുന്നതാണ് മനുഷ്യൻ മുകളിൽ നിന്ന് താഴെകക്ക് തളരുമ്പോൾ സസ്യങ്ങൾ താഴെ നിന്ന് മുകളിലേക്ക് വളരുന്നു. ജന്തുക്കൾ നിന്നും വശങ്ങളിലേക്ക് ചരിഞ്ഞ് ഉറങ്ങ

മ്പോൾ വാവ്വൽ തലകുത്തി ഉറങ്ങുന്നു. ജഢകാശതലവും സജീവാകാശത്തെയും എന്റെ കഴിവിന്റെ പരിതിയിൽ ഞാൻ വിവരിച്ചിട്ടുണ്ട്. എന്നാൽ ജഢാശം എന്റെ ബുദ്ധിക്ക് മുഴുവൻ വഴങ്ങിതന്നിട്ടില്ല അതു കൊണ്ട് ഒരുമായമണ്ഡലമാണ് ജഢാകാശം ഇത് ഒരു മിത്താമാണ്.

## *മാസും വേഗതയും*

വേഗത വർദ്ധിക്കുമ്പോൾ വസ്തുവിന്റെ നീളം വർദ്ധിക്കുന്നു. എന്നാൽ മാസ് വർദ്ധിക്കുന്നില്ല. ഒരു വസ്തു ചലിക്കാൻ തുടങ്ങുമ്പോൾ അതിന്റെ രോധഘടകങ്ങൾ പഞ്ചുഭൂതങ്ങളാണ്. എന്നാൽ പരമാവധിരോധം കുറക്കാൻ കഴിയും ഇല്ലാത്തതാക്കാൻ കഴിയുകയില്ല കാരണം രോധഘടകത്തിൽനിന്ന് മാറ്റാൻ കഴിയാത്തതാണ് ആകാശമെന്ന ഭൂതം. ശുന്യത എന്ന മാനദണ്ഡം ഉപയോഗിച്ച് ഒരു ക്ലാസ്സിക്കൽ ചലനം അവതരിപ്പിക്കാൻ സാദ്ധ്യമല്ല. എന്നാൽ ശുന്യത കൂടിയ സ്ഥലത്ത് ഒരു ക്ലാസ്സിക്കൽ ചലനം അവതരിപ്പിക്കാൻ കഴിയും ആകാശം എന്ന ഭൂതത്തിൽ ഒരു ക്ലാസ്സിക്കൽ ചലനം അവതരിപ്പിക്കുമ്പോൾ ഒരു വസ്തു ആകാശത്തിലൂടെ അതിവേഗതയിൽ പാഞ്ഞാൽ മുന്നിലുള്ള ആകാശത്തിന്റെ രോധം മൂലം പായുന്ന വസ്തുവിന്റെ മുൻഭാഗത്ത് മർദ്ധം സ്യഷ്ടിക്കപ്പെടുന്നു. എന്നാൽ പായുന്ന വസ്തുവിന്റെ പിൻഭാഗത്ത് മർദ്ധം അനുഭവപ്പെടാത്തതിനാൽ പായുന്ന വസ്തുവിന്റെ ദ്രവ്യഭാഗം മർദ്ധം കുറഞ്ഞ ഭാഗത്തേക്ക് ഒഴുകുന്നു. അപ്പോൾ പായുന്ന വസ്തുവിന്റെ നീളം വർദ്ധിക്കുന്നു. ഒരു ഉദാഹരണം പറയാം. അതിവേഗത്തിൽ കറങ്ങുന്ന ഫാനിന്റെ അറ്റത്ത് പാതി വീർപ്പിച്ച ബലൂൺ കെട്ടുകയാണെങ്കിൽ ആ ബലൂണിന്റെ നീളം വർദ്ധിക്കുന്നത് കാണാം മറ്റൊരു ഉദാഹരണം ബോംബെ മിഠായി നിർമ്മാണത്തിൽ പഞ്ചസാര നൂൽ ആകുന്ന പ്രതിഭാസം കണ്ടാൽ ഒരു കാര്യം നിങ്ങൾക്ക് മനസിലാകും ആപേക്ഷികസിദ്ധാന്തത്തിൽ വേഗത വർദ്ധിക്കുമ്പോൾ മാസ് വർദ്ധിക്കുന്നു എന്ന് നമ്മളെ തെറ്റിധരിപ്പിച്ചിരിക്കുന്നു. ശൂന്യത എന്ന സങ്കൽപ്പം സ്യഷ്ടിച്ച മഹാവിഡ്ഢിത്വങ്ങളാണ് ഊർജ്ജദ്രവ്യആപേക്ഷികസിദ്ധാന്തത്തിലുള്ളത് ശാസ്ത്രബോധമുള്ള ഏത് ഭൗതികശാസ്ത്രജ്ഞനാണ് ആൽബർട്ട് ഐൻസ്റ്റൈന്റെ ആപേക്ഷികസിദ്ധാന്തം എന്ന അസത്യം നിഷേധിക്കാൻ കഴിയുക.

## *പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്തിലെയും ബാഹ്യഭാഗത്തിലെയും ദ്രവ്യഘടനയിലുള്ള പ്രത്യേകതകൾ*

പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്തെ ദ്രവ്യഘടനക്ക് മോളിക്യൂലർ വലിപ്പം കുറവും സാന്ദ്രത കുടൂതലുമാണ് അതുകൊണ്ട് ഇവിടെ ജീവമണ്ഡലം വികസിക്കുകയാണെങ്കിൽ ജീവികളുടെ വലിപ്പം കുറവായിരിക്കും ഒരു കാര്യം പ്രത്യേകം ഓർക്കുക പ്രപഞ്ചത്തിന്റെ ഏതെങ്കിലും ഭാഗത്ത് ജീവൻ നിലനിൽക്കുന്നുണ്ടെങ്കിൽ ഭൂമിയിലെ ജീവികളുടെ സാദൃശ്യം പുലർത്തും ഭൂമിയിലെ ഏറ്റവും വലിയ ജീവി വെള്ളകുള്ള ഭൂമിയിൽ നഖത്തിന്റെ വലിപ്പമെ കാണു. എന്നാൽ പ്രപഞ്ചത്തിന്റെ ബാഹ്യഭാഗത്തെ നക്ഷത്രദ്രവ്യഘടനക്ക് മോളിക്യൂലർ വലിപ്പം കുടൂതലും സാന്ദ്രത കുറവുമാണ്. ഇത്തരം ദ്രവ്യത്തെ കോറൻദ്രവ്യം എന്ന് പറയുന്നു. പ്രപഞ്ചത്തിന്റെ ബാഹ്യഭാഗത്തെ കോറൻ നക്ഷത്രവ്യൂഹത്തിലുള്ള കോറൻ ഭൂമിയലിലെ ഉറുമ്പിന് ഭൂമിയിലെ ദിനോസറിന്റെ വലിപ്പം കാണും. നമ്മുടെ ഭൂമിയിലെ ഉറുമ്പിന് വലിപ്പം കുറവാണ് എന്ന് നമ്മുക്ക് അറിയാം ഒരു കാര്യം പ്രത്യേകം ഓർക്കുക ആകാരം വർദ്ധിക്കുമ്പോൾ സാന്ദ്രത കുറയുന്നു. ആകാരം കുറയുമ്പോൾ സാന്ദ്രത കൂടുന്നു. കോറൻ ഉറുമ്പിനെ ഭൂമിയിൽ കൊണ്ട്വന്നാൽ ഉറുമ്പ് അന്തരീക്ഷവായുവിൽ പൊന്തിപോകും. കോറൻ മേഘം നുണകഥയിലെ അത്ഭുതലോകം

യാത്ഥാർത്ഥ്യമാണ് എന്ന് തോന്നിപോകും കോറൻദ്രവ്യത്തിന് ഉഗ്രകാഠിന്യമാണ്. എന്നാൽ വെള്ളക്കുള്ളന് കാഠിന്യം വളരെ കുറവാണ്. ഭൂമിയുടെയും സൗരയുഥത്തിന്റെ ദ്രവ്യഘടന വെള്ളകുള്ളനും കോറലിനും മദ്ധ്യത്തിലാണ് അതുകൊണ്ട് നമ്മുടെ സൗരയുഥദ്രവ്യത്തിന് കൂൾകോ എന്ന് ഞാൻ വിളിച്ചു.

## *വഴിത്തിരിവ് ഉണ്ടാക്കിയ എന്റെ പത്താംക്ലാസ് പഠനകാലം*

വഴിത്തിരിവ് ഉണ്ടാക്കിയ പരീക്ഷണമാണ് പ്രകാശത്തിന്റെ അവിച്ഛേദന പരീക്ഷണം എന്നാൽ അതിന് മുൻപ് ന്യൂട്ടന്റെ കണികസിദ്ധാന്തത്തിന്റെ ആരാധകനായിരുന്നു ഞാൻ. എന്നാൽ കണികസിദ്ധാന്തം എന്നിൽ കൂടുതൽ സംശയങ്ങൾ സൃഷ്ടിക്കുകയായിരുന്നു. കണികസിദ്ധാന്തത്തിൽ കുടൂതൽ തൃപ്തികരമായ ഉത്തരം കണ്ടെത്താൻ വേണ്ടിയായിരുന്നു ശ്രമം. എന്നാൽ എന്റെ സംശയങ്ങൾക്ക് ഉത്തരം നൽകാൻ അദ്ധ്യാപകൻമാർക്ക് കഴിഞ്ഞിട്ടില്ല. അങ്ങിനെ പ്രകാശത്തിന്റെ പ്രശ്നം സ്വയം കണ്ടെത്താൻ തീരുമാനിച്ചു. പ്രകാശം കണമോ തരംഗംമോ ഇതുതന്നെയായിരുന്നു പാഠപുസ്തകത്തിലെ സമസ്യ. പ്രകാശം കണമോ തരംഗമാണോ എന്ന് എങ്ങിനെ മനസിലാക്കും എന്നായിരുന്നു എന്റെ ചിന്ത അപ്പോഴാണ് എന്റെ മനസ്സിൽ ഒരു ചിന്ത കടന്നുവന്നത് മഴ പെയ്യുമ്പോൾ മഴത്തുള്ളികൾ സൃഷ്ടിക്കുന്ന തരംഗങ്ങൾ ജലത്തിൽ വിച്ഛേദിച്ച് കടന്നുപോകുന്നത് കൗതുകത്തോടെ നോക്കി നിൽക്കുന്ന ശീലം എനിക്ക് ഉണ്ടായിരുന്നു. ജലത്തിൽ തരംഗങ്ങൾ പരസ്പരം വിച്ഛേദിക്കുന്നത് അത് തരംഗമായതുകൊണ്ടാണ് എന്ന് എനിക്ക് മനസ്സിലായി. എന്നാൽ തരംഗങ്ങൾക്ക് പകരം ഒഴ ുക്കാണങ്കിൽ രണ്ട് ഒഴുക്കുകൾ കൂട്ടിമുട്ടി വെള്ളം ചിന്നിചിതറുമായിരുന്നു. അങ്ങിനെയാണ് രണ്ട് ടോർച്ച് ഉപയോഗിച്ചുള്ള പരീക്ഷണത്തിന് ഞാൻ ഒരുങ്ങിയത്. അത് ഒരു വഴിത്തിരിവിന് കാരണമായി. ലോകത്തിൽ ആദ്യമായി നടന്ന കണിക പരീക്ഷമമായിരുന്നു അത്. ഈ കണിക പരീക്ഷണത്തിൽ പ്രകാശത്തിൽ കണങ്ങൾ ഇല്ല എന്ന് വെളിപ്പെട്ടു. ഈ പരീക്ഷണം നടന്നത് 1988, 89 കാലഘട്ടത്തിലായിരുന്നു. പ്രകാശത്തിൽ കണികയുടെ സാന്നിദ്ധ്യമുണ്ടോ എന്ന് മാത്രം അറിയാനുള്ള പരീക്ഷണമായിരുന്നു. ഈ പരീക്ഷണത്തിന് അന്ന് എനിക്ക് ചിലവായത് വെറും 30 രൂപയാണ്. പ്രകാശം തരംഗമാണെന്ന് അറിഞ്ഞപ്പോൾ തരംഗത്തിന് ഒരു മാധ്യമം ആവശ്യമാണെന്നതിന് ദാർശിനിക വിലയിരുത്തൽ ഉണ്ടായി. അങ്ങിനെയാണ് പ്രകാശികമാധ്യമം എന്ന പഴയ ഈഥർ സങ്കൽപ്പത്തിലേക്ക് ഞാൻ പോയത്. എന്നെ വിസമയിപ്പിക്കുന്ന ദാർശനികഫലങ്ങളാണ് എന്റെ മനസ്സിൽ ഉണ്ടായത്. അതുകൊണ്ട് ആധുനികമൂർത്ത ഭൗതിക ശാസ്ത്രതത്ത്വങ്ങൾ ഒട്ടുമുക്കാലും തെറ്റാണ് എന്ന് എനിക്ക് മനസ്സിലായി. ഇന്ന് ആധുനിക ശാസ്ത്രം 300 കോടി യൂറോ ചിലവ് ചെയ്തീട്ടും പ്രകാശത്തിന്റെ സമസ്യ ഇന്നും തീർന്നിട്ടില്ല. ഇന്നത്തെ ആധുനിക ശാസ്ത്രത്തിന്റെ ആഭിചാരകൃയകൾക്ക് കാരണം മുൻകാല ശാസ്ത്രജ്ഞൻമാരുടെ ആഭിചാരതത്വങ്ങളാണ്. പ്രപഞ്ചരഹസ്യങ്ങളെപറ്റി ആധുനികശാസത്രം പറയുന്നു കാര്യങ്ങൾ (എല്ലാംഅല്ല) തെറ്റായ സിദ്ധാന്തങ്ങളുടെ ചുവട് പിടിച്ചിട്ടുള്ളതാണ്.

അതുകൊണ്ട് എന്റെ സിദ്ധാന്തങ്ങൾ ആധുനികശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാൻ ശ്രമിക്കരുത്. എന്റെ ആശയങ്ങളും ആധുനിക ശാസ്ത്രത്തിന്റെ ആശയങ്ങളും രണ്ടും രണ്ട് തലത്തിൽ കാണുവാൻ ദയവായി ശ്രമിക്കുക. എന്നിട്ട് യുക്തിയുടെ അടിസ്ഥാനത്തിൽ തെറ്റോ ശരിയോ എന്ന് തീരുമാനിക്കുക. ഭൗതീകശാസ്ത്രത്തിലെ മൂർത്തഭൗതികശാസ്ത്രത്വങ്ങൾ മനസ്സിലാക്കാൻ സാദ്ധ്യമല്ലാത്ത എന്തോ ആണ് എന്ന് ലോകം തെറ്റിധരിച്ചിരിക്കുന്നു. എന്നാൽ തലതിരിഞ്ഞ ആത്മീയത ഇത് ദൈവത്തിന് മാത്രം അറിയാവുന്ന സത്യമാണ് എന്ന് പറയുന്നു. മനുഷ്യന് പ്രപഞ്ചരഹസ്യങ്ങൾ അറിയുവാൻ കഴിയുകയില്ല എന്ന് വാദിക്കുന്നു. അങ്ങിനെ പറഞ്ഞ ഒരു മദ്ധ്യവയസ്കനോട് ഞാൻ പറഞ്ഞു

ദൈവത്തിലുള്ളതെല്ലാം എന്നിലും എന്നിലുള്ളതെല്ലാം ദൈവത്തിലുമുണ്ട് എന്ന് ഓരോ മനുഷ്യനും അറിഞ്ഞാൽ ലോകം രക്ഷപ്പെടും എന്ന് ഞാൻ പറഞ്ഞു. നിങ്ങൾ ഒരു പക്ഷേ ആധുനിക ശാസ്ത്രത്തിന്റെ ആരാധകനായിരിക്കാം ആധുനികശാസ്ത്രം പറയുന്നത് എന്തും ശരിയാണ് എന്ന് അന്ധമായി വിശ്വസിക്കുന്ന നിങ്ങൾക്ക് എന്റെ ആശയങ്ങളോട് ഒരു പ്രസക്തിയും ഉണ്ടായിരിക്കുകയില്ല. എന്നാൽ തിരക്ക് പിടിച്ച ജീവിതത്തിൽ പുതിയ സിദ്ധാന്തങ്ങൾ ഉൾക്കൊള്ളാൻ ആർക്കും സമയമില്ല എന്ന് പറയുന്നതിനെക്കാൾ എളുപ്പം താൽപര്യമില്ല എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. ക്രിസ്തുവർഷം ഏഴാം ശതകത്തിൽ ജീവിച്ച വരാഹമിഹിരൻ കഴിഞ്ഞാൽ ഏറ്റവും ആദരിക്കപ്പെട്ട ജോതിഷിയായ ബ്രഹ്മഗുപ്തൻ ആര്യഭട്ടിയ പാരമ്പര്യത്തിന്റെ തികഞ്ഞ വിമർശകനായിരുന്നു. ഭൂമി ഭ്രമണം ചെയ്യുന്നുണ്ട് എന്ന ആര്യഭടീയ വാദത്തെ പരിഹസിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചത്? ഭൂമി ഭ്രമണം ചെയ്യുമ്പോൾ തലകുത്തനെയാകുമ്പോൾ വിടുകളും അവയുടെ മേൽക്കുരകളും കുന്നുകളും താഴേക്കു വിഴീല്ലെ എന്നാണ്. ഇത്തരം യുക്തിയെ വെടക്ക് യുക്തി എന്ന് പറയാം. ഹാസ്യമേഘലയിലാണ് ഈ യുക്തി കൂടുതൽ ഉപയോഗിക്കുന്നുത്. ഇതുപോലെ വെടക്ക് യുക്തികളാണ് ആധുനിക ഭൗതികശാസ്ത്രം കൂടുതലും ഉപയോഗിക്കുന്നത്. അറിവ് ഇല്ലാത്തവർക്ക് വെടക്ക് യുക്തി വലിയ സംഭവമായിരിക്കും. ആദരിക്കപ്പെട്ടവർ എല്ലാം പറയുന്നത് ശരിയാണ് എന്ന് കരുതിയാൽ നമുക്ക് തെറ്റ് സംഭവിക്കും. ആദ്യകാലസാചര്യം തന്നെയാണ് ഇപ്പോഴും സംജാതമായിരിക്കുന്നത്. ഇത് ആധുനിക യുഗമാണ് പഴയകാലസാഹചര്യങ്ങൾ സംജാതമാക്കുന്നില്ല എന്ന് പറയുന്നവർ അജ്ഞത മൂലമാണ്. പണ്ടത്തെ മനുഷ്യനും ഇപ്പോഴത്തെ മനുഷ്യനിലും ഓരോ സ്വഭാവം തന്നെയാണ്. യുക്തിഭദ്രമായ ഒരു ആശയം അംഗീകൃതമല്ലാത്ത വ്യക്തി പറഞ്ഞാൽ ഒന്നില്ലെങ്കിൽ അവനേ ഭ്രാന്തൻ എന്ന് വിളിക്കും. യുക്തി ഭദ്രമായ കാര്യങ്ങൾ പറയുന്നത് ഒരു കുറവാണ് എന്ന് കരുതും അതിനുള്ള കാരണം അംഗീകൃതമല്ലാത്ത വ്യക്തിയുടെ യുക്തി നിലവാരം കുറഞ്ഞത് ആയിരിക്കുമല്ലോ. അതു തന്നെ കാരണം വിദ്യസന്നമായ വ്യക്തി 10, 50 ഉം അതിന് മുകളിലുള്ള വർഷം പഴക്കമുള്ള അറിവാണ് കാണാപാഠം പഠിച്ച് വച്ചിരിക്കുന്നത്. അതുകൊണ്ട് ആ വ്യക്തിയുടെ അറിവിന് അപ്പുറം എന്തെങ്കിലും പറഞ്ഞാൽ ആ വ്യക്തി യുക്തി ബാല്യസഹജമായി തീരും. അതായത് ആ വ്യക്തി യുക്തി ഉപയോഗിച്ച് ഒന്നും മനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല. എല്ലാം ശരിയാണെന്ന് കരുതി കാണാപാഠം പഠിക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ആ വ്യക്തിയുടെ യുക്തി ബാലസഹജമായി തീരുന്നത്. എന്നാൽ ചിലർ അത് പുറത്ത് പ്രടപ്പിക്കില്ല എന്നാൽ ചിലർ അത് പ്രകടിപ്പിക്കും അവർ പരിഹാസപാത്രരാവും അതോടുകൂടി പുതിയ മേഖലയിലേക്കുള്ള അറിവിന്റെ വാതാലയങ്ങൾ അവർ സ്വയം അടച്ചുപൂട്ടുന്നു. അതുകൊണ്ട് ഒരു പുതിയ അറിവ് ജനിക്കാൻ കാലങ്ങളും സമയങ്ങളും എടുക്കുന്നു. ഇപ്പോൾ മനസിലായിലെ സാഹചര്യങ്ങൾ ആപേക്ഷികമായി മാറിക്കൊണ്ടിരിക്കുകയാണ്. പഴയ കാല സാഹചര്യമാണ് ഇപ്പോഴുമുള്ളത്. ഒരു ഉദ്യോഗസ്ഥൻ കൈകൂലി മേടിച്ചാൽ അവൻ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥനാണ് അവൻ അത് ഒക്കെ ചെയ്തോട്ടെ എന്ന് നിങ്ങൾ പറയുമോ. ഒരു സാധാരണകാരന് അത് ചോദ്യം ചെയ്യാനുള്ള അവകാശുമുണ്ട് അതുപോലെ അംഗീകൃത ഒരു ശാസ്ത്രപദവി ലഭിച്ചു. എന്ന് കരുതി എന്ത് വിഡ്ഢിത്തങ്ങളും പറയാം എന്ന് കരുതരുത്. അംഗീകൃതനല്ലങ്കിലും ശാസ്ത്രവിഷയങ്ങൾ യുക്തിപൂർവ്വം ചിന്തിക്കുന്ന വ്യക്തിക്ക് അത് ചോദ്യം ചെയ്യാനുള്ള അവകാശമുണ്ട്.

***ആയുസും വളർച്ചയും***

97 കാലഘട്ടത്തിൽ ഒരു ജിജ്ഞാസുവായ ഒരു യുവാവ് എന്നോ ചോദിച്ചു അബ്രാഹം 900 വയസുവരെ ജീവിച്ചു എന്ന് പറയുന്നുണ്ടല്ലോ അത് ശരിയാണോ. അപ്പോൾ ഞാൻ പറഞ്ഞു അത് ശരിയാണ് കാരണം ആയുസും വളർച്ചയും വിപരീത അനുപാദത്തിലാണ്. കൂടുതൽ വ്യക്തമാക്കാൻ ഒരു ഉദാഹരണം പറയാം. ബോയിലർ കോഴി വളരെ വേഗത്തിൽ വളരുന്നു പക്ഷേ ആവയുടെ ആയുസ് കുറവാ

ണ്. നാടൻ കോഴി വളരെ സാവാധാനത്തിൽ വളരുന്നു. എന്നാൽ ആവയുടെ ആയുസ് കൂടുതലാണ്. എന്നാൽ ആരോഗ്യത്തിന്റെ കാര്യത്തിൽ രണ്ടുപേരും സമന്മാരാണ്. ഈ പറഞ്ഞതിൽ ചിലർക്ക് പൊരുത്തക്കേട് ഉണ്ടാകാം. അതിന്റെ കാര്യകാരണങ്ങൾ മറ്റൊരു സമയത്ത് വ്യക്തമാക്കാം. ജിഞാസുവായ യുവാവ് എന്നോട് പറഞ്ഞു മറ്റാരും ഈ സംശയത്തിന് ഉത്തരം ആരും പറഞ്ഞ് തന്നിട്ടില്ല. ജിഞാസുവായ യുവാവ് കുറച്ച് നേരം കഴിഞ്ഞ് മറ്റൊരു സംശയം ചോദിച്ചു. ബോയിലർ കോഴി വളർച്ച കൂടുതൽ ആയതുകൊണ്ട് ഒരു ദിവസം രണ്ട് മുട്ടയിടുമോ ആ ചോദ്യം കേട്ട് ഞാൻ അന്തം വിട്ടു നിന്നു. എന്നിട്ട് ഞാൻ പറഞ്ഞു ഇതിന് ഉത്തരം ഇപ്പോൾ നൽകാൻ കഴിയുകയില്ല. എന്നാലും ഞാൻ പറഞ്ഞു അതിനുള്ള സാധ്യത കുറവാണ്. ബോയിലർ കോഴി വളർത്തിയപ്പോഴാണ് കുടൂതൽ കാര്യങ്ങൾ എനിക്ക് അറിയുവാൻ കഴിഞ്ഞത്. ബോയിലർ കോഴിയും നാടൻ കോഴിയും ഒരു ദിവസം ഒരു മുട്ടയെ ഇടു. ബോയിലർ കോഴിയിൽ ബാഹ്യമായ രീതിയിൽ ഹോർമോൺ കൊടുത്താൽ മാത്രമേ മുട്ടയിടലിൽ വ്യത്യാമുണ്ടാക്കാൻ കഴിയു. ആയുസിനെയും വളർച്ചയേയും പറ്റി ഹൈന്ദവ ദാർശനികതയിൽ ഇതിന് വ്യക്തമായ ഉത്തരം കാണാം. ഒരു മഹായുഗത്തിൽ നാല് യുഗങ്ങളുണ്ട് അവ കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിവയാണ് യുഗങ്ങൾ ഓരോ യുഗത്തിനും ഏകദേശം കൃത്യമായ മനുഷ്യായുസ്സ് പറഞ്ഞിട്ടുണ്ട്. കൃതയുഗത്തിൽ മനുഷ്യായുസ് 600 വയസ് ത്രേതായുഗത്തിൽ 400 വയസ് ദ്വാപരയുഗത്തിൽ 200 വയസ് കലിയുഗത്തിൽ 100 വയസും എന്ന് പറഞ്ഞിരിക്കുന്നു. കലിയുഗത്തിന്റെ അവസാനം മനുഷ്യായുസ് 25, 30 വയസ് പറഞ്ഞിരിക്കുന്നു. 7, 10 വയസിലായിരിക്കും മനുഷ്യരുടെ കല്ല്യാണം. ഇന്നത്തിനെക്കാൾ വളരെ വേഗത്തുലള്ള ടെക്ക്നോളജിക്കൽ ഡവലപ്പ്മെന്റ് ആയിരിക്കും. കലിയുഗത്തിന്റെ അവസാനം കലിയുഗം 821 വർഷം മിച്ചമുള്ളപ്പോൾ സംഭലഗ്രാമത്തിൽ വിഷ്ണുയശ എന്നു പേരുള്ള ബ്രാഹ്മണന്റെ വീട്ടിൽ കൽക്കിയുടെ ജനനം സംഭവിക്കുമെന്ന് പറയുന്നു. അതിനുശേഷം ഭൂമിയുടെ ഉള്ളിൽ ഉരുകി തിളക്കുന്ന നാലാമത്തെ ഭാരംകൂടിയ അടിതട്ട് മുകളിലേക്ക് ഉയർന്ന് വരുകയും ഭൂമിയിൽ ജീവന്റെ സർവ്വാനാശം സംഭവിക്കുകയും ചെയ്യും. അതിന് ശേഷം കൃതയുഗം ആരംഭിക്കുന്നു. ഭൂമിയിൽ നിന്ന് ഏതെല്ലാം ജീവികൾ മദ്ധ്യകാലഘട്ടത്തിൽ വംശനാശം സംഭവിച്ച് പോയിട്ടുണ്ടോ? അതിനെല്ലാം തിരിച്ച് വരാൻ അവസരം കിട്ടുന്നു. ഭൂമിയിൽ ഒരു ജീവസഞ്ചയം നിലനിൽക്കെ വംശനാശം സംഭവിച്ച ജീവികൾക്ക് തിരിച്ച് വരാൻ കഴിയുകയില്ല. കാരണം ഭൂമിയിലെ ജീവസഞ്ചയം അവക്കെതിരെ പൊരുതും ആയതിനാൽ ഭൂമിയിൽ സർവ്വനാശത്തിന് ശേഷം സൂഷ്മാണുവിൽ നിന്നും ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായ എല്ലാ ജീവജാലകങ്ങളും ദിനോസർ വരെ തിരിച്ച് വരുകയും ചെയ്യും ഇതുപോലെ 1000 മഹായുഗങ്ങൾ ആവർത്തിച്ച് കടന്നുപോകും. അബ്രാഹത്തിന്റെ ആയുസ് കണ്ട് നിങ്ങൾ വിസ്മയിക്കേണ്ട കാരണം അബ്രാഹത്തിന്റെ 40 വയസ്സിൽ ഇന്നത്തെ മനുഷ്യന്റെ 6.5 വയസ് വളർച്ചയെ ഉണ്ടാകു. കൃതയുഗമനുഷ്യന് ഏത് മേഖലയിലും ആഴത്തിലുള്ള ദർശനങ്ങൾ കൂടുതൽ ആയിരിക്കും. എന്നാൽ അവർക്ക് അറിവിന്റെ പരപ്പ് കുറവായിരിക്കും. കലിയുഗമനുഷ്യന് ആഴത്തിലുള്ള ദർശനങ്ങൾ കുറവായിരിക്കും. എന്നാൽ അറിവിന്റെ പരപ്പ് കൂടുതൽ ആയിരിക്കും. ഒന്നിനെയും കുറിച്ച് ആഴത്തിൽ പഠിക്കാൻ അവന് സമയമില്ലാത്തതുകൊണ്ടുതന്നെയാണ് കാരണം. ഇത് കലിയുഗമനുഷ്യന്റെ ഒരു ഭ്രമം മാത്രമാണ്.

## ***വർണ്ണനിറത്തിലുള്ള ഐസ് മഴക്കും ഐസ് വീഴ്ചക്കും വർണ്ണമഴക്കുള്ള കാരണം എന്താണ്***

ഭൂമിയുടെ അന്തരീക്ഷത്തിൽ കൂടുതൽ അളവ് ഉൽക്കവർഷം മൂലമോ വളരെ വലിയ ഉൽക്ക

സ്ഫോടനം മൂലമോ ആണ് ഇത്തരം പ്രതിഭാസങ്ങൾ ഭൂമിയിൽ അരങ്ങെറുന്നത്. ഉൽക്കവർഷത്തിനും ഉൽക്കസ്ഫോടനത്തിനും ഉടനെയല്ല ഈ പ്രതിഭാസങ്ങൾ ഭൂമിയിൽ ഉണ്ടാകുന്നുത്. ഏതാനും വർഷ ങ്ങൾക്ക് ശേഷമായിരിക്കും. അല്ലെങ്കിൽ മാസങ്ങൾക്ക് ശേഷമായിരിക്കും. ഈ പ്രതിഭാസങ്ങൾ ഭൂമി യിൽ ഉണ്ടാകുന്നത്. ഭൂമിയുടെ അന്തരീക്ഷത്തിൽ ഉൽക്കപ്പൊടിപടലം രൂപപ്പെടുന്നതിന്റെ ദൂരം അനു സരിച്ച് ആയിരിക്കും. ഭൂമിയിൽ ഈ പ്രതിഭാസങ്ങളുടെ സമയം കണക്കാക്കുന്നത്. വളരെ ഉയരത്തിൽ വെച്ചാണ് ഈ പ്രതിഭാസം ഉണ്ടാകുന്നെങ്കിൽ ഉൽക്കപ്പൊടി പടലം ഭൂമിയെ പരിക്രമണം ചെയ്യ്ത് ഭൂമി യുടെ അടിയിൽ എത്താൻ സമയം എടുക്കും. ഭൂമിയുടെ 30 കിലോമീറ്റർ ആണ് പൊടിപ്പടലം രൂപപ്പെ ടുന്നെങ്കിൽ അത് ഭൂമിയെ പരിക്രമണം ചെയ്ത് ഭൂമിയുടെ അടിയിൽ എത്താൻ ഏതാനും മാസങ്ങൾ മതിയാകും. ഉൽക്കവർഷം കണ്ട സ്ഥാനത്ത് ആയിരിക്കണമെന്നില്ല മറ്റൊരു സ്ഥാനത്ത് ആയിരിക്കും ഈ പ്രതിഭാസങ്ങൾ രൂപപ്പെടുന്നത്. അതുകൊണ്ട് ആരും ഉൽക്കയെ സംശയിച്ചില്ല. ഉൽക്കയിൽ ഇരു മ്പിന്റെ അംശം കൂടിയതുകൊണ്ട് അത് ചുവന്ന മഴക്ക് കാരണമായി.

***ലോകവസാനം***

ലോകം അവസാനിക്കുമോ? അവയെക്കുറിച്ച് ബൈബിളിൽ പറയുന്ന അടിസ്ഥാന വസ്തുത കളും അവയെക്കുറിച്ച് യുക്തി നിരത്തുന്ന കാരണങ്ങളും 2012 എന്ന ഇംഗ്ലീഷ് സിനിമ നിങ്ങൾ ചില പ്പോൾ കണ്ടിരിക്കും. ബൈബിളിലും ഇതിനെക്കുറിച്ച് മുന്നറിയിപ്പുകളുണ്ട് (ലൂക്കാ 12:54 - 56) ൽ എഴു തിയിരിക്കുന്നത് ഇങ്ങനെയാണ് പടിഞ്ഞാറു മേഘം ഉയരുന്നത് കണ്ടാൽ മഴ വരുന്നു എന്നു നിങ്ങൾ പറയുന്നു അങ്ങിനെ സംഭവിക്കുകയും ചെയ്യുന്നു. തെക്കൻ കാറ്റടിക്കുമ്പോൾ അത്യൂഷ്ണമുണ്ടാകും എന്ന് നിങ്ങൾ പറയുന്നു. അങ്ങിനെ സംഭവിക്കുകയും ചെയ്യുന്ന കപടനാട്യകാരെ ഭൂമിയുടെയും ആകാ ശത്തിന്റെയും ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാം. എന്നാൽ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്? ലോകവസാനം എന്നേന്നക്കുമുള്ള അവസാനമല്ല മനുഷ്യന് ജനനമരണങ്ങൾ ഉള്ളതുപോലെ ലോകത്തിനും ജനനമരണങ്ങളുണ്ട് ഇത് ലോകത്തിൽ പതിവായി സക്കുന്ന പ്രതിഭാസം മാത്രമാണ്. ലോകവസാനം എന്നേക്കുമുള്ള അവസനമല്ല. ഇതിനെ മറ്റൊര അർത്ഥ ത്തിലും വ്യാഖ്യാനിക്കാം യേശുവിന്റെ വനെക്കുറിച്ചും യേശു കാണിക്കുന്ന അത്ഭുതത്തെക്കുറിച്ചും വ്യാഖ്യാ നിക്കാൻ കഴിയുന്നത് എന്തുകൊണ്ടാണ്. യേശുവിന്റെ വരവിന്റെ ലക്ഷണങ്ങൾ ബൈബിളിൽ വ്യക്തമാ ണ്. ഇതിന്റെ മറ്റൊരു വ്യാഖ്യാനം ഇതാണ് കാലത്തിന്റെ അവസാനം അടുക്കുമ്പോൾ കാലം അതിന്റെ ലക്ഷണങ്ങൾ കാണിക്കും. അത് ഇതാണ്. അമ്പരിപ്പിക്കുന്ന ജനസംഖ്യവർദ്ധനവ് സസ്യങ്ങളിൽ മുമ്പി ല്ലാത്ത പലതരം രോഗങ്ങൾ അവയെ നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥ ഇതാണ് ആദ്യം കണ്ടുതുടങ്ങിയ ത്. കായ്കനികളുടെ രുചി കുറഞ്ഞ് വരിക ഭൂകമ്പം ചുഴലിക്കാറ്റ് മനുഷ്യന്റെ ആയുസ്സിൽ വരുന്ന കുറവ് അമിതവളർച്ച. മനുഷ്യന്റെ ആയുസ് കൂട്ടൻ കഴിയും. അവക്കുള്ള മരുന്നുകളും മരണം ഇല്ലാതാ ക്കാൻ കഴിയും എന്നി അവകാശവാദങ്ങളും ഇവയെല്ലാം എവിടെ ചെന്ന് എത്തും എന്ന് എനിക്ക് അറി ഞ്ഞുകൂടാ. ഇവയെല്ലാം പുറമെ കാണുന്നത്. അകത്ത് മനുഷ്യൻമനസ്സിൽ ദുർഗുണങ്ങൾ വർദ്ധിക്കും ഇതെല്ലാം കാലത്തിന്റെ അടയാളങ്ങളാണ്. ഇത് വെറും ചാറ്റൽ മഴയല്ല വരാനിരിക്കുന്ന പെരുമഴയുടെ തുടക്കം മാത്രം. അതായത് 1900 മാണ്ടിന്റെ അവസാനഘട്ടത്തിൽ പോലും ഭൂകമ്പങ്ങളെ കുറിച്ചുള്ള അറിവ് സാധാരണക്കാർക്ക് വളരെ പരിമതിമായിരുന്നു. എന്നാൽ 2000 മാണ്ടിന്റെ തുടക്കത്തിൽ ഭൂക മ്പങ്ങളെക്കുറിച്ച് ഉള്ള അറിവ് നമ്മുക്ക് ലഭിച്ചതിന്റെ കാരണം അതിന്റെ തീവ്രത കൂടുന്നു. എന്നതിന്റെ

ലക്ഷണം മാത്രമാണ്. ഭൂമി മുഴുവൻ ഭൂകമ്പങ്ങളുടേയും കുട്ടപൊരിച്ചിലിന്റെ കാലം അധികം വിദൂരമല്ല. ഭൂകമ്പങ്ങളും ചുഴലിക്കാറ്റും അപ്പോൾ നിത്യസംഭവമായിരിക്കും. ഇപ്പോൾ നിങ്ങൾ പറയും അത് അമേരിക്കയിലല്ല ആഫ്രിക്കായിലല്ല നിങ്ങളും ആ ദുരിതത്തിന് ഇരയാകും അപ്പോൾ നിങ്ങൾ അറിയും നാസ വ്യർത്ഥമായ ആകാശഗവേഷണങ്ങൾ നിർത്തിവെച്ച് ഭൗമന്തരഗവേഷണം ആരംഭിക്കുന്ന കാലം വിദൂരമല്ല. അതിശക്തമായ സുനാമിയിൽ ആഴക്കടലിൽ പോലും കപ്പലുകൾ സുരക്ഷിതമല്ല വലിയ പെട്ടകങ്ങൾ നിർമ്മിച്ചാൽ കടലിൽ ഇറക്കാൻ കഴിയുകയില്ല മാത്രമല്ല ശക്തമായ സൂനാമിയിൽ മണൽ തിട്ടയിൽ ഇടിച്ച് തകരുകയും ചെയ്യും. ടെറ്റാനിക്ക് എന്ന കപ്പൽ വെറും ഐസുകട്ടയിൽ ഇടിച്ചാണ് തകർന്നത്. ശക്തായ ഭൂകമ്പകാലഘട്ടത്തിൽ സമുദ്രത്തിൽ മഞ്ഞുമലകൾ വളരെ അധികമായിരിക്കും അതുകൊണ്ട് കപ്പലുകളും പെട്ടകങ്ങളും കടലിൽ ഇറക്കിയാൽ തന്നെ അവ സുരക്ഷിതമല്ല. 2012 എന്ന സിനിമയിൽ കാണുന്നതുപോലെ മലയിടുക്കുകളിൽ ഇടിച്ചിട്ടുപോലും പെട്ടകങ്ങൾ തകരുന്നില്ല. മനുഷ്യന്റെ കമ്പ്യൂട്ടർ അനിമേഷൻ ഭാവനമാത്രമാണ്. യഥാർത്ഥ്യം മറ്റൊന്നാണ്. അതുകൊണ്ട് ആകാശഗവേഷണങ്ങൾ നിർത്തിവെച്ച് മുങ്ങികപ്പലുകളുടെ നിർമ്മാണത്തിലേക്ക് നാസ തിരിയുമോ എന്ന് നമുക്ക് കാത്തിരുന്ന് കാണം. (മത്താ. 24:7 – 8) ൽ പറയുന്നു എങ്കിലും അവസാനം ഇനിയും ആയിട്ടില്ല ജനത ജനതയോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യും പലസ്ഥലങ്ങളിലും ക്ഷാമങ്ങളിലും ഭൂകമ്പങ്ങളും ഉണ്ടാകും. ഇതെല്ലാം ഈറ്റുനോവിന്റെ തുടക്കം മാത്രം. ഭൂകമ്പങ്ങളും സൂനാമിയും ചുഴലിക്കാറ്റുമാണ് ഇപ്പോഴത്തെ സാമ്പത്തികമാന്ദ്യത്തിന്റെ കാരണങ്ങളിൽ ഒന്ന് വേണമെങ്കിൽ പറയാം. (മത്താ. 24:16 – 20) ൽ പറയുന്നു. യൂദായിലുള്ളവർ പർവ്വതങ്ങളിലേക്കും പാലായനം ചെയ്യട്ടെ. പുര മുകളിലായിരിക്കുന്നവൻ വീട്ടിൽ നിന്ന് എന്തെങ്കിലും എടുക്കാൻ താഴേക്ക് ഇറങ്ങാതിരിക്കട്ടെ വയലിലായിരിക്കുന്നവൻ മേലങ്കിയെടുക്കാൻ പിൻതിരിയരുത് ഇതിന്റെ വ്യാഖ്യാനം ഇതാണ് യുദായിലുള്ളവർ പർവ്വതങ്ങളിലേക്ക് പലായനം ചെയ്യട്ടെ എന്ന് പറഞ്ഞാൽ പർവ്വതത്തിന്റെ അടുത്തുവരെ സൂനാമി എത്തും എന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. പുരമുകളിൽ ഇരിക്കുന്നവൻ വീട്ടിൽ നിന്ന് എന്തെങ്കിലും എടുക്കാൻ താഴേക്ക് ഇറങ്ങാതിരിക്കട്ടെ എന്ന് പറഞ്ഞാൽ ഭൂകമ്പലക്ഷണം കണ്ടാലുടെ കെട്ടിടത്തിന്റെ മുകളിലിരിക്കന്നവർ അവിടെ തന്നെ കട്ടിലിനടിയിലോ ബഞ്ചിനടിയിലോ ഇരിക്കുകയായിരിക്കും. കൂടുതൽ സുരക്ഷിതം ഇത് ബാബേൽ ഗോപുരത്തിന്റെ കാര്യത്തിൽ ബാധകമല്ല. വയലിൽ ആയിരിക്കുന്നവൻ എന്തെങ്കിലും എടുക്കാൻ പിൻതിരിയരുത് എന്ന് പറഞ്ഞാൽ അവിടെ മറിഞ്ഞിവീഴാൻ കെട്ടിടങ്ങളോ മരങ്ങളോ ഒന്നുമില്ലല്ലോ. ജപ്പാൻകാർ ഭുകമ്പസമയത്ത് തുളമ്പായ സ്ഥലങ്ങളിലേക്ക് ഓടിപോകുകയാണ് ചെയ്യാറ്. വയിൽ നിങ്ങൾ സുരക്ഷിതനായിരിക്കും എന്നാണ് ഇതിന്റെ സൂചന. (മർക്കോ 17:18) ഇങ്ങനെ പറയുന്നു. ആ ദിവസങ്ങളിൽ ഗർഭണികൾക്കും മൂലയൂട്ടന്നവർക്കും ദുരിതം നിങ്ങളുടെ പാലായനം ശീതകാലത്തു സംഭവിക്കാതിരിക്കാൻ പ്രാർത്ഥിക്കുവിൻ (ഉൽപ 9:11 – 12) 15 – 16 ൽ പറയുന്ന ഭൂമിയെ നശിപ്പാൻ ഇനിയൊരു വെള്ളപ്പൊക്കമുണ്ടാവില്ല ദൈവം തുടർന്നരുള്ളിചെയ്തു.

എല്ലാം തലമുറകൾക്കും വേണ്ടി നിങ്ങളെയും സകലജീവജാലങ്ങളുമായി ഞാൻ സ്ഥാപിക്കുന്ന എന്റെ ഉടമ്പടിയുടെ അടയാളം ഇതാണ് സർവ്വജീവനേയും നശിപ്പിക്കാൻ പോരുന്ന ഒരു ജലപ്രളയം ഇനിയൊരിക്കലും ഉണ്ടാകില്ല. ഇതിന്റെ വ്യാഖ്യാനം ഇതാണ് സൂനാമി ഒരിക്കലപം ഒരു വെള്ളപൊക്കമല്ല അത് ഒരു തിര മാത്രമാണ്. ലൂക്കാ 21:23 ൽ പറയുന്നു പട്ടണത്തിലുള്ളവർ അവിടം വിട്ട് പോകട്ടെ ഗ്രാമങ്ങളിലുള്ളവർ പട്ടണത്തിൽ പ്രവേശിക്കാതിരിക്കട്ടെ കാരണം എഴുതപ്പെട്ടവയെല്ലാം പൂർത്തിയാകേണ്ട

പ്രതികാരത്തിന്റെ ദിവസങ്ങളാണ് അവ. ഇതിന്റെ വ്യാഖ്യാനമിതാണ് ഭൂകമ്പം കൊണ്ട് പട്ടണം തകർന്ന് തരിപ്പണമാകും. പട്ടണത്തിൽ നിന്ന് ഗ്രാമത്തിൽ വിശ്രമിക്കാൻ വന്നവർക്ക് ചിലപ്പോൾ തിരിച്ച് പട്ടണത്തിലേക്ക് പോകേണ്ടിവരില്ല. മാത്രമല്ല അവിടെ നിന്ന് വലതും എടുക്കാൻ ശ്രമിക്കാതിരിക്കുന്നതാണ് നല്ലത്. (മത്താ.24:37 - 42 ൽ പറയുന്ന നോഹയുടെ ദിവസങ്ങൾ പോലയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം ജലപ്രളയത്തിന് മുമ്പുള്ള ദിവസങ്ങളിൽ നോഹയുടെ പേടകത്തിൽ പ്രവേശിച്ച ദിവസം വരെ അവർ തിന്നും കുടിച്ചും വിവാഹം ചെയ്തും ചെയ്തുകൊടുത്തും കഴിഞ്ഞുപോന്നു. ജലപ്രളയം വന്ന് സംഹരിക്കുന്നതുവരെ അവർ അറിഞ്ഞില്ല. ഇപ്രകാരം തന്നെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനവും (ലൂക്കാ 17:34 - 35 ൽ പറയുന്നു ഞാൻ നിങ്ങളോട് പറയുന്നു അന്നു രാത്രി ഒരു കട്ടിലിൽ രണ്ട് പേർ ഉണ്ടായിരിക്കും. ഒരാൾ എടുക്കപ്പെടും മറ്റേയാൾ അവശേഷിക്കും. രണ്ട് സ്ത്രീകൾ ഒരുമിച്ച് ധാന്യം പൊടിച്ചുകൊണ്ടിരിക്കും. ഒരുവൾ എടുക്കപ്പെടും മറ്റേയവൾ അവശേഷിക്കും. (മാർക്കോ13:1 - 2 ൽ പറയുന്നു യേശു ദേവാലയത്തിൽ നിന്നുപുറത്ത് വന്നപ്പോൾ ശിഷ്യൻമാരിൽ ഒരുവൻ പറഞ്ഞു ഗുരോ നോക്കു എത്രവലിയ കല്ലുകൾ എത്ര വിസ്മയകരമായ സൗധങ്ങൾ! അവൻ പറഞ്ഞു ഈ മഹാസൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? എന്നാൽ ഇവയെല്ലാം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർകപ്പെടും. ഇതെല്ലാം ഇപ്പോൾ പതിവിലും കൂടുതലായി സംഭവിക്കാൻ പോകുന്നു. (മത്താ. 24:36ൽ പറയുന്നു ആ ദിവസത്തെ കുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ എന്ന് ഇവിടെ യേശു തുറന്നടിക്കുന്നു. കാലത്തിന്റെ അന്ത്യം കൃത്യമായി എനിക്കും പറയുവാൻ കഴിയുകയില്ല സൂചനകൾ തരാനില്ലാതെ മറ്റൊന്നും കഴിയുകയില്ല സർവ്വവ്യാപിയായ ദൈവത്തിന് അത് അറിയാം എന്നാണ് യേശു ഇവിടെ വെളിപ്പെടുത്തുന്നത്. കാലത്തിന്റെ അന്ത്യത്തെക്കുറിച്ച് പറയുമ്പോൾ ചിന്തകൾ രണ്ട് ധ്രുവത്തിലേക്ക് പോകുന്നു. കാലത്തിന് ഒരന്ത്യമുണ്ടോ? അതിന് ഉത്തരം കാലത്തിന്റെ സ്വഭാവം ദിനരാത്രങ്ങൾ പോലെയാണ്. അതാണ് ഒരു ചിന്താധ്രുവത്തിലുള്ള ഉത്തരം. അടുത്ത കാലത്ത് കാലത്തിന്റെ അന്ത്യം എപ്പോഴാണ് സംഭവിക്കുന്നത് അതിന് കൃത്യമായ ഉത്തരം യേശുവും പറയുന്നില്ല. ഇതാണ് ഉത്തരമില്ലാത്ത മറ്റൊരു ധ്രുവത്തിലെ ചോദ്യം. 2000 - മാണ്ടിൽ ലോകവസാനിക്കും വളരെ കാലം മുതലുള്ള വിശ്വാസമാണ്. ഇത് ആരാണ് പറഞ്ഞത് എന്നത് വ്യക്തമല്ല. അത് ഏകദേശം ശരിയായി വരുന്നുമുണ്ട്. യേശു കാലത്തിന്റെ അന്ത്യം വ്യക്തമായി പ്രവചിക്കാത്തതിന്റെ കാരണം മനശാസ്ത്രപരമായി പറഞ്ഞാൽ കാലത്തിന്റെ അന്ത്യം വ്യക്തമായി പറഞ്ഞാൽ അതുവരെ മനുഷ്യൻ ആ സമയത്തെ ധൂർത്തടിക്കാൻ സാദ്ധ്യയുണ്ട് അതുകൊണ്ട് യേശു ആ സമയത്തെക്കുറിച്ച് പറയാതിരുന്നത്. കാലത്തിന്റെ അന്ത്യം അതാതുസമയങ്ങലിൽ ദൈവം പ്രവാചകന്മാരിലൂടെ അത് വെളിപ്പെടുത്തും എന്ന് നമ്മുക്ക് പ്രതീക്ഷിക്കാം. (ലൂക്കാ 23:29 - 31 ൽപറയുന്നു. എന്തെന്നാൽ വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നു പറയുന്ന ദിവസങ്ങൾ വരും അന്ന് അവർ പർവ്വതങ്ങളോടും ഞങ്ങളുടെ മേൽ വീഴുക എന്നും കുന്നുകളോട് ഞങ്ങളെ മൂടികളയുക എന്നു പറയുവാൻ തുടങ്ങും. ഇതിന്റെ വ്യഖാനമിതാണ് ഭൂമിയുടെ 100 കിലോമീറ്റർ കനം വരുന്ന മേൽത്തട്ടിന്റെ പ്രായം അധികരിച്ചിരിക്കുന്നു. അതുകൊണ്ട് രോഗങ്ങളും വ്യാധികളും അംഗവൈകല്യവും വളരെയധികം കൂടുതലായിരിക്കും. അമിഞ്ഞപാല് കുട്ടിക്ക് വിഷമായി മാറും. ജനിക്കുന്ന കുട്ടികൾ മാതാപിതാക്കന്മാർക്കും സമൂഹത്തിനും വലിയൊരു ഭാരമായിതീരും വിവാഹം തന്നെ ഒരു പേടിസ്വപ്നമായി തീരും അതുകൊണ്ടാണ് യേശു ഇങ്ങനെ പറഞ്ഞത് ഭീമൻ അഗ്നിപർവ്വതങ്ങൾ പൊട്ടി ഭൂമിയിൽ വിനാശം വിതക്കും

ഭൂമിയിലെ ചൂട് വർദ്ധിച്ചതിന്റെ ഫലമായി ഭൂമിയിൽ ഈർപ്പത്തിന്റെ അംശം വർദ്ധിച്ച് മഴ ഭൂമിയിൽ വിനാശം വിതക്കും കര കടലാവുകയും കടൽ കരയാവുകയും ചെയ്യും എന്ന് പഴമക്കാർ പറയാറുണ്ട് അത് സമയമാകുമ്പോൾ എല്ലാവർക്കും ബോധ്യമാകുകയും ചെയ്യും. ഭൂമിശാസ്ത്രജ്ഞന്മാർക്ക് അത് മനസിലായിട്ടുണ്ട്. അന്ന് യേശുവിനെക്കുറിച്ചുള്ള ചരിത്രസംഭവം കെട്ടുകഥയായി മാറും യേശുവിന്റെ ജന്മദേശം വെറും സാങ്കൽപ്പികമായി മാറും. കാരണം ആ ഭൂമി ഭൂമിയുടെ ഉള്ളിലേക്ക് ഒഴുകി പോയിരിക്കും. അതുകൊണ്ട് പുതിയ ആകാശവും ഭൂമിയിയും ആയിരിക്കും നിങ്ങൾ കാണുന്നത്. ഈ കാഴ്ചപ്പാടിൽ കൃഷ്ണജന്മം ഒരു സാങ്കൽപിക കഥയല്ല എന്ന് നിങ്ങൾക്ക് മനസ്സിലാകും. ഇന്ന് പറയുന്ന കൃഷ്ണജന്മഭൂമി വെറും സാങ്കൽപികമാണ് കാരണം ആ ഭൂമി ഭൂമിയുടെ അടിയിലേക്ക് ഒഴുകിപ്പോയിരിക്കുന്നു. കൽപ്പകൊണ്ട് പുതിയ കൃഷിയിടം ഒരുക്കുമ്പോൾ മേൽപ്പരപ്പിലുള്ള മണ്ണ് കീഴ്പ്പോട്ട് മറിയുന്നതുപോലെയാണ് മുകൾഭാഗത്തെ  പ്ലയ്റ്റ് നൂറും നൂറ്റിയിരുപത് കിലോമീറ്റർ ആഴത്തിലേക്ക് പോകുന്നത്. ഈ പ്ലെയ്റ്റുകൾ ഒരു ബെൽറ്റ് പോലെയാണ് പ്രളയകാലത്ത് കറങ്ങുന്നത് ഇപ്പോൾ മനസ്സിലായിലെ കൃഷ്ണജന്മഭൂമി സാങ്കൽപ്പികസ്ഥാനങ്ങളാണ്. വ്യവഹാരപ്രപഞ്ചത്തെ സൃഷ്ടിക്കുക എന്നതാണ് ഇതിലെ ഉദ്ദേശ്യം. ഇതിലെ നല്ല ഉദ്ദേശ്യം ദൈവത്തിന്റെതാണ് എന്ന് മനസ്സിലായാൽ മതി. ശാസ്ത്രീയമായ വസ്തുനിഷ്ട കാര്യങ്ങൾ (അടുത്ത ലക്കത്തിൽ തുടരും.)

1-ാം ലക്കം വ്യാഖ്യാനങ്ങൾ

2-ാം ലക്കം വസ്തുകൾ

3-ാം ലക്കം കാരണങ്ങൾ ഊർജ്ജം വരുന്ന വഴികൾ

4-ാം ലക്കം എന്നെക്കുമുള്ള അവസാമാണങ്കിൽ അത് എല്ലാത്തിന്റെയും തുടക്കമായി തീരുന്നു. ഊർജ്ജം പോകുന്ന വഴികൾ തമോഗർത്തങ്ങളെ കുറച്ച് വിശദീകരിക്കുന്നു.

***പ്രളയകാലം***

രണ്ട് ആകാശമഹാപ്രളയങ്ങൾക്ക് ശേഷമമാണ് കൽപ്പപ്രളയം വരുന്നത് അതിന് ശേഷം മഹാപ്രളയം അതിനുശേഷം യുഗപ്രളയം, അതിനുശേഷം ക്ഷുദ്രപ്രളയം, മഹാപ്രളയം ഒരു സൂര്യായുസ്സിൽ 1000 പ്രാവശ്യം നടക്കും. യുഗപ്രളയം 1000 X 3= 3000 പ്രാവശ്യം നടക്കും. ഒരു യുഗത്തിൽ ക്ഷുദ്രപ്രളയം അനേകം തവണ ആരംഭിക്കും. ദ്വാപരയുഗം അവസാനിച്ച് കലിയുഗം തുടങ്ങിയപ്പോൾ ഒരു യുഗപ്രളയം മുൻപുണ്ടായിട്ടുണ്ട്. കലിയുഗം അവസാനിക്കുമ്പോൾ മാത്രമേ മഹാപ്രളയം ഉണ്ടാവുകയുള്ളൂ. കലിയുഗത്തിന് 4,32000 വർഷങ്ങൾ ഉണ്ട് അതിൽ 5112 വർഷമേ ആയിട്ടുള്ളൂ. കലിയുഗത്തിൽ 3 പ്രധാനക്ഷുദ്രപ്രളയങ്ങൾക്ക് ഉണ്ട് അത് 1,72800 വർഷം കഴിയുമ്പോഴാണ് 3,02400 ഇത്രം വർഷങ്ങൾ കഴിയുമ്പോഴാണ് മറ്റൊരു ക്ഷുദ്രപ്രളയമുണ്ടാകുന്നത്. 3,88800 ഇത്രം വർഷങ്ങൾ കഴിയുമ്പോൾ മറ്റൊരു ക്ഷുദ്രപ്രളയംകൂടിയുണ്ടാകുന്നു. അതിന് ശേഷം മഹാപ്രളയമായിരിക്കും. 3888000 ഈ കലിയുഗവസാനത്തിൽ മനുഷ്യായുസ്സ് 30 വയസ്സാണ് 5000 ചില്ലാനം വർഷത്തിൽ ഉണ്ടാകാൻ പോകുന്ന പ്രളയം കണക്കിൽപ്പെടുത്താൻ കഴിയാത്തതാണ് എങ്കിലും മുൻപ് പറഞ്ഞ ക്ഷുദ്രപ്രളയങ്ങളെക്കാൾ വളരെ ചെറുതായിരിക്കും മായൻ കലണ്ടറും കലിയുഗകലണ്ടറും തമ്മിൽ 14 വർഷത്തെ വ്യത്യാസമുണ്ട്. കലിവർഷം 5112 ആണെങ്കിൽ മായൻ കലണ്ടർ 5126 ൽ അവസാനിക്കുന്നു. 14 വർഷത്തിന് ശേഷം ഭൂമിയിൽ ക്ഷുദ്രപ്രളയം ഉണ്ടാകാൻ ഇടയുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. 5000 വർഷം മുമ്പ് ഉള്ള ചരിത്രം നമുക്ക് ലഭ്യമല്ല. അതിന്റെ കാരണം മനസ്സിലായി കാണുമല്ലോ. മായൻ കലണ്ടറിൽ 14 വർഷത്തെ പിഴവ് സംഭവി

ക്കുന്നു. എന്ന് ഞാൻ കാണുന്നു.

<u>**ഹൈഡ്രോഫോബിയുടെ മനഃശാസ്ത്രം**</u> : പേപ്പട്ടി വിഷബാധ ബാധിച്ച മനുഷ്യന് വെള്ളം കാണുമ്പോൾ പേടി തോന്നാൻ കാരണം എന്ത്? വെള്ളപാത്രം അടുത്ത് കൊണ്ട് ചെല്ലുമ്പോൾ താൻ വെള്ളത്തിൽ മുങ്ങി നിൽക്കുകയാണ് എന്ന തോന്നൽ ഉണ്ടാകുന്നു. അപ്പോൾ വ്യക്തിക്ക് വെള്ളത്തിലാണ്ട് പോകുന്ന ത്പോലുള്ള തോന്നൽ ഉണ്ടാകുന്നു അത് മൂലമാണ് ഹൈഡ്രോഫോബിയ ഉണ്ടാകുന്നത്. വെള്ളത്തിന്റെ ചാഞ്ചാട്ടം എന്നിവ ഭയം ഉണ്ടാക്കുന്ന കാരണങ്ങളാണ് എന്നാൽ വെള്ളതുള്ളി കാണുമ്പോൾ ഹൈഡ്രോ ഫോബിയ ഉണ്ടാകുകയില്ല. എല്ലാ കരയിലെ ജീവികളിലും ഹൈഡ്രോഫോബിയ സെൻസ് ഉണ്ട് അതു കൊണ്ടാണ് വെള്ളം കൂടുതൽ ഉള്ള സ്ഥലങ്ങൾ കാണുമ്പോൾ ഭയം ഉണ്ടാകുന്നത് കൂടുതൽ വെള്ള ത്തേയും കുറച്ച് വെള്ളത്തേയും വേർതിരിച്ച് കാണുന്നത് മറ്റു സെൻസുകളാണ് പേപ്പട്ടി വിഷബാധ ഉണ്ടാകുമ്പോൾ മറ്റു വിവേജന സെൻസുകൾ പ്രവർത്തനരഹിതമാകുന്നു. അപ്പോൾ ഹൈഡ്രോഫോബിയ സെൻസ് മാത്രം പ്രവർത്തനക്ഷമമാകുന്നു. അപ്പോൾ ഹൈഡ്രോഫോബിയ എന്ന മാസിക വൈകല്യം ഉണ്ടാകുന്നു. ഈ മനസിക വൈകല്യത്തിൽ ആഴകടൽ കണ്ടാലും മറ്റു ചെറിയ പാത്രത്തിൽ വെള്ളം കണ്ടാലും ഹൈഡ്രോഫോബിയ ഉണ്ടാകും.

<u>***കാന്തികമണ്ഡലത്തെ താങ്ങി നിർത്തുന്ന ഘടകം എന്താണ്?***</u>

എം.ഫീൽഡിലെ നോസോർ എന്ന ദ്രവ്യഘടകം വളരെ ചെറിയ അളവിൽ ഇലക്ട്രോൺ ഫീൽഡ് മുതൽ സോളിസ് ഫിൻഡ് വരെ വ്യാപിച്ച് കിടക്കുന്നുണ്ട്. സൗരയുഥത്തിന് കാന്തിക മണ്ഡലം ഉണ്ടങ്കിൽ സൗരയുഥത്തിന്റെ ഭാരത്തെ ആദേശം ചെയ്യാൻ നോസോർ എന്ന ഘടകത്തിന് കഴിയും. ഈ ദ്രവ്യ ഘടക മാണ് സൗരയുഥത്തെ താങ്ങി നിർത്തുന്നത്. കാന്തിക സ്വാതന്ത്രമണ്ഡലമാണ് നോസോർ. പ്രവഞ്ചത്തിന് ഏറ്റവും പുറത്തുള്ള മണ്ഡലമാണ് നോസോർ മണ്ഡലം. പ്രപഞ്ചത്തിന് കാന്തിക മണ്ഡലം ഇല്ലെങ്കിലും കാന്തിക സ്വാതന്ത്രമണ്ഡലം ഉണ്ട്. കാന്തിക സ്വതന്ത്രമണ്ഡലത്തിന് കാന്തിക സ്വഭാവം ഇല്ല എന്നുള്ളത് ഒരു പ്രധാന പ്രത്യേകതയാണ്.

<u>***ഓരോ കാലഘട്ടത്തിൽ ഓരോ അവതാരങ്ങൾ വരുന്നതിന്റെ കാരണമെന്താണ്?***</u>

ഓരോ ഓരോ കാലഘട്ടത്തിനും ഓരോരോ ധർമ്മങ്ങളാണ്. കാലഘട്ടം മാറുമ്പോൾ ധർമ്മങ്ങൾ മാറിമറഞ്ഞും വരും ഒരു കുട്ടി വളർന്നുവരുമ്പോൾ അവന്റെ കുട്ടിത്തം നശിച്ചുപോയി പുതിയ പുതിയ ശരീരധർമ്മങ്ങളിലേക്ക് അവൻ മാറികൊണ്ടിരിക്കുന്നു, പിന്നീട് അവന്റെ ശരീരധർമ്മങ്ങൾ ക്ഷയിക്കാൻ തുടങ്ങുന്നു. അതുകൊണ്ട് പുതിയ അവതാരങ്ങളുടെ ധർമ്മമാണ് സ്വീകരിക്കേണ്ടത്. ഈ ആശയം മത ഭ്രാന്തിന് ഒരു വജ്രായുധമാണ്. കലിയുഗ ധർമ്മമാണ് ധാനം. കലിയുഗ നീതി ക്ഷമിക്കുക എന്നതാണ് പ്രധാനം. ക്ഷമിക്കാൻ കഴിയുന്നതിനപ്പുറം ക്ഷമിക്കുക, തമോഗുണം കലിയുഗത്തിൽ ഗുണത്തിലേറെ ദോഷമാണ് ചെയ്യുക. കലിയിലെ രോഗപീഡകൾ കുറക്കാൻ കലിയെ സംകരം ചെയ്യേണ്ടതാണ്. ഇതിനെ സംകര ധർമ്മം എന്നും പറയാം. കലിയിൽ മനുഷ്യവർഗ്ഗങ്ങൾ മാത്രമല്ല അറിവുകളിലും സങ്കരം ചെയ്യ പ്പെടും അവയുടെ കൂട്ടത്തിൽ മായജ്ഞാനവും ശുദ്ധജ്ഞാനവും യുക്തിയുടെ മണ്ഡലത്തിൽ സംകരം ചെയ്യപ്പെടും പക്ഷെ മായ ജ്ഞാനത്തിന്റെ തനിമ നഷ്ടപ്പെടും അതുകൊണ്ടാണ് കലിയെ സംകരയുഗം എന്ന് വിളിക്കുന്നത്. ശുദ്ധമനുഷ്യഇനങ്ങൾ സംകരം ചെയ്യത് നശിച്ച് പോകാതിരിക്കാൻ വേണ്ടിയാണ് ജാതി വ്യവസ്ഥിതി ഉണ്ടായത്. ഭൂമിയിൽ ജീവധർമ്മഷയം എന്നു പറഞ്ഞാൽ എന്താണ്? ഭൂമിയിൽ ജീവന്റെ കാലാവധി ഒരു നിശ്ചിത കോടി വർഷമാണ്. ഈ കാലാവധി അവസാനിക്കുമ്പോൾ ഭൂമിയിൽ നിന്ന് ജീവൻ

അപ്രത്യക്ഷമാകും. ജീവൻ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകുന്നതിന് മുമ്പ് ഭൂമിയിൽ ജീവന്റെ നരകയാതന ഉണ്ടാകും. അപ്പോൾ ഭൂമിയിലെ ജീവൻ എന്നെ കൊന്നുതരു എന്നെ കൊന്നുതരൂ എന്ന് വിളിച്ചു പറും അപ്പോൾ ദൈവം സംഹാരമൂർത്തിയായി അവതരിക്കും GOD ന്റെ അവസാന D എന്ന അക്ഷരത്തിന്റെ പൂർണ്ണരൂപം ഇവിടെ യാഥാർത്ഥ്യമായി തീരുന്നു.

## ജോതിഷം വൈദ്യശാസ്ത്രമാണോ?

ജോതിശാസ്ത്രവും ജീവശാസ്ത്രവും തമ്മിൽ ബന്ധപ്പെട്ടിട്ടുള്ള വൈദ്യശാസ്ത്രത്തെയാണ് ജോതിഷം എന്നു കരുതുന്നവരുണ്ട്. അങ്ങനെ വരുമ്പോൾ നമ്മൾ ഉദ്ദേശിക്കുന്ന ഭാവി - ഭൂത സാസ്ത്രമല്ല ജോതിഷം. അങ്ങനെയാണെങ്കിൽ ഭൂത - ഭാവി പ്രവചനശാസ്ത്രം ഇല്ലെന്നു പറയേണ്ടിവരികയും ഒപ്പം ജോതിഷത്തിലെ നിവാരണ ശാസ്ത്രം ജോതിഷത്തിന് ഭൂഷണമല്ലാതെ വരികയും ചെയ്യും. ജോതിഷം ഒരു വൈദ്യശാസ്ത്രമാണെങ്കിൽ ഭൂത-ഭാവി പ്രവചനശാസ്ത്രം ജോതിഷവൈദ്യശാസ്ത്രത്തിലെ ഒരു മാലിന്യമായി കരുതേണ്ടി വരും. ഭാവി-ഭൂത പ്രവചനശാസ്ത്രം ഉണ്ടെങ്കിൽ അതിന് മറ്റൊരു പേര് നൽകേണ്ടി വരും. അല്ലെങ്കിൽ ജീവജോതിശാസ്ത്രത്തെ ജോതിഷത്തിലെ മാലിന്യമായി കരുതി അതിനു മറ്റൊരു പേര് നൽകി ആധുനിക വൈദ്യശാസ്ത്രത്തിൽ ഉൾപ്പെടുത്തുക. കാരണം മാസ്പിത്ത് പ്രിൻസിപ്പളുമായി ജ്യോതിഷത്തെ സംയോജിപ്പിക്കാൻ യാതൊരു വിധത്തിലും സാദ്ധ്യമല്ല. മനുഷ്യമനസ്സിന്റെ താൽകാലികതൃപ്തിക്കും വ്യവഹാരപ്രപഞ്ചത്തെ സൃഷ്ടിക്കുകയുമാണ് ഈത്തരം ജ്യോതിഷസങ്കൽപ്പങ്ങൾ.

## *ഹസ്തരേഖ ശാസ്ത്രത്തെക്കുറിച്ച്*

ഹസ്തരേഖാ ശാസ്ത്രത്തെ രണ്ടായി വിഭജിക്കുക, വർത്തമാന ശാസ്ത്രമെന്നും ഭൂത -ഭാവി ശാസസ്ത്രമെന്നും, വർത്തമാനശാസ്ത്രമെന്ന് ഞാൻ ഉദ്ദേശിച്ചത് സ്നേഹം ബുദ്ധി, ആയുസ്, ആരോഗ്യം എന്നിവ ഹസ്തരേഖയിലൂടെ മനസ്സിലാക്കുന്ന രീതിയാണ് ഹസ്തരേഖ വർത്തമാനസാസ്ത്രം. ഈ ശാസ്ത്രം ആദ്യകാലത്ത് വൈദ്യന്മാർ ഉപയോഗിച്ചിരുന്ന ഒരു ശാസ്ത്രമാണ് എന്ന് തോന്നുന്നു. പിന്നീട് ഇതിൽ ഭാവിയും ഭൂതവും കടന്നുകൂടുകയായിരുന്നു. ഭൂതം, ഭാവി എന്നീ രേഖകളെക്കുറിച്ച് അടിസ്ഥാനപരമായി ഒന്നും പറയുന്നില്ല. ഭൂതം ഭാവി എന്നിവയെ പ്രവചിക്കാൻ പ്രത്യേക സിദ്ധി വേണം എന്നും മറു അഭിപ്രായം ഉണ്ട്. ഇന്ന് അമേരിക്കയിൽ ഒരാളുടെ ജനിതക ഘടനനോക്കി അയാളുടെ ആരോഗ്യം, ആയുസ്, ബുദ്ധി, ഓർമ്മ എന്നിവ മനസ്സിലാക്കാനുള്ള ശ്രമത്തിലാണ് ഇതിന് കോടികളാണ് അവർ ചിലവിടുന്നത്. വളരെ നിസ്സാര ചിലവിലും വിലപിടിച്ച ഉപകരണങ്ങളൊന്നും ഉപയോഗിക്കാതെയും ഹസ്തരേഖ നോക്കി ശരീരത്തിന്റെ വർത്തമാന ശാസ്ത്രം പുരാതന ഋഷിമാർ മനസ്സിലാക്കിയിരുന്നു. എന്നാൽ ഇന്ന് ഹസ്തരേഖ വർത്തമാന ആധുനികവൽക്കരിക്കേണ്ടതാണ് അതിന് ഹസ്തരേഖ വർത്തമാനശാസ്ത്ര ഗവേഷണം നടത്തേണ്ടത് ആത്യാവശ്യമാണ്.

## *ഉൽക്കസ്പോടനത്തെക്കുറിച്ചുള്ള വിമർശനം.*

2004 നുശേഷം ഉണ്ടായ വർണ്ണമഴയെപ്പറ്റി വളരെ വലിപ്പമുള്ള ഉൽക്കയാണങ്കിൽ അത് പൊട്ടിത്തെറിച്ചുണ്ടാകുന്നത് പൊടിയല്ല കൂടുതൽ ഉണ്ടാവുക കഷണങ്ങളാണ് കൂടുതൽ ഉണ്ടാവുക. അത് ഭൂമിയുടെ ഉപരിഭാഗത്ത് വീണ് പൊട്ടിത്തെറികൾ ഉണ്ടാകുമായിരുന്നു. അതൊന്നും ആരു റിപ്പോർട്ട് ചെയ്തി

ട്ടില്ല. ഒരു ഉൽക്ക സെക്കന്റിൽ 70 കിലോമീറ്റർ വേഗതിലാണ് സഞ്ചരിക്കുക അങ്ങിനെ വരുമ്പോൾ വളരെ വിശാലമായ സ്ഥലത്ത് വളരെ കുറഞ്ഞ അളവിൽ മാത്രമേ ഉൽക്കപൊടി ഉണ്ടാവുകയുള്ളു. വളരെ ഉയരത്തിൽ ഉണ്ടാകുന്ന പൊടിപടലം ഭൂമിയുടെ മേഘപാളിൽ എത്താൻ മാസങ്ങളോളം പിടിക്കും. ഇതിൽ നിന്ന് ഞാൻ മനസിലാക്കുന്നത് ശാസ്ത്രജ്ഞന്മാരുടെ വെറും ഊഹം മാത്രമാണ് ഉൽക്കപൊട്ടിത്തെറി.

വർണ്ണമഴക്ക് മുമ്പ് കേൾക്കാൻ കഴിഞ്ഞത് ഉൽക്കസ്പോടനമല്ല ശക്തമായ ഇടിക്കുടുക്കം തന്നെയാണ് കേൾക്കാൻ കഴിഞ്ഞത്. എന്താണ് ഇതിന്റെ അടിസ്ഥാനം?

ഉൽക്ക വായുവുമായി ഉരഞ്ഞ് ഉണ്ടാകുന്ന പൊടിയിൽ ധാരാളം ഇലക്ട്രിക് ചാർജ്ജ് ഉണ്ടാകും. ഈ പൊടിയുടെ അളവ് വളരെ കൂടുതൽ ഉണ്ടെങ്കിൽ മേഘങ്ങളിലേക്ക് ശക്തമായ ഇടിമിന്നൽ പൊടിപടലത്തിൽ നിന്നും ഉണ്ടാകും. ഇതാണ് ശാസ്ത്രജ്ഞന്മാർ ഉൽക്കസ്പോടനമായി തെറ്റിധരിച്ചത്.

മാസ്പിത്ത് സംഭവ്യദിശയുടെ ഒന്നാം വിഭാഗത്തിന് അടിസ്ഥനപ്പെടുത്തിയ ഉൽക്കവർഷത്തെ കുറിച്ചും കിണർ പ്രതിഭാസങ്ങളെ കുറിച്ചുമുള്ള ചിന്താവിഷയങ്ങൾ.

വർണ്ണമഴ എന്ന പ്രതിഭാസം വ്യപകമായി കേരളത്തിൽ കണ്ടതുകൊണ്ട് ഉൽക്കാസ്പോടനമല്ല ഉൽക്കവർഷമാണ് വർണ്ണമഴയുടെ കാരണം എന്ന് തെളിയുന്നു. ഉൾക്കവർഷത്തിന് ശേഷമുണ്ടായ പൊടിപടലം മേഘപാളിയുടെ ആദ്യത്തെ ഈർപ്പപടലത്തിൽ കടന്നപ്പോൾ നേരിയതോതിൽ ഈർപ്പവും ആൽപ്പം ജൈവകോശങ്ങളും ഉൽക്കപ്പൊടിയിൽ കടന്നുകൂടുന്നു. അപ്പോൾ ഉൽക്കപ്പൊടി ജൈവകോശങ്ങളെ വളർത്തുന്ന ആകാശത്തിലെ ഒരു ഭൂമിയായി തീരുന്നു. ജൈവകോശങ്ങളുടെ പ്രവർത്തനഫലമായി ഉണ്ടാകുന്നതാണ് മന്ന എന്ന് ഞാൻ സംശയിക്കുന്നു. ഉൽക്കപ്പൊടിയെ ഒരു മൺപ്പൊടിയായി സങ്കൽപ്പിച്ചാൽ ഉൽക്കമണ്ണിൽ ജൈവകോശങ്ങളും സസ്യങ്ങളും വളരും എന്ന് ചിന്തിക്കുന്നിൽ തെറ്റില്ല. ഈർപ്പവും ജൈവകോശങ്ങളും വലിച്ചെടുത്ത ഉൽക്കപ്പൊടിപടലം മൂന്ന് ദിവസത്തിനുള്ളിൽ കാർമേഘപാളിയിൽ എത്തുന്നു. അങ്ങിനെ വർണ്ണമഴയുടെ തുടക്കം ആരംഭിക്കുകയായി. എന്നാൽ കൂടുതൽ തോതിൽ ഉൽക്കപ്പൊടിയുണ്ടെങ്കിൽ മാത്രമേ വർണ്ണമഴയുണ്ടാവുകയുള്ളൂ. എന്നാൽ ചില ഉൽക്കപ്പൊടിയിൽ ദോഷകരമായ രാസവസ്തുക്കൾ അടങ്ങിയിരിക്കും. അത്തരം ഉൽക്കപ്പൊടിയിൽ നിന്ന് ഉണ്ടാകുന്ന മഴ അപകടകരമായ സ്ഥിതി വിശേഷം ഉണ്ടാക്കും. അപകരമായ രാസവസ്തുക്കളെ ഉണ്ടാക്കാൻ ജൈവകോശങ്ങൾക്ക് കഴിയുമോ? ഇല്ല എന്നാണ് എന്റെ മറുപടി എന്നാൽ ജീവന് ഭീഷണിയായ അപകരായ രാസവസ്തുക്കളേയും ഉണ്ടാക്കാനല്ല മറിച്ച് നശിപ്പിക്കാനാണ് പ്രത്യേക ജൈവകോശങ്ങൾ. അപകടകരമായ രാസവതുക്കളെ നിർവീര്യമാക്കാൻ ജൈവകോശങ്ങൾക്ക് കഴിവുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ഭൂമിയുടെ അന്തരീക്ഷത്തിൽ അപ്രതീക്ഷിതമായ ഉൽക്കവർഷത്തിന്റെ വരവ് മൂലം ചില ഉൽക്കാപ്പൊടിപടലത്തിലെ രാസവസ്തുക്കളെ അത്ര പെട്ടന്ന് ജൈവകോശങ്ങൾക്ക് നിർവീര്യമാക്കാൻ കഴിയുകയില്ല. കാലാവസ്ഥ വിദഗ്ദർ നടത്തിയ പരിശോധനയിൽ വർണ്ണമഴയിലെ വെള്ളത്തിൽ നിന്ന് മാലിന്യം അരിച്ചെടുക്കാൻ കഴിഞ്ഞു. ഈ മാലിന്യം ഉൽക്കതരിയാണ് എന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട് ഈത്തരം മാനിന്യങ്ങളെ ജൈവകോശങ്ങൾക്ക് ഉണ്ടാക്കാൻ കഴിയില്ല എങ്കിലും ജൈവകോശങ്ങൾ എന്തെങ്കിലും രാസവസ്തുക്കളുമായി പ്രവർത്തിച്ച് ഉണ്ടാകുന്ന ലോഹഅയിരുകൾ ജലത്തിൽ പൂർണ്ണമായും അലിഞ്ഞ് ചേരും അല്ലെങ്കിൽ എണ്ണപാടപോലെ അയിരുകൾ വെള്ളത്തിൽ പൊന്തികിടക്കും. മണൽക്കാറ്റാണ് വർണ്ണമഴയുണ്ടാക്കുന്നത് എന്ന് കാലവ്സഥവിദഗ്ധർ പറയുന്നു. എന്നാൽ മഴവെള്ളത്തിൽ സിൽക്കയുടെ അംശം കൂടിയതോതിലോ കുറഞ്ഞ തോതിലോ ഉള്ളതായി പറയുന്നില്ല. ഇതിൽനിന്നും മണൽക്കാറ്റല്ല വർണ്ണമഴക്ക്

കാരണം എന്ന് തെളിയുന്നു. വർണ്ണമഴയുടെ കാരണം വളരെ കൃത്യമായ വിവരം കിട്ടണമെങ്കിൽ വിമാനത്തിൽ പോയി അന്തരീക്ഷത്തിലെ പൊടിപടലം നേരിട്ട് ശേഖരിക്കുകയായിരിക്കും ഉത്തമം. ചുഴലിക്കാറ്റിന്റെ ഫലമാണ് ചുവന്ന മഴയെങ്കിൽ മഴവെള്ളത്തിൽ ഉപ്പിന്റെ അംശം നേരിയ തോതിൽ ഉണ്ടാകുമായിരുന്നു. മാത്രമല്ല വർണ്ണമഴക്ക് അടുത്ത ദിവസങ്ങൾക്ക് മുമ്പ് അറബികടലില്ലോ ഇന്ത്യമഹാസമുദ്രത്തില്ലോ ബംഗാൾ ഉൽക്കടലില്ലോ ചുഴലിക്കാറ്റ് ഉള്ളതായി റിപ്പോർട്ട് ഉണ്ടായിരുന്നില്ല. ചുഴലിക്കാറ്റിനുശേഷം കടലിൽ നിന്നും ഉയരുന്ന എല്ലാ ആൾഗയും രണ്ട് ദിവസത്തിനുള്ളിൽ ഭൂമിയിൽ പതിക്കും. മഴവെള്ളത്തിൽ കറുത്ത തരികൾ കാണപ്പെട്ടതിന്റെ ടെസ്റ്റ് റിപ്പോർട്ട് ഈ റിസർച്ച് സെന്റർ പ്രസിദ്ധീകരിച്ചിട്ടില്ല. കേരളത്തിന്റെ കാലാവസ്ഥയിൽ താഴ്ന്ന താപനില സൃഷ്ടിക്കുന്നതിൽ ഉൽക്കപ്പൊടിപടലത്തിന് നല്ല പങ്ക് ഉണ്ട്. ഉൽക്കപ്പൊടിപടലത്തിൽനിന്നും മേഘങ്ങളിലേക്ക് മിന്നൽ ഉണ്ടായപ്പോൾ അത് ഉൽക്കസ്ഫോടനമെന്ന് ശാസ്ത്രജ്ഞന്മാർ തെറ്റിധരിച്ചു. തൃശ്ശൂരിലും മിന്നലിന് ശേഷം വർണ്ണമഴ പെയ്തതായി റിപ്പോർട്ട് ഉണ്ട്. ഉൽക്കവർഷത്തെകുറിച്ച് ശാസ്ത്രജ്ഞന്മാർ മറന്ന് പോയോ അതുമല്ലെങ്കിൽ ശാസ്ത്രജ്ഞന്മാർ ഇങ്ങനെ കരുതി കാണു. വായുവിന്റെ ഉരസൽമൂലം ഉൽക്ക കത്തുമ്പോൾ അതിലെ ദ്രവ്യം മുഴുവൻ ഊർജ്ജമായി പോയാൽ പിന്നെ പൊടിയുടെ കാര്യം വരുന്നില്ലല്ലോ. കിണർ നിറമാറ്റത്തിന്റെയും ചുവന്ന മഴയുടേയും കാരണം കോസ്മിക്ക് രശ്മിയുടെ ഫലമായി ഭൂമിയുടെ അടിയിൽ ഗുഹപോലുള്ള അറകളിൽ ഉണ്ടാകുന്ന മർദ്ദം ഭൂമിയുടെ വിള്ളലിലൂടെ ശക്തിയായിപായുമ്പോൾ വളരെ ശക്തിയുള്ള ശബ്ദം ഉണ്ടാവുകയും അപ്പോൾ കിണറുകൾ ഇടിഞ്ഞ് താഴുകയും ഒപ്പം ഈ മർദ്ദത്തില് നിന്ന് ഉണ്ടായ പൊടിപടലം ഭൂമിയുടെ അടിയിൽ നിന്ന് ഉയർന്ന് മേഘങ്ങളുമായി കൂടികലർന്നപ്പോഴാണ് വർണ്ണമഴയുണ്ടായത് എന്നാണ് റിപ്പോർട്ട്. ഈ മഴകാലത്ത് ഈ പൊടിപടലത്തിന് നനവ് പറ്റാതിരുന്നത് അത്ഭുതമായിപോയി. ഈ പൊടിപടലം ഭൂമിയിൽ നിന്ന് ഉയർന്നത് ആരും കണ്ടതുമില്ല അല്ല ആ പൊടിപടലം ആർക്കും കാണാൻ പറ്റാത്ത പൊടിപടലമായിരുന്നോ. ഭൂമിയിൽ നിന്ന് ഉയർന്ന പൊടിപടലമാണെങ്കിൽ രണ്ട് മഴയോടെ പൊടിപടലം ഭൂമിയിൽ പതിക്കും. കേരളത്തിലെ തുടക്കത്തിലെ മഴയിൽ അല്ല ഇടക്കാലത്തെ മഴയിലാണ് വർണ്ണമഴ പ്രതിഭാസം കണ്ടത് എന്നുകൂടി ഓർക്കണം.

## ***കുണ്ഡലിനീയം സത്യം ജോതിഷം മിഥ്യ***

കുണ്ഡലീയ ശക്തിയാണോ ജോതിഷ ജ്ഞാനമാണോ ജോതിഷ പ്രവചനത്തിന് ആധാരം ജോതിഷത്തിന്റെ ബാലപാഠം പോലും അറിയാത്ത മനുഷ്യൻ പ്രവചിക്കുന്നതും. ജോതിഷ ജ്ഞാനിക്ക് ജോതിഷ ജ്ഞാനം മാത്രം പോരാ കുണ്ഡലീയ ശക്തിയും അഥവാ ആത്മീയ ശക്തിയും ഉണ്ടായിരിക്കണം എന്ന് ജോതിഷികൾ തന്നെ പറയാറുണ്ട്. അപ്പോൾ ഇവിടെ ജോതിഷ ജ്ഞാനിത്തിന് എന്താണ് പ്രസക്തി. ജോതിഷിയുടെ മറുപടി ജ്ഞാനവും സിദ്ധിയും ഒത്ത് ചേരുമ്പോൾ ഭാവി പ്രവചനത്തിന്റെ കൃത്യത വർദ്ധിക്കും എന്നാണ് അതിന്റെ അർത്ഥം ജോതിഷം വിദ്യാഭ്യാസതലത്തിൽ കൊണ്ടുവന്നിട്ട് കാര്യമില്ല. കാരണം ജോതിഷം നന്നായി പഠിക്കുന്ന എല്ലാവർക്കും ഗുണം കിട്ടുകയില്ല. കുണ്ഡലീനിയ ശക്തിയുള്ളവർക്ക് മാത്രമെ ഗുണം കിട്ടുകയുള്ളൂ. കുണ്ഡലീയുടെ മറ്റൊരു പ്രത്യേകത കുണ്ഡലിനിയ നമ്മുടെ നിയന്ത്രണത്തിൽ അല്ല. കുണ്ഡലിനിയുടെ നിയന്ത്രണതിതലാണ് നാം. ഭാവി ഭൂതം എന്നീ കാര്യങ്ങൾ എങ്ങിനെ എപ്പോൾ കാണിക്കണം എന്നത് കുണ്ഡലിയുടെ നിശ്ചയമാണ്. ആകാശത്തിലെ ഗ്രഹങ്ങളെ ഓരേ സമയം ഓരേ ഭാഗത്ത് ഒന്നിച്ച് കാണാൻ ഒരു പ്രത്യേക സമയം ഉണ്ടല്ലോ? എന്നാൽ മറ്റൊരു സമയത്ത് അത്

കാണുന്നുമില്ല. അതുപോലെ തന്നെയാണ് കുണ്ഡലീനിയ ദർശനങ്ങൾ. ഒന്ന് രണ്ട് പ്രാവശ്യം കുണ്ഡലീനിയ ദർശനങ്ങൾ ഒരു മനുഷ്യൻ കണ്ടെന്നു വിചാരിച്ച് എല്ലാ സമയത്തും കുണ്ഡലീനിയ ദർശനങ്ങൾ ഉണ്ടാകണമെന്നില്ല. കുണ്ഡലീനിയ ശക്തിക്ക് പ്രായം പ്രശ്നമല്ല. ഇന്ന് ഉള്ള പരക്കെയുള്ള അഭിപ്രായം 30 വയസ്സിന് മുകളിലുള്ള പ്രായമുള്ളവർക്കാണ് കുണ്ഡലീനയശക്തി പ്രവർത്തനക്ഷമമാകുന്നത് എന്ന് പരക്കെയുള്ള അഭിപ്രായം ഉണ്ട്. ഇത് തെറ്റാണ് കാരണം ബുദ്ധി കുണ്ഡലീനിയ ശക്തിയെ മനസ്സിലാക്കുന്ന പ്രായമാണ് 30 വയസ്സിന് മുകളിലുള്ള പ്രായം അതുകൊണ്ട് ഈ പ്രായം പരക്കെ അംഗീകരിക്കപ്പെട്ടത്. കുണ്ഡലീനിയശക്തി മനുഷ്യൻ മാത്രമല്ല മൽസ്യം മുതൽ എല്ലാ ജീവജാലങ്ങൾക്കുമുണ്ട്. അതിസൂക്ഷമമായ ജീവികളിൽ കുണ്ഡലീയ ശക്തി ഉണ്ടായിരിക്കണമെന്നില്ല. ഉയർന്ന കുണ്ഡലീനിയ ശക്തിയുള്ള മനുഷ്യന് എല്ലാ സമയത്തും കൃത്യമായ പ്രവചനങ്ങൾ നടത്താൻ കഴിയുമോ? അതു കണ്ടുതന്നെ അറിയണം. എന്നാൽ ഒരു കാര്യം വ്യക്തമാകുന്നു. ഉയർന്ന കുണ്ഡലീനിയശക്തിയുള്ള വ്യക്തിയെ സമീപിക്കുന്ന വ്യക്തിയും ചിലപ്പോൾ അയാളുടെ സമാനചിന്താഗതികൾക്ക് അനുകൂലമായ കാര്യങ്ങളെ ചോദിക്കൂ. ഇതിന് കാരണം പ്രകൃതിയുടെ വിദ്ഗധമായ കരുനീക്കമാണ്. അതായത് ആ രീതിയിലാണ് പ്രകൃതിയുടെ ചലനിയമങ്ങൾ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. മായ ജ്ഞാനത്തിന് പ്രകൃതി പ്രോത്സാഹനം നൽകുന്നു. ജീവജാലങ്ങൾക്കിടയിൽ മായാ ധാരണവളറ്ത്തുന്ന ഘടകങ്ങളുമുണ്ട്. മൂർക്കൻ പാമ്പിന്റെ പത്തിയുടെ പിൻഭാഗത്തുള്ള വി ആകൃതി മറ്റുള്ളജീവികൾക്ക് കണ്ണും മൂക്കും പോലുള്ള അവയവം പോലെ തോന്നു. മറ്റു ജീവികൾ മൂർക്കൻ പാമ്പിനെ പിന്നിൽ നിന്ന് ആക്രമിക്കാൻ ശ്രമം ഉപേക്ഷിക്കുന്നു. കാരണം മുന്നിലെ കണ്ണുകളെക്കാൾ വലിപ്പം കൂടുതലാണ് പിന്നിലെ കണ്ണുകൾക്ക്. ശലഭത്തിന്റെ ചിറകിൽ ഉള്ള കണ്ണുകൾ ഇവയെല്ലാം ജീവജാലങ്ങളിലെ മായാവികൃതികളാണ്. പ്രകൃതിയിലെ ചില മായാവികൃതികൾ വിചിത്രങ്ങളാണ് ഒട്ടകപക്ഷി ശത്രുക്കൾ വരുമ്പോൾ തല മണലിൽ പുഴ്ത്തിവയ്ക്കും ഒട്ടകപക്ഷിവിഡ്ഢിയായതുകൊണ്ടാണോ ഇങ്ങിനെ ചെയ്യുന്നത്. ഒട്ടകപക്ഷി വിഡ്ഢിയായിരിക്കാം പക്ഷേ ഒട്ടകപക്ഷി ചെയ്യുന്ന പ്രവൃത്തി പ്രകൃതിയടെ കണ്ണിൽ ബുദ്ധിയുടെ പരിവേഷമാണുള്ളത്. ഒട്ടകപക്ഷി തല മണലിൽ പുഴ്ത്തിവയ്ക്കുമ്പോൾ മറ്റു ജീവികൾക്ക് കാഴ്ചയിൽ മണലിൽ നിന്ന് വളർന്നു നിൽക്കുന്ന ഒരു ചെറിയ വള്ളിചെടിയായിട്ടേ തോന്നു. ഒട്ടകപക്ഷിയുടെ കഴുത്തിൽ തൂവലില്ലാത്തതാണ് ഈ തോന്നൽ സൃഷ്ടിക്കുന്നതിൽ പ്രധാനഘടകം. ഭയം ഇല്ലാതെ അനങ്ങാതെ നിൽക്കാൻ തല മണലിൽ പുഴ്ത്തേണ്ടത് അത്യാവശ്യമാണ് അതുപോലെ ജോതിഷി വിഡ്ഢിയായിരിക്കാം. എന്നാൽ ജോതിഷിയുടെ പ്രവൃത്തി പ്രകൃതിയുടെ മുന്നിൽ ബുദ്ധിയുടെ പരിവേഷമുണ്ട്. ഇതിന് പലകാര്യങ്ങളുമായി ഗൂഢമായ ബന്ധമുണ്ട്. നാണം മറയ്ക്കാൻ ശരീരത്തിൽ വസ്ത്രങ്ങൾ എന്ന പോലെയാണ് മായയുടെ പ്രഭാവം നമുക്ക് അനുഗ്രഹമായി തീരുന്നത്. ലോകത്തിന് അപ്രിയമായ സത്യം പറയരുത്. ലോകത്തിന് പ്രിയമായ അസത്യം പറയാം. ഡൗൺസിങ്ങ് ഒരു മായജ്ഞാനമാണ് ഡൗൺസിങ്ങിന്റെ കൃത്യതയ്ക്ക് ഡൗൺസിങ്ങ് ചെയ്യുന്ന വ്യക്തി ശാസ്ത്രബോധമുള്ളവനായിരിക്കരുത്. ഡൗൺസിങ്ങ് സിദ്ധിയുള്ളവനായിരിക്കം. ഡൗൺസിങ്ങ് എന്ന മായജ്ഞാനത്തിന് പ്രചാരം ലഭിക്കുന്നതിന് ഡൗൺസിങ്ങ് ചെയ്യുന്ന വ്യക്തി ഉയർന്ന ബിരുദദാരിയായിരിക്കണം. അതായത് എല്ലാം ശരിയാണെന്ന് കരുതി എല്ലാം കാണാപാഠം പഠിച്ച് മുന്നോട്ട് പോകുന്ന വ്യക്തി .ലോകത്തെ കെണിയിൽ വീഴ്ത്താൻ ഈ ബിരുദം സഹായിക്കും. മനുഷ്യശരീരം രൂപം കൊണ്ടിരിക്കുന്നത് ഭൂമിയടക്കമുള്ള പ്രപഞ്ചശരീരത്തിൽ നിന്നാണ്. നീ അന്വേഷിക്കുന്ന കാര്യം നിന്റെ തലച്ചോറിൽ ഉണ്ട്. അതിനെ ബുദ്ധികൊണ്ട് തപം ചെയ്താൽ യന്ത്രം ജനിക്കും. മായാജ്ഞാനം കൊണ്ട് തപം ചെയ്താൽ

നാം അറിയാതെ ബുദ്ധിയന്ത്രം പോലെ പ്രവർത്തിച്ച് പുറത്ത് മറ്റൊരു യന്ത്രസഹായമില്ലാതെ ഉദ്ദിഷ്ടകാരംയ സാധിക്കുന്നു. തീർത്തും യന്ത്രത്തിന്റെ ആവശ്യമില്ലെന്ന് അർത്ഥമില്ല. മായാജ്ഞാനത്തിന് പരിമിതകളുണ്ട് ഡൗൺസിങ്ങിൽ കാണുന്ന സരളമായ ഉപകരണം വെറും നോക്കുകുത്തി മാത്രമാണ്. അത് യന്ത്രത്തിന്റെ യാതൊരു പ്രവൃത്തിയും ചെയ്യുന്നില്ല. കിണറിന് സ്ഥാനം നോക്കുന്ന സ്വർണ്ണമോതിരം ഒരു തരം ഡൗൺസർ ആണ്. ചിലർ മോതിരത്തിന് പകരം കാന്തവും ഉപയോഗിക്കുന്നുണ്ട്. അതു ഉപയോഗിച്ചാലും അത് ഒരു തരം ഡൗൺസറാണ്. ദൈവം മായയിറക്കിയാണ് ലോകത്തെ നിലനിർത്തുന്നത് എന്ന് ഉപനിഷത്തുക്കളും പുരാണങ്ങളും പറയുന്നത്.

***എന്താണ് മായജ്ഞാനം***

മായജ്ഞാനത്തിന്റെ പ്രയോഗം ഒരു വൈജ്ഞാനിക വിഭാഗമാണ്. മായ ജാഞാനം എന്നത് ഒരു തരം മിഥ്യാജ്ഞാനമാണ്. ഇല്ലാത്തത് ഉണ്ട് എന്ന് വിശ്വസിപ്പിക്കുന്ന ജ്ഞാനം. കുണ്ഡലീയത്തെ പ്രവർത്തനക്ഷമമാക്കാൻ മായാജ്ഞാനം ഒരു ആവശ്യഘടകമാണ്. മായജ്ഞാനം പലതരത്തിലുണ്ട്. നന്മക്ക് സ്വർഗ്ഗവും തിന്മക്ക് നരകവും, സ്വർഗ്ഗത്തിൽ മാലാഖമാരും ദൈവവും നഗരത്തിൽ ചെകുത്താന്മാരും അവരുടെ തലവനും എന്നാൽ ആധുനിക ശാസ്ത്രം വളർന്നതോടെ മായജ്ഞാനത്തെ യുക്തിയിൽ വ്യാഖ്യനിക്കാൻ തുടങ്ങി. അങ്ങിനെ മായാജ്ഞാനത്തിന്റെ തനിമ നഷ്ടപ്പെട്ടു. ഇതിൽ നിന്ന് മനസ്സിലാക്കുന്നത് ശുദ്ധമായ ജ്ഞാനം മനുഷ്യനിലുള്ള അതിന്ദ്രീയ കഴിവുകളെ നശിപ്പിക്കുന്നു. മാത്രമല്ല തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ അവന് ധൈര്യവും കൊടുക്കുന്നു. അതുകൊണ്ട് ഫലമോ അധർമ്മം വർദ്ധിക്കുന്നു. മായാജ്ഞാനം മനുഷ്യരെ ധർമ്മ മാർഗത്തിൽ ചലിക്കാൻ പ്രേരണകൊടുക്കുന്നു. ഇവിടെ മനുഷ്യരെ എന്ന് ഉദ്ദേശിക്കുന്നത് ഭൂരിപക്ഷത്തിൽ മാത്രം ഒറ്റപ്പെട്ട മനുഷ്യൻ ഇതിൽ ഉൾപ്പെടുന്നില്ല. മായാജ്ഞാനം കുണ്ഡലീനിയശക്തിയുള്ളവരിൽ ഭാവി പ്രവചനത്തിന് കൂടുതൽ കൃത്യതയും ലഭിക്കുന്നു. ജ്ഞാനികളിൽ വളരെ അപൂർവ്വമായെ കുണ്ഡലീനിയശക്തി കാണാറുള്ളൂ. അതിൽ ഒരാളാണ് യേശു. അതുപോലെയുള്ളൊരു മായജ്ഞാനമാണ് ജോതിഷം. കുണ്ഡലീനിയത്തെ പ്രവർത്തനക്ഷമമാക്കാൻ ഉപയോഗിക്കുന്ന ഒരു മിഥ്യജ്ഞാനമാണ് ജോതിഷം എന്ന് മനസ്സിലാക്കുക. മായാജ്ഞാനത്തെ ഉൻമൂലനം ചെയ്യാൻ ആരെങ്കിലും ഇറങ്ങി പുറപ്പെട്ടാൽ പ്രകൃതിയിൽ നിന്ന് അതിന്റെ പ്രതികരണം ഉണ്ടാകും അത് തീർച്ച. ഭാവി പ്രവചനത്തിന്റെ താക്കോൽ ബുദ്ധിയും യുക്തിയും ഉള്ളവരിലല്ല. മായാജ്ഞാനികളിലാണ്. ഹിപ്നോട്ടിസം അറിഞ്ഞവ്യക്തിയെ ഹിപ്നോട്ടിസം ചെയ്യാൻ സാധ്യമല്ല. ഹിപ്നോട്ടിസത്തെക്കുറിച്ചുള്ള അറിവ് ഹിപ്നോട്ടിസെ എന്ന സാധ്യതയെ ഒഴിവാക്കി അതുപോലെ ശുദ്ധജ്ഞാനം ആത്മീയ കഴിവുകളുടെ സാധ്യതയെ ഒഴിവാക്കി. കുണ്ഡലീനിയ ശക്തിയില്ലാത്ത മനുഷ്യനിൽ മായാജ്ഞാനം ആ മനുഷ്യനെ ഭ്രാന്തനാക്കും. ദൈവം എന്ന അവസ്ഥ ശുദ്ധജ്ഞാനത്തിലും മായാജ്ഞാനത്തിലുമുണ്ട്. മായാജ്ഞാനത്തിൽ ദൈവത്തിന്റെ അവസ്ഥ വികമാണ്. എന്നാൽ ശുദ്ധജ്ഞാനത്തിൽ അത് സത്യവുമാണ് നിനക്ക്. ഈ ലോകത്തിൽ എന്തും വിശ്വസിക്കാം ഏത് വിഡ്ഢിത്വംപോലും കാരണം അതിൽ ഒരു വഴിയുണ്ട് നിനക്ക് വായ് കീറിയിട്ടുണ്ടെങ്കിൽ ഏത് വിഡ്ഢിത്വം വിശ്വാസം പോലും നിനക്ക് അന്നം തരും.

***പലജനനസിദ്ധാന്തം (നീ ആരാണ്)***

നീ മാറികൊണ്ടിരിക്കുകയാണ് ആത്മാവ് മാറുന്നില്ല ശരീരമാണ് മാറുന്നത്. നീ മാറുന്നു എന്ന ആശയം തെറ്റായ രീതിയിൽ എടുക്കരുത്. കാരണം നീ ആദ്യം അർദ്ധവ്യാപിയായിരുന്നു. പിന്നെ നീ

അർദ്ധഘടനയായി പിന്നെ നീ ഭ്രൂണമായി ശിശുവായ ബാലനായി യുവാവായി വയസ്സനായി ശവമായി വീണ്ടും വിഘടിച്ച് അർദ്ധവ്യാപിയായി വീണ്ടും മറ്റൊരു ശരീരം സ്വീകരിച്ച് മറ്റൊരു ജീവിയായി ജ്നമമെ ടുക്കുന്നു. അപ്പോൾ നീ ആരാണ്? നീ നീയാണ് എപ്പോഴും അത് ആയിരിക്കും. പല ജനനത്തിൽ. ഓർമ്മയോ ബുദ്ധിയോ പുനർജനിക്കാറില്ല. എന്നു പറഞ്ഞാൽ നീ മൃഗമായി ജനിച്ചാൽ മനുഷ്യന്റെ പോലെ ചിന്തിക്കാനോ പ്രവർത്തിക്കാനോ കഴിയുകയില്ല. ആ വാദത്തിനോട് അപവാദമായി പ്രകൃതിയിൽ നിരന്ത രമല്ലാത്ത വല്ല പ്രതിഭാസവും ഉണ്ടോ എന്ന് എനിക്ക് അറിയില്ല. ബൈബിൾ പലജനനസിദ്ധാന്തത്തിന് എതിരില്ല. കാരണം? ബൈബിൾ ഇങ്ങിനെ പറയുന്നു. നീ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പ് ഞാൻ നിന്നെ അറിഞ്ഞു അതിന്റെ അർത്ഥം ഉണ്ടെങ്കില്ലല്ലേ അറിയാൻ കഴിയൂ. അപ്പോൾ നീ ആദി യിൽ തന്നെ ഉണ്ടായിരുന്നുവെന്നുതന്നെ മനസ്സിലാക്കുക. ഭക്ഷ്യശൃഖലയിൽ അവസാനകണ്ണി മാസംബു ക്കാണല്ലോ. അതുപോലെ ജന്മാന്തരങ്ങളിലെ അവസാനകണ്ണി മനുഷ്യനാണ്. എങ്കിലും മനുഷ്യജനന ത്തിനുശേഷം മറ്റൊരു ജന്മമില്ലെന്ന് ധരിക്കരുത്, മോക്ഷം എന്നത് മായയുടെ പ്രഭാവം കൊണ്ട് ഉണ്ടായ താണ്. അറിവ് നേടിയ ആത്മാവ് ജന്മാന്തരകണ്ണികൾ നിന്ന് താൽക്കാലികമായി ഒഴിഞ്ഞു നിൽക്കുന്നു ണ്ടാവാം. അതിനെയായിരിക്കാം ഒരുപക്ഷേ മോക്ഷം എന്ന് പറയുന്നത് എന്ന് ഞാൻ സംശയിക്കുന്നു.ആത്മ ഹത്യ ജീവിതത്തിൽ നിന്ന് രക്ഷാമാർഗ്ഗമല്ല. ജന്മാന്തരപീഡകൾ നമ്മൾ അനുഭവിച്ചു തന്നെ തീർക്കണം. അത ഒഴിവാക്കാൻ സാദ്ധ്യമല്ല. താൽക്കാലികമായി വിരാമം നിങ്ങൾ ആത്മഹത്യയിലൂടെ നേടിയേക്കാം എന്ന് മാത്രം. പക്ഷേ അത് ഉറക്കം പോലെയാണ് എത്രനേരം ഉറങ്ങിയാലും ആ സമയം നാം അറിയില്ല. ഈ ലോകത്തിൽ നിന്ന് നാം എങ്ങോട്ടും പോകുന്നില്ല നാം ഈ പ്രപഞ്ചത്തിൽ ചുറ്റി സഞ്ചരിച്ച് നടക്കും എന്ന് മാസ്പിത്ത് പ്രിൻസിപ്പലും പറയുന്നു.

***<u>ബൈബിൾ ഉദ്ദേശിക്കുന്ന ശൂന്യത എന്താണ്</u>***

ഭൂമി എന്ന ദ്രവ്യഗോളം ഉണ്ടായിരുന്നില്ല. ഭൂമിയെ ഉണ്ടാക്കിയിട്ടുള്ള ദ്രവ്യമുണ്ടായിരുന്നു. ദ്രവ്യം മറ്റൊരു രൂപത്തിലായിരുന്നു. അതുകൊണ്ടാണ് ഭൂമി രൂപരഹിതവും ശൂന്യവും എന്ന് പറഞ്ഞത്. ആകാശം ഉണ്ടായിരുന്നില്ല എന്നുപറഞ്ഞാൽ പ്രകാശിക മാധ്യമമായ ഈഥർ ഉണ്ടായിരുന്നില്ല. ഈഥർ മറ്റൊരു രൂപ ത്തിലായിരുന്നു. ഈഥർ ഇല്ലാത്തതുകൊണ്ട് പ്രപഞ്ചം അന്ധകാരത്തിലായിരുന്നവെന്നേ മനസ്സിലാക്കേണ്ട ആവശ്യമുള്ളൂ. ഭൂമിയിൽ ജീവനുണ്ടായിരുന്നില്ല. ജീവകശരീരത്തെ നിർമ്മിച്ചിട്ടുള്ള ദ്രവ്യമുണ്ടായിരുന്നു. അതുകൊണ്ട് ജീവശരീരം പൂഴിയാണ് എന്നുപറഞ്ഞിരിക്കുന്നത്. അപ്പോൾ ശൂന്യതയിൽ നിന്ന് ഒന്നും സൃഷ്ടിക്കാൻ കഴിയില്ല എന്ന് മനസ്സിലായില്ലേ.

***<u>ഈഥറിൻ അലിയുന്ന ഭൂമി</u>***

ഇങ്ങനെ ഭൂമി ഈഥറിൻ അലിഞ്ഞു കൊണ്ടിരിക്കുകയാണെങ്കിൽ ഭൂമിയുടെ മാസ് കുറഞ്ഞ് പോകില്ലേ. തീർച്ചയായും കുറയും പക്ഷേ ഉൽക്കകളുടേയും വാൻനക്ഷത്ര അവശിഷ്ടങ്ങളുടേയും പതനം കാരണം ഭൂമിയുടെ മാസ് കുറയാതെ നിലനിൽക്കുന്നത് വസ്തുക്കളുടെ പതനത്തെക്കാൾ അലിയൽ കൂടുതലായാൽ എങ്കിൽ ഭൂമിയുടെ മാസ് കുറയാൻ സാദ്ധ്യതയുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭ വിക്കുന്നത്. റേഡിയോ ആക്ടീവ് മൂലകങ്ങളാണ് നിരന്തരം അലിയൽ വിധേയമാകുന്നത് ഈ മൂലക ങ്ങൾ ടൺ കണക്കിന് ഭൂമിയിൽ ഉണ്ട് ഓരോ വർഷവും ടൺ കണക്കിന് മൂലകങ്ങൾ ഈഥറിനോട് ലയിച്ചു ചേരുന്നു. ഇത് കാരണം ഓരോ പ്രത്യേക മൂലകങ്ങളുടെ ദ്രവ്യഘടനയിൽ കാലക്രമത്തിൽ മാറ്റങ്ങൾ സംഭവിച്ച് കാലങ്ങൾക്ക്ശേഷം ദ്രവ്യത്തിന്റെ മറ്റൊരു രൂപമായി മാറുന്നു. പെട്ടെന്നോ അലെങ്കിൽ കാല

ക്രമത്തിലോ ഒരു വസ്തു ഈഥറായി ഈഥറിൽ ലയിക്കുന്ന പ്രതിഭാസത്തെ കെറലീസം എന്ന് ഞാൻ വിളിച്ചു.

## കാന്തിക മണ്ഡലസിദ്ധാന്തം

കാന്തികമണ്ഡലം ഒരു ദ്രവ്യഅന്തരീക്ഷം ആണ് (ഊർജ്ജമല്ല )ഏറ്റവും സൂക്ഷ്മമായ കോർ കൊണ്ടാണ് കാന്തിക അന്തരീക്ഷം ഉണ്ടാക്കിയിട്ടുള്ളത് കോറിനെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന നോർ, സോർ എന്നീ മണ്ഡലങ്ങൾ ദ്രവ്യത്തിന്റെ 90% വും സ്വഭാവം കാണിക്കുന്നുണ്ട്. ആകർഷണം സംഭവിക്കുന്നത് എന്തുകൊണ്ട്. വിപരീതകാന്തിക മണ്ഡലങ്ങൾ സമീപത്ത് വരുമ്പോൾ പരസ്പരം കൂടികലരുന്നു. അപ്പോൾ അവിടുത്തെ ദ്രവ്യഅന്തരീക്ഷത്തിന്റെ വ്യപ്തി കൂടുന്നു. അപ്പോൾ രണ്ട് കാന്തങ്ങളുടെ ഇടയിൽ കാന്തികഅന്തരീക്ഷത്തിന്റെ അപകേന്ദ്രബലം ഉണ്ടാകുന്നു. താഴെ ചിത്രം നോക്കുക.

**അപകേന്ദ്രബലം മൂലമാണ് കാന്തികഗുരുത്വമുണ്ടാകുന്നത്. അതുകൊണ്ടാണ് കാന്തം ആകർഷിക്കുന്നത്.**




വികർഷിക്കാൻ ഉള്ള കാരണം ഓരേ കാന്തിക അന്തരീക്ഷങ്ങൾക്ക് ചാർജ്ജ് തുല്യമാണ് അതുകൊണ്ട് അവ തമ്മിൽ കൂടികലരുന്നില്ല. അപ്പോൾ കാന്തിക അന്തരീക്ഷം ഗോളാകൃതി പ്രാപിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ടാണ് വികർഷണം ഉണ്ടാകുന്നത്. താഴെ ചിത്രം നോക്കുക.

**കാന്തികമണ്ഡലം കൂടി കലരാതെ നിൽക്കുമ്പോൾ കാന്തികമണ്ഡലം ഗോളാകൃതി പ്രാപിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ടാണ് വികർഷണം സംഭവിക്കുന്നത്**




കാന്തിക അന്തരീക്ഷത്തിലെ കണങ്ങൾക്ക് വസ്തുക്കളെ തുളച്ച് കടക്കാൻ കഴിവ് ഉള്ള ഏറ്റവും സൂക്ഷ്മമായ കണങ്ങൾ ആണ്. നോറും സോറും പ്രപഞ്ചത്തിലെ ഏറ്റവും സൂക്ഷ്മമായ കണങ്ങൾ.

## *ഇലക്ട്രോണുകൾ ചലിക്കുമ്പോൾ എങ്ങിനെയാണ് കാന്തശക്തി ഉണ്ടാക്കുന്നത് എങ്ങിനെ?*

ഇലക്ട്രോണുകൾ നിശ്ചലം ആയിരിക്കുമ്പോൾ ഇലക്ട്രോണുകൾ ക്രമരഹിതമായിരിക്കും. ഒഴുകുമ്പോൾ അതിന്റെ വേഗത കാരണം എല്ലാം സമാന്തരമാകുന്നു. അങ്ങിനെയാണ് വൈദ്യുതി പ്രവഹിക്കുമ്പോൾ കാന്തികമണ്ഡലം ഉണ്ടാകുന്നത്. ഇരുമ്പിൽ ഇലക്ട്രോണുകൾക്ക് പകരം ഇരുമ്പ് കോറുകളാണ് ഇത് ഇലക്ട്രോണുകളെക്കാൾ വലിപ്പം ഉള്ളതാണ്. കാന്തികമണ്ഡലം വരുമ്പോൾ പച്ചിരുമ്പിലെ കോറുകളാണ് സമാന്തരമായി കാന്തശക്തി ഉണ്ടാക്കുന്നത്. ഇരുമ്പിന്റെ കാന്തികകോറുകൾ ഇലക്ട്രോണുകളെക്കാൾ വലിപ്പമുള്ളതാണ്. കാന്തികണ്ഡലം വരുമ്പോൾ പച്ചിരുമ്പിലെ കാന്തികകോറുകൾ സമാന്തരമാകുന്നു. ഇരുമ്പ് കോറുകൾ പച്ചിരുമ്പിൽ സ്വാതന്ത്രമായി ചലിക്കുന്നു. പക്ഷേ ഒഴുകുന്നില്ല. അതുകൊണ്ട് കാന്തികമണ്ഡലത്തിന്റെ ശക്തിക്ക് അനുസരിച്ച് സമാന്തരകോറുകളുടെ എണ്ണം കൂടുന്നു. (പെർമെബിലിറ്റി) കൂടുന്നു. എന്നാൽ ഉരുക്കിൽ ഇരുമ്പ് കോറുകളുടെ ചലനസ്വാതന്ത്ര്യം കുറവാണ്. അതുകൊണ്ട്

കാന്തികമണ്ഡലം വന്നാലും മുഴുവൻ കോറുകൾക്ക് സമാന്തരമാകാൻ കഴിയുകയില്ല. എന്നാൽ ചൂടാക്കിയാൽ സമാന്തരമാകും. കാന്തികമണ്ഡലം എടുക്കാതെ ഉരുക്കിനെ പെട്ടെന്ന് തണുപ്പിച്ചാൽ ഉരുക്ക് സ്ഥിരകാന്തമാകും. കോറുകൾ ചൂടിൽ സമാന്തരമായി തണുക്കുമ്പോൾ കോറുകൾ ഉരുക്കിൻ ഉറച്ച് ഇരിക്കുന്നത് മൂലം ഉരുക്ക് സ്ഥിരകാന്തമായി മാറുന്നു. അതുപോലെ ഓരോ സ്ഥിരകാന്തത്തിനും അതിന്റെതായ കോറുകൾ ഉണ്ടായിരിക്കും. എന്നാൽ കാന്തികസമാന്തര കോറുകൾക്ക് അതിസൂക്ഷമ കോറുകളുമായിട്ട് യാതൊരു ബന്ധവുമില്ല കാരണം ഇലക്ട്രോണുകളെക്കാൾ ചെറുതാണ് അതിസൂക്ഷമ കോറുകൾ.

*നീ നിന്നെ അറിഞ്ഞോ*

നിന്റെ മനസ്സിലെ തടിക്കഷണം നീ കണ്ടോ? തന്നെതന്നെ പൂർണ്ണമായും അറിഞ്ഞു എന്ന് ആരെങ്കിലും പറഞ്ഞാൽ അവൻ ലോകത്തിലെ ഏറ്റവും വലിയ വിഡ്ഢിയാണ്. തന്നെതന്നെ അറിയാത്തവന് മറ്റുള്ളവരെ എങ്ങനെ അറിയും. തന്നെകുറിച്ച് കൂടുതൽ അറിയുന്നത് മറ്റുള്ളവരിൽ നിന്നാണ് എന്ന് പല മഹാന്മാരും പറഞ്ഞിട്ടുണ്ട്. തന്നിലുള്ള ദോഷങ്ങളും ഗുണങ്ങളും നാം മറ്റുള്ളവരിൽ നിന്നാണ് അറിയുന്നത്. അവയെ വേണ്ടവിധം കണ്ടറിഞ്ഞ് ദോഷശീലങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുകയും നല്ല ഗുണങ്ങൾ വാർത്തെടുക്കാനും ശീലിക്കുക. ആദ്യം നീ നിന്നെ തന്നെയും മറ്റുള്ളവരിലൂടെയും നിന്നെ അറിയുക. അപ്പോൾ മറ്റുള്ളവർ നിന്നെ അറിഞ്ഞുകൊള്ളും. മറ്റുള്ളവരെ അറിയുന്നതിനെക്കാൾ ബുദ്ധിമുട്ടാണ് തന്നെതന്നെ അറിയുന്നത്. മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടെത്തി വിമർശിക്കാൻ എളുപ്പമാണ്. അതേ കുറ്റത്തിലൂടെ നാം സഞ്ചരിച്ചാൽ അത് നാം അറിയണമെന്നില്ല. കാരണം ഒരു ആനക്ക് മറ്റു ആനകളുടെ വലിപ്പചെറുപ്പം അറിയുവാൻ കഴിവുണ്ടെങ്കിലും തന്റെ വലിപ്പചെറുപ്പം അറിയുവാൻ കഴിയുകയില്ല. അതുപോലെയാണ് ദൈവം സാധാരണ മനുഷ്യമനസ്സ് സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ടാണ് താൻ പറഞ്ഞത് തന്നെതന്നെ അറിയുവാൻ വളരെ ബുദ്ധിമുട്ടാണ്. ആനമനസ്സുള്ളവർ നമ്മുടെ സമൂഹത്തിൽ വളരെ അധികമാണ്. ചില മനുഷ്യർക്ക് മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കാൻ പ്രത്യേക കഴിവാണെന്ന് തെറ്റിധരിച്ച് അവരുടെ കൂടെ കൂടുമ്പോൾ ശ്രദ്ധിക്കുക. മറ്റുള്ളവരെ വിമർശിക്കാൻ കഴിവുണ്ടെങ്കിലും തന്നെതന്നെ വിമർശിക്കാൻ കഴിവില്ലാത്ത വിഡ്ഢികളാണ് അവർ. ചില മനുഷ്യർ തന്നിലുള്ള പ്രത്യേക സിദ്ധി പുറമെയുള്ള ജഢവസ്തുവിൽ ആരോപിക്കുന്നവരുണ്ട്. അവർ അശാസ്ത്രീയമായ കാര്യങ്ങൾ പുലമ്പുന്നു. അവരിലുള്ള സിദ്ധിയുടെ യഥാർത്ഥകാരണം അവർ അറിയുന്നില്ല. തന്നെതന്നെ പൂർണ്ണമായും അറിഞ്ഞു എന്ന് അവകാശപ്പെടുന്ന നീ എന്തിന് മനശാസ്ത്രജ്ഞന്റെയും ഡോക്ടറുടെയും അടുത്തുപോകുന്നു. നിന്റെ മനസ്സിനെക്കുറിച്ചും ശരീരത്തിനെക്കുറിച്ചും നിന്റെ അറിവ് അപൂർണ്ണമാണ്. തറഞ്ഞ കഴുത്തുള്ളവനെപ്പോലെ കഴുതയാകാതെ നിങ്ങൾ നിങ്ങളുടെ മനസ്സാകുന്ന കഴുത്തിന്റെ നീളം വർദ്ധിപ്പിച്ച് കഴിവുള്ളവനാകൂ. നീ വലിയവനോ ചെറിയവനോ ആകാം. അത് കണ്ടെത്തുന്നതിലാണ് നിങ്ങളുടെ കഴിവ് ഇരിക്കുന്നത്. തറഞ്ഞ മനസ്സുള്ളവൻ തനി തറയാണ് എന്ന് നിങ്ങൾ പറയാറില്ലെ. മനസ്സാകുന്ന കഴുതിതന്റെ നീളം വർദ്ധിപ്പിച്ചാൽ ഹൃദയത്തിന്റെ വലിപ്പം താനെ കൂടിക്കൊള്ളും.

മറ്റുള്ളവർ തന്നിൽ ദോഷഗുണങ്ങൾ മാത്രം കാണുമ്പോൾ തന്നിൽ നന്മ എവിടെയെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ ആദ്യം അത് കണ്ടെത്തുക. അതിനെ വളർത്തി എടുക്കുക. ഞാൻ പാപിയാണ് എന്ന തോന്നൽ ആത്മഹത്യാജനകമാണ്. തന്നിലുള്ള നന്മ കണ്ടെത്തി അതിനെ വളർത്താൻ ശ്രമിച്ചാൽ അത്

പ്രത്യാശജനകമാണ്. നന്മ വളർത്തി എടുക്കാൻ ശ്രമിച്ചാൽ തിന്മ നശിച്ചുകൊള്ളും. നന്മ തന്നെയാണ് തിന്മയുടെ പ്രായശ്ചിത്തം അത് മനസ്സിൽ ഉരുവിട്ടുകൊണ്ട് ഒരു കാര്യവുമില്ല. അത് നിന്ക്ക് താൽക്കാലിക മാനസിക സംതൃപ്തി നൽകുന്നതല്ലാതെ അതുകൊണ്ട് ഒരു കാര്യവുമില്ല. തന്നിലുള്ള നന്മയെ കണ്ടെത്തുന്നതിനേക്കാൾ പ്രയാസമാണ് തിന്മയെ കണ്ടെത്തുക എന്നത്. നിരന്തരം ശ്രമിച്ചാൽ അത് നിങ്ങൾക്ക് സാധിക്കും. തിന്മയെ വലിച്ചെറിയാൻ നിങ്ങൾക്ക് കഴിയും. പരസ്യമായി ആത്മനിന്ദ നടത്തിയ ന്യൂട്ടനെ മറ്റൊരാൾ അതേ വാക്കുകളുപോയോഗിച്ച് പരനിന്ദ നടത്തി. അത് കേട്ട ന്യൂട്ടൻ ക്രോധം കൊണ്ട് വിറച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. ആദ്യം നീ പരസ്യമായി ആത്മനിന്ദ നടത്തു. എന്നിട്ട് നീ പരനിന്ദ നടത്തികൊള്ളൂ. ക്രോധം കൊണ്ട് വിറച്ചുനിൽക്കുന്ന ന്യൂട്ടനെ കണ്ട് പരനിന്ദ നടത്തിയ ആൾ ഓടിപ്പോയി. പരനിന്ദ നടത്തുന്നവർ അവരുടെ അൽപത്ത്വം കൊണ്ടാണ് എന്ന് ന്യൂട്ടന് അറിയാമായിരുന്നു. തന്നെതന്നെ പരസ്യമായി നിന്ദിക്കുന്ന സ്വഭാവകാരനാണ് ന്യൂട്ടൻ. മറ്റുള്ളവർ ന്യൂട്ടനെ നിന്ദിച്ചാൽ അത് ന്യൂട്ടന് സഹിക്കാൻ കഴിയുമായിരുന്നില്ല. ആധുനിക മനഃശാസ്ത്രം പറയുന്നത് ന്യൂട്ടൻ പരസ്യമായി ആത്മനിന്ദ നടത്തിയിരുന്നെങ്കിലും ഉള്ളിന്റെ ഉള്ളിൽ ആത്മപ്രശംസ നടത്തിയിരുന്നു. ആത്മനിന്ദ ആത്മഹത്യാജനകമാണ് എന്ന് ഇന്ത്യൻ വേദാന്തവും പറയുന്നു. ന്യൂട്ടന്റെ ആത്മനിന്ദ മനുഷ്യനെ വഴികാട്ടാൻ വേണ്ടിയായിരുന്നു. ആരാണോ സ്വയം അഹങ്കാരമില്ല എന്ന് പറഞ്ഞ് നിന്റെ മുന്നിൽ കൈക്കൂപ്പുന്നവനാണ് ഏറ്റവും വലിയ അഹങ്കാരി. അവനിൽ കാപട്യമുണ്ട്. അഹങ്കാരമുണ്ട് എന്നു പറയുന്നവൻ നിഷ്കളങ്കനാണ്. അവനെ നിങ്ങൾക്ക് വിശ്വസിക്കാം. അഹമുള്ളതുകൊണ്ട് ഈ ലോകം നിലനിൽക്കുന്നത്. അതിനെ നിയന്ത്രിച്ച് ഉപയോഗിക്കുകയാണ് വേണ്ടത്. യൂദാസ് എളിമയും വിനയവും സ്നേഹവും പ്രകടിപ്പിച്ചാണ് യേശുവിനെ ഒറ്റിക്കൊടുക്കുന്നത്. ഇവ മൂന്നിന്റെയും വിപരീതഫലങ്ങളാണ് യൂദാസിന്റെ ഉള്ളിലുണ്ടായിരുന്നത്. യൂദാസ് യേശുവിനെ ചുംബിച്ചതിന്ശേഷം യേശുവിന്റെ മറുപടി കേട്ടാണ് യൂദാസ് യേശുവിനെയും തന്നെയും തിരിച്ചറിഞ്ഞത്. അപ്പോൾ യൂദാസിന് വലിയ പാപബോധമുണ്ടായി അത് വളരെ വൈകിപ്പോയിരുന്നു. തന്നിലുള്ള നന്മയെ കണ്ടെത്താൻ അവൻ ശീലിച്ചിരുന്നില്ല. അതിനുള്ള സമയവും ഉണ്ടായിരുന്നില്ല. യേശുവിന്റെ കൂടെ കുറെ നാൾ നടന്നിട്ടും യേശുവിനെ അവൻ തിരിച്ചറിഞ്ഞില്ല. യേശുവിന്റെ അവസാനത്തെ മറുപടിയിലാണ് യൂദാസിന് അത്ഭുതം തോന്നിയത്. അവസാനം ഞാൻ എന്റെ കാര്യം പറയട്ടെ മറ്റുള്ളവരെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് തന്നെതന്നെ എനിക്ക് മനസ്സിലാകുന്നത്.

## കണ്ണ്

കണ്ണ് ഇടുന്നതിനെ കുറിച്ച് പലരും പറഞ്ഞ് കേട്ടിട്ടുണ്ടായിരിക്കും. കണ്ണ് ഇട്ടാൽ നാശങ്ങൾ സംഭവിക്കുമോ? നമ്മുടെ മനസ്സിലെ വിചാരങ്ങൾക്ക് പ്രപഞ്ചശക്തികളെ നിയന്ത്രിക്കാൻ കഴിയുമോ. ഒരു വശത്ത് അങ്ങിനെ വാദിക്കുന്നതരാണ് അധികവും. ഒരു വശത്ത് യുക്തിവാദികൾ മനസ്സിലെ വിചാരങ്ങൾക്ക് പ്രപഞ്ചശക്തികളെ നിയന്ത്രിക്കാൻ ആവില്ല എന്ന് വാദിക്കുന്നു. എങ്കിലും വൈജ്ഞാനികൾ പറയുന്നത് മനസ്സിലെ വിചാരങ്ങൾ പ്രപഞ്ചശക്തികളെ നിയന്ത്രിക്കുന്നു എന്ന് തോന്നുന്ന വിധത്തിലാണ് പ്രപഞ്ചചലനിയമം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നുത്. അതിന് ഒരു ഉദാഹരണമാകുന്നു കഥയിതാ.

കണ്ണ് ഇടലിനെ കുറിച്ച് ഭയങ്കര വിശ്വാസമുള്ള ഒരു സ്ത്രീ ബന്ധുവീട്ടിലെ പറമ്പിലെ ജാതിമരത്തിൽ ജാതിക്കായ സമൃദ്ധിയായി ഉണ്ടായിരിക്കുന്നത് കണ്ട് ആ സ്ത്രീയിൽ അസൂയ ഉണ്ടായി. ബന്ധുവീട്ടിലെ ആളുകളുമായി ഈ സ്ത്രീ ശത്രുതയിലാണ്. ഈ സ്ത്രീ ബന്ധുവീട്ടിലെ ജാതിമരം നോക്കി പല

വട്ടം കണ്ണ് ഇട്ടു. എന്റെ അമ്മോ എന്തോരം ജാതിക്കായണ് ഉണ്ടായിരിക്കുന്നത്. ഇങ്ങനെ പലപ്രാവശ്യം കണ്ണ് ഇട്ടിട്ടും ജാതിമരത്തിന് ഒന്നും സംഭവിച്ചില്ല. മാസങ്ങളും വർഷങ്ങളും കടന്നുപോയി. തന്റെ കണ്ണിന്റെ ശക്തി നഷ്ടപ്പെടുന്നവെന്ന് ആ സ്ത്രീ കരുതി. എങ്കിലും അസൂയാലുവായ സ്ത്രീ തോൽക്കാൻ തയ്യാറായില്ല. അടുത്ത വീട്ടിലെ സ്ത്രീയുടെ കണ്ണിന്റെ ശക്തി പരീക്ഷിക്കാൻ ആ സ്ത്രീ തീരുമാനിച്ചു. അങ്ങിനെ അടുത്ത വീട്ടിലെ സ്ത്രീയെ കൂട്ടിന് വിളിച്ചു എന്നിട്ട് പറഞ്ഞു. ആ ജാതി ഒന്നുനോക്കിയെൻ! അപ്പോൾ കൂട്ടിനു വന്ന നിഷ്കളങ്കയായ സ്ത്രീ പറഞ്ഞു: എന്റെ ദൈവമേ! എന്തോരം ജാതിക്കയാ ഉണ്ടായിരിക്കുന്നത്. അവരുടെ ഒരു ഭാഗ്യമേ. ആ സ്ത്രീ ഒന്നും അറിഞ്ഞ് പറഞ്ഞതല്ല. ഈ സംഭവത്തിന് ശേഷം രണ്ട് മാസം കഴിഞ്ഞപ്പോൾ രണ്ട് ജാതിയും ഉണങ്ങി പോയി. ജാതി ഉണങ്ങി പോകാൻ കാരണം മറ്റൊരു സംഭവമായിരുന്നു. പക്ഷെ ആരും അത് അന്വേഷിക്കാറില്ല. കണ്ണിന്റെ ശക്തി കൊണ്ടാണ് ജാതി മരം ഉണങ്ങിയതെന്ന് അസൂയാലുവായ സ്ത്രീ വിശ്വസിച്ചു.

സത്യത്തിൽ അവിടെ എന്താണ് സംഭവിച്ചത്. നല്ല മഴക്കാല സമയമായിരുന്നു. ആ സമയത്താണ് ബന്ധുവീട്ടിലെ സ്ത്രീയുടെ മകൻ ഗൾഫിൽ നിന്ന് വന്നത്. മകൻ ജാതിയിൽ സമൃതമായി ജാതിക്ക കണ്ടപ്പോൾ അതിന് വളമിടാൻ ജിജ്ഞാസയുണ്ടായി. ജാതിയുടെ കടയിൽ ധാരാളം പച്ച ചാണകം കൊണ്ട് ഇട്ടു. മഴക്കാലമായതുകൊണ്ട് മണ്ണിലെ സുഷിരങ്ങളെ ചാണകകളി അടച്ചു കളഞ്ഞു. വെള്ളം ജാതികടയിൽ കെട്ടിനിന്നു. രണ്ട് മാസം കഴിഞ്ഞപ്പോൾ രണ്ട് ജാതിയും ഉണങ്ങിപ്പോയി. ജാതി ഉണങ്ങി പോകാൻ കാരണമായത് ഈ സംഭവമായിരുന്നു. മറ്റൊരു ആളോട് ഈ കഥ പറഞ്ഞപ്പോൾ അയാൾ പറഞ്ഞു. സംഭവിക്കാൻ ഇരുന്നത് അസൂയാലുവായ സ്ത്രീയിൽ വെളിപ്പെട്ടതായി അയാൾ കരുതി. മറ്റൊരാൾ ഇങ്ങനെയാണ് പറഞ്ഞത്. ജാതിമരത്തിനു ചുറ്റും ഒരു മറ കെട്ടിയിരുന്നെങ്കിൽ ഒന്നും സംഭവിക്കുകയില്ലായിരുന്നു. അല്ലെങ്കിൽ മറ്റു മരങ്ങൾ ജാതിക്കു ചുറ്റും വളർത്തിയാൽ മതിയായിരുന്നു. മറ്റൊരു ആൽ വാസ്തു ശാസ്ത്രപരായാണ് സംസാരിച്ചത്. എന്തായാലും കണ്ണ് ഇടൽ നിരോപദ്രവകാരിയായ വിശ്വാസമാണ്. ആധുനിക ശാസ്ത്രം വെളിപ്പെടുത്തുന്നു. ഈ വിശ്വാസം ഇല്ലായിരുന്നെങ്കിൽ മനുഷ്യൻ കുടുതൽ ഉപദ്രവകാരിയായി മാറുമായിരുന്നു. കണ്ണ് ഇടൽ വിശ്വസിക്കുന്നവർ വിഢ്ഢികൾ മാത്രമല്ല പമ്പര വിഢ്ഢികൾ കൂടിയാണ്. കണ്ണ് ഇടലിൽ വിശ്വാസമുള്ളവർ അകാരണമായി മനുഷ്യരെ വെറുക്കകയും അവിശ്വസിക്കുകയും ചെയ്യുന്നു. എത്ര സ്നേഹിച്ചാലും അവർ ഈ ഒറ്റ കാരണം പറഞ്ഞ് നമ്മെ വെറുക്കാൻ മാത്രമേ ശ്രമിക്കൂ. അതുകൊണ്ട് ഇത്തരക്കാരുമായി അടുക്കുമ്പോൾ ശ്രദ്ധിക്കുക. കണ്ണ് ഇടൽ വിശ്വാസം ഒരു തരം ഭ്രാന്താണ് എന്ന് ആധുനിക സമൂഹം തിരിച്ചറിഞ്ഞ് കഴിഞ്ഞു.

## ***വടവൃക്ഷം***

ഒരു വലിയ നദീതീരത്ത് ഒരു തരിശ് ഭൂമി നിലനിന്നിരുന്നു. കാരണം ഭൂമിയുടെ വളരെ ആഴത്തിൽ വിശാലമായ ഒരു പാറയുടെ അസ്ഥിവാരം കിടന്നിരുന്നു. പാറയുടെ അരികിലൂടെ നദി ഒഴുകിയിരുന്നെങ്കിലും പാറയുടെ അപ്പുറത്തെ ഭൂമിയിൽ വെള്ളം ലഭിച്ചിരുന്നില്ല. അതുകൊണ്ട് അവിടെ കള്ളിച്ചെടികളും, കുറ്റിച്ചെടികളും, മുൾച്ചെടികളും മാത്രമേ വളർന്നിരുന്നുള്ളൂ. ഇവ ദുഷ്ടതയുടെ പ്രതീകങ്ങളാണെങ്കിലും എല്ലാത്തിനും സാക്ഷ്യമായി അവിടെ അവ നിലകൊണ്ടു. ആ ഭൂമിയിൽ വീഴുന്ന ഓരോ വിത്തും മുളക്കാതെ നശിച്ചുപോയി. മുളച്ചവ വെള്ളമില്ലാതെ കരിഞ്ഞുപോയി. അവിടെ കരിഞ്ഞുപോയ ഓരോ ചെടിയും ഇങ്ങനെ പ്രാർത്ഥിച്ചു. ആ വലിയ പാറ തകർന്നിരുന്നെങ്കിൽ ഞങ്ങൾക്കെല്ലാം സുഖ

മായി വളരാൻ കഴിയുമായിരുന്നു. ആ ചെടികൾ പ്രാർത്ഥിച്ചു. ദൈവമേ ആ പാറ തകർക്കണേ.

ഇവിടെ ജീവന്റെ ജലം വന്നാൽ ഫലവൃക്ഷങ്ങളും നല്ല ചെടികളും വളർന്ന് പന്തലിക്കും. അപ്പോൾ സൂര്യപ്രകാശം ലഭിക്കാതെ കള്ളിചെടികളും മുള്ളുചെടികളും താനെ അപ്രത്യക്ഷമായിക്കൊള്ളും. അങ്ങനെ അനേകനാളുകളുടെ പ്രാർത്ഥനയുടെ ഫലമായി ഒരുനാൾ ഒരു കാക്ക പാറയുടെ സമീപത്തേക്ക് പറന്നുവന്നു. ഒരു വടവൃക്ഷത്തിന്റെ വിത്ത് കാക്കയുടെ കൊക്കിൽ പറ്റിപിടിച്ചിരുന്നു. അകലെയുള്ള വൃക്ഷങ്ങളുടെ കൊമ്പിൽ കൊക്കിലെ വിത്ത് ഉരച്ച് കളയാൻ കാക്കക്കായില്ല. കാക്ക ഒരു പാറ തേടി അലഞ്ഞു. അവസാനം ഒരു നദിയുടെ തീരത്ത് ഒരു വലിയ പാറ ഉയർന്ന് നിൽക്കുന്നത് കണ്ടു. കാക്കക്ക് സന്തോഷമായി. കാക്ക പാറയുടെ ഏറ്റവും ദുർബലമായ ഭാഗത്ത് ചെന്ന് ഇരുന്നു. കൊക്ക് പാറിയ്ൽ ഉരച്ചു. വിത്ത് പാറയിൽ പറ്റിപിടിച്ചു. മഴക്കാലം വന്നു. 50 വർഷം കഴിഞ്ഞപ്പോൾ വടവൃക്ഷത്തിന്റെ വേര് പാറയുടെ ദുർബലമായ ഭാഗത്തേക്ക് ആഴ്ന്ന് ഇറങ്ങി. 150 വർഷം കഴിഞ്ഞപ്പോൾ വലിയ പാറ മൂന്ന് കഷണങ്ങളായി ഭൂമിയുടെ ഉള്ളിൽ തന്നെ പിളർന്നു. തരിശ് ഭൂമിയിലൂടെ വെള്ളം ആഴ്ന്ന് ഇറങ്ങി. അവിടെ നിന്ന് ഒരു അരുവി തരിശ് ഭൂമിയുടെ വളരെ ദൂരം ഒഴുകി. ഒഴുകിയ സ്ഥലമെല്ലാം പറുദീസയായി തരിശ് ഭൂമിയിൽ വീണ പുതുവിത്തുകൾ മുളച്ച് പൊങ്ങി. വടവൃക്ഷത്തെ എല്ലാ ചെടികളും വണങ്ങി. എന്നാൽ ചില വൃക്ഷതൈക്കൾ വടവൃക്ഷത്തെ പൂർണ്ണമായും അനുകരിക്കാൻ ശ്രമം തുടങ്ങി. വടവൃക്ഷം പറഞ്ഞു. എയ് വൃക്ഷതൈക്കളെ എന്നെ പൂർണ്ണമായും അനുകരിക്കാൻ ശ്രമിക്കരുത്. കാരണം എന്റെ ഫലം ഒരു ജീവിക്കും ഭക്ഷ്യയോഗ്യമല്ല. കാക്കകൾ എന്റെ ഫലം കൊത്തി തിന്നാൻ ശ്രമം നടത്തുന്നു. പക്ഷേ വിത്ത് അവയുടെ കൊക്കിൽ പറ്റിപിടിച്ച് അവക്ക് മറ്റൊന്നും തിന്നാൻ പറ്റാത്ത അവസ്ഥയിൽ എത്തുന്നു. അങ്ങനെയാണ് ആ പക്ഷി എന്നെ ഇവിടെ ഉപേക്ഷിച്ചത്. എന്റെ മരം ഒന്നിനും ഉപയോഗിക്കാൻ കഴിയില്ല. എന്റെ ഇലകൾ ഒരു ജീവിക്കും ഭക്ഷ്യയോഗ്യമല്ല. എങ്കിലും ഞാൻ വൃക്ഷങ്ങളുടെ രാജാവും ദേവവൃക്ഷവുമാണ് എങ്കിലും ഞാൻ ഒരു മരമാണ്. നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്ത കുറെ നിഗൂഢതകൾ എന്നിലുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് നിങ്ങളുടേതായ കഴിവുകൾ ദൈവം നിങ്ങൾക്ക് തന്നിട്ടുണ്ട്. അതിനെ വളർത്താൻ ശ്രമിക്കൂ. ഞാൻ ഒരു ദേവവൃക്ഷം തന്നെ എന്റെ പദവി കണ്ട് നിങ്ങളിൽ ആരും ഭ്രമിക്കരുത്. ഞാൻ ഒരു ദേവവൃക്ഷമാണ് എന്നുപറഞ്ഞ് നിങ്ങളിൽ പലരും വരും. അവരെല്ലാം വ്യാജന്മാരാണ്.

യേശു മുൻവിധി ചെയ്യുന്ന ആളായിരുന്നു. യേശു ത്രികാലം ജ്ഞാനിയായിരുന്നു. യേശുവിന് മുൻവിധി നടത്താൻ അധികാരമുണ്ടായിരുന്നു. യേശു മുൻവിധി ചെയ്താൽ അത് ഒരു തെറ്റ് അല്ല. നമ്മുടെ മുൻവിധികൾ പാപമായിതീരും. യേശുവിന്റെ പോലെ മരിച്ചവരെ ഉയർപ്പിക്കാനോ രോഗങ്ങളെ സൗഖ്യമാക്കാനോ ശ്രമിക്കരുത്. നിന്റെ പ്രാർത്ഥനയുടെ ഫലമായി എന്നിൽ ഒരു അത്ഭുതം നടക്കുന്നുവെന്ന് മറ്റൊരാൾ നിന്നോട് പറഞ്ഞാൽ നീ നിന്റെ പ്രാർത്ഥനയിൽ അഹങ്കാരം കൊള്ളരുത്. മറിച്ച് ഇങ്ങനെ പറയുക. നിന്റെ വിശ്വാസത്തിന്റെ ഫലമാണ് നിന്നിൽ നടന്ന അത്ഭുതം എന്ന് പറയുക. യേശുവും ഇങ്ങനെ തന്നെയാണ് സൗഖ്യമായവരോട് പറഞ്ഞത്. അത്ഭുതം നീ അറിയാതെയാണ് സംഭവിച്ചത്. അവൻ പറഞ്ഞപ്പോഴാണ് അത് നീ അറിഞ്ഞത്. യേശു നടത്തുന്ന ഓരോ അത്ഭുതവും യേശു മുൻകൂട്ടി അറിഞ്ഞിരുന്നു. നമ്മൾ ഒരാളെക്കുറിച്ചും മുൻവിധി നടത്താൻ നാം ആരും ത്രികാലജ്ഞാനികളല്ലോ. നോക്കൂ. അത്യാധുനിക കാലാവസ്ഥ പ്രവചനം പോലും 60% മാത്രമേ വിജയസാധ്യത കാണുന്നുള്ളൂ.

യേശുവിന്റെ ഓരോ പ്രവചനവും 100% വും ശരിയാകുന്നത് ബൈബിൾ വായിക്കുന്നവർക്ക്

അറിയാം. യേശുവിന് പ്രവചനങ്ങൾ പിഴക്കാറില്ല എന്ന് മനസ്സിലായില്ലെ. ഒരാൾ എന്നോട് പറഞ്ഞു. ഞാൻ പ്രവചനം നടത്തി അത് ശരിയാവുകയും ചെയ്തു. ഞാൻ പറഞ്ഞു. നാളെ നിനക്ക് എന്ത് സംഭവിക്കും എന്ന് നിനക്ക് പ്രവചിക്കാൻ ആവുമോ. അതുവേണ്ട അടുത്ത നിമിഷത്തിൽ ഞാൻ എന്ത് പറയും എന്ന് മുൻകൂട്ടി പറയുവാൻ നിനക്ക് ആവുമോ. അപ്പോൾ അയാളിൽ ഒരു ബോധോദയം ഉണ്ടായി. അയാൾ പറഞ്ഞു. അത് നീ പറഞ്ഞത് ശരിയാണ്. ഞാൻ പറഞ്ഞു. നിന്റെ പ്രവചനം ഒരു പൂച്ചഭാഗ്യംകൊണ്ട് സംഭവിച്ചതാവാം. അതുകൊണ്ട് നിന്റെ എല്ലാ പ്രവചനവും ശരിയായികൊള്ളണമെന്നില്ല. യേശുവിന്റെ ചെരുപ്പ് അഴിക്കാൻ പോയിട്ട് യേശുവിന്റെ അടുത്തെത്തൻ പോലും നാം യോഗ്യരല്ല. സാധാരണ ജ്ഞാനിക്ക് സംഭവിച്ചതിനുശേഷം തെളിവുകൾ കാണിച്ച് കുറ്റക്കാരൻ ആരാണ് എന്ന് ഊഹിച്ച് പറയുവാൻ ആവും. അത് 100% ശരിയായി കൊള്ളണമെന്നില്ല. അത് ഒരു മുൻവിധി എന്ന് പറയുക സാധ്യമല്ല.

## <u>*ഡ്രഗ് മാജിക്*</u>

ഈ മയക്കുമരുന്ന് വിരുദ്ധലേഖനം മദ്യത്തിൽ നിന്ന് മുക്തിനേടാൻ നിങ്ങളെ സഹായിക്കും. ഡ്രഗുകൾ നമ്മുടെ ശരീരത്തിൽ എങ്ങനെ പ്രവർത്തികുന്നു എന്നതിനെക്കുറിച്ച് വിശദമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചതാണ് ഡ്രഗ് മാജിക് എന്ന ലേഖന പരമ്പര. ലഹരി പരീക്ഷിക്കാൻ ആഗ്രഹമുള്ളവർക്കും അതിനെക്കുറിച്ച് അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും. തുടർന്ന് ഡ്രഗുകൾ ഉപയോഗിക്കാതെ ഇരിക്കാൻ അത് നിങ്ങളെ സഹായിക്കും. മദ്യമുക്തിനേടാൻ മറ്റു ഡ്രഗുകൾ നൽകി ലഹരിമുക്തി നൽകാം എന്നുള്ള അവകാശവാദങ്ങൾ പൊള്ളത്തരമാണ്. കാരണം അപ്പോൾ നീ അതിന്റെ അടിമയായിതീരും. ഡി അഡിക്ഷൻ സെന്ററുകലിൽ നിന്ന് മദ്യമുക്തിനേടി എന്ന് അവകാശപ്പെടുന്ന പലരും സ്വന്തം മനകരുത്തുകൊണ്ട് രക്ഷപ്പെട്ടവരാണ്. അത് ആന്റി ഡ്രഗ് ട്രീറ്റുമെന്റ് കൊണ്ടല്ല. അതിന് ഒരു ബാഹ്യശക്തിയുടെ ആവശ്യമില്ല എന്ന് ഈ ലേഖനം ചൂണ്ടിക്കാണിക്കുന്നു. വെബ്സൈറ്റുകളിൽ അത്യാധുനിക ലഹരിമുക്ത ആശയങ്ങൾ ലഭ്യമാണ്. എങ്കിലും പുതിയ തലമുറയും പഴയതലമുറയും അത് പൂർണ്ണമായും അംഗീകരിച്ചിട്ടില്ല. കാരണം അവർ തെറ്റായ ചില മാമൂലുകളുടെ പിന്നാലെ പോകുന്നു.

ഉറക്കഗുളിക വാരികോരി കഴിച്ചിട്ടും മൈക്കൽ ജാക്സന് ഉറക്കം വന്നില്ല. അവസാനം ഓപ്പറേഷൻ തിയ്യറ്ററിൽ രോഗികളെ മയക്കാൻ ഉപയോഗിക്കുന്ന മയക്കുമരുന്ന് ഉപയോഗിച്ച് മൈക്കൽ ഉറങ്ങാൻ ശ്രമിച്ചു. ഉറങ്ങാൻ ഒരു ബാഹ്യശക്തിയുടെ പ്രേരണ വേണമെന്ന് മൈക്കൽ വിശ്വസിച്ചു. ചികിസ്തച്ചിരുന്ന ഡോക്ടർമാരും അവനെ അങ്ങിനെ വിശ്വസിപ്പിച്ചു. അവസാനം അവൻ കുഴിയിൽ വീണു. അത് കഴിച്ചിട്ടും ഉറങ്ങാൻ കഴിയാതെ ആ മരുന്നിന്റെ പാർശ്വഫലത്തിന്റെ ശക്തിയാൽ ഹൃദയസ്തംഭനം മൂലം സുഖമായ ഉറക്കത്തിലാണ് ഇപ്പോൾ മൈക്കൽ. ആധുനികശാസ്ത്രത്തിന്റെ വളർച്ച ഇപ്പോൾ മൈക്കലിന്റെ ചികിത്സയിൽ അറിയാം. സെലിബ്രറി ജീവിതത്തിന്റെ പാർശ്വഫലം. ജീവിത്തിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു മരുന്നുകളെ ആശ്രയിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഉറങ്ങാനും ഉന്മേഷത്തിനും മാത്രമല്ല ഉറങ്ങാനും ഉണരുവാനും വളരെ മരുന്ന്. ഇത് ഭ്രാന്ത് അല്ലാതെ വേറെ എന്താണ് എന്ന് ഞാൻ ചോദിക്കുന്നു. ഡോക്ടർമാരുടേയും ഫാർമസിയുടേയും ഭാഗത്ത് നിന്നുണ്ടായ ധാർമ്മികമായ വീഴ്ച അദ്ദേഹത്തിന്റെ മരണത്തിനു കാരണമായി എന്നത് യു.എസ്.എ.യിൽ മാത്രമല്ല